# ജുവാൻ ജ്യോതി

A Spiritual Journal from OCD South Kerala Province
JANUARY 2021



ഏ.ഡി. 1-ാം നൂറ്റാണ്ടിൽ വി. പൗലോസ് ശ്ലീഹാ വിവിധ സഭാസമൂഹങ്ങൾക്കായി 14 ലേഖനങ്ങൾ എഴുതി. അതുപോലെ വി. പത്രോസ്, വി. യാക്കോബ്, വി. യോഹന്നാൻ എന്നീ അപ്പസ്തോലന്മാരും വ്യത്യസ്ത സഭാ സമൂഹങ്ങൾക്കായി ലേഖനങ്ങൾ എഴുതി. ഈ സഭാ സമൂഹങ്ങളുടെ ഇന്നത്തെ അവസ്ഥ നമുക്കു പരിശോധിക്കാം.

| ലേഖനം എഴുതപ്പെട്ട സഭാസമൂഹം | ഇന്ന് ഈ പ്രദേശം ഏത് രാജ്യത്തിൽ | നിലവിലെ വിശ്വാസം | സഭയുടെ അവസ്ഥ |
|---|---|---|---|
| 1. റോമ | ഇറ്റലി | ക്രിസ്ത്യൻ | സഭ ഉണ്ട് |
| 2. I കോറിന്തോസ് | ഗ്രീസ് | ക്രിസ്ത്യൻ | സഭ ഉണ്ട് |
| 3. II കൊറിന്തോസ് | ഗ്രീസ് | ക്രിസ്ത്യൻ | സഭ ഉണ്ട് |
| 4. ഗലാത്തിയ | ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 5. എഫേസോസ് | ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 6. ഫിലിപ്പിയ | മാസിഡോണിയ | ക്രിസ്ത്യൻ/ഇസ്ലാം | സഭ ഉണ്ട് |
| 7. കൊളോസോസ് | ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 8. I തെസലോനിക്ക | മാസിഡോണിയ | ക്രിസ്ത്യൻ/ഇസ്ലാം | സഭ ഉണ്ട് |
| 9. II തെസലോനിക്ക | മാസിഡോണിയ | ക്രിസ്ത്യൻ/ഇസ്ലാം | സഭ ഉണ്ട് |
| 10. I തിമോത്തിയൂസ് | ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 11. II തിമോത്തിയൂസ് | ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 12. തീത്തോസ് | ക്രേത്താസിലെ സഭ(ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 13. ഫിലെമോൻ | കൊളാസ്യ സഭ(ടർക്കി) | ഇസ്ലാം | സഭ ഇല്ല |
| 14. ഹെബ്രായർ | റോമിലെ സഭ(ഇറ്റലി) | ക്രിസ്ത്യൻ | സഭ ഉണ്ട് |
| 1. വി. യാക്കോബിന്റെ ലേഖനം | യൂദായ്ക്ക് വെളിയിലുള്ള യഹൂദ ക്രൈസ്തവർക്ക് | ഇസ്ലാം | സഭ ഇല്ല |
| 2. I വി. പത്രോസിന്റെ ലേഖനം | ഏഷ്യാമൈനർ ടർക്കിയിലുള്ള യഹൂദ ക്രൈസ്തവർക്ക് | ഇസ്ലാം | സഭ ഇല്ല |
| 3. II വി. പത്രോസിന്റെ ലേഖനം | ഏഷ്യാമൈനർ ടർക്കിയിലുള്ള യഹൂദ ക്രൈസ്തവർക്ക് | ഇസ്ലാം | സഭ ഇല്ല |
| 4. II വി. യോഹന്നാൻ | ഏഷ്യാമൈനർ ടർക്കി | ഇസ്ലാം | സഭ ഇല്ല |
| 5. II വി. യോഹന്നാൻ | ഏഷ്യാമൈനർടർക്കി | ഇസ്ലാം | സഭ ഇല്ല |
| 6. III വി. യോഹന്നാൻ | ഏഷ്യാമൈനർ ടർക്കി | ഇസ്ലാം | സഭ ഇല്ല |
| വി. യോഹന്നാന്റെ വെളിപാട് | ഏഷ്യാമൈനർ ടർക്കി (എഫേസോസിനു സമീപം പാത് മോസ് ദ്വീപ് ) | ഇസ്ലാം | സഭ ഇല്ല |

ക്രൈസ്തവവിശ്വാസത്തിന്റെ പിള്ളത്തൊട്ടിലുകളായി അറിയപ്പെട്ടിരുന്ന അതിപുരാതന ക്രിസ്തീയ സമൂഹങ്ങൾ ഇസ്ലാമിക ഭീകരതയുടെ വിവിധ കലങ്ങളിലുള്ള എന്നത്നഗ്നമായ സത്യമാണ്. ആവശ്യമായ മുൻകരുതലുകളെടുത്തില്ലെങ്കിൽ കേരള സഭയ്ക്കും വന്നനുഭവിക്കുക ഇതേ ദുരന്തമാണ്.

കടപ്പാട് : ജോർജ് സെബാസ്റ്റ്യൻ



# ജുവാൻ ജ്യോതി

വാല്യം 7 ▲ ലക്കം 68 ▲ ജനുവരി 2021

**ജുവാൻജ്യോതി ആശ്രമം**
അയിരൂർ പി.ഒ., കുറുമശ്ശേരി, എറണാകുളം - 683 579
ഫോൺ : 0484-2478242
*E-Mail : juanjyothi@gmail.com*

**രക്ഷാധികാരി**

റവ.ഡോ. വർഗ്ഗീസ് മാളിയേക്കൽ ഒ.സി.ഡി.

**ചീഫ് എഡിറ്റർ**

റവ.ഫാ. പോൾ ആൽബി ഒ.സി.ഡി.

**അസ്സോസിയേറ്റ് എഡിറ്റർ**

റവ.ബ്രദർ.മാർട്ടിൻ കാച്ചപ്പിള്ളി ഒ.സി.ഡി.
റവ.ബ്രദർ യേശുദാസ് അരേശ്ശേരിൽ ഒ.സി.ഡി.

**പത്രാധിപസമിതി**

റവ.ഫാ. ജോസ് തോമസ് ഒ.സി.ഡി.
റവ.ഫാ. മേരിദാസൻ ഒ.സി.ഡി.
റവ.ഫാ. ബിപിൻ പുത്തൻപറമ്പിൽ ഒ.സി.ഡി.
റവ.ഫാ.സോളമൻ വർഗ്ഗീസ് ഒ.സി.ഡി.
റവ.ഫാ.ബേസിൽ സ്റ്റീഫൻ ഒ.സി.ഡി.

**സർക്കുലേഷൻ മാനേജേഴ്സ്**

റവ.ബ്രദർ ബിബിൻ ബെനറ്റ് ഒ.സി.ഡി.
റവ.ബ്രദർ ജൂഡിൻ നസിയാൻസ് ഒ.സി.ഡി.
റവ.ബ്രദർ ആന്റണി ഫ്രാൻഗ്ലിൻ ഒ.സി.ഡി.

**ഡിസൈനിംഗ് & പ്രിന്റിംഗ്**

മൂഞ്ഞേലി പ്രിന്റേഴ്സ്, അങ്കമാലി
Mob. 9847529295, 0484-2452950
E-mail : moonjelyprinters@gmail.com

## ചുരുളഴിയുമ്പോൾ...

2 **മുഖജ്യോതി**

**നീ ചൊല്ലും കഥയിൽപോലും...** 4
ഫാ.ടോണി മുത്തപ്പൻ ഒ.സി.ഡി.

8 **ക്രൈസ്തവ കുടുംബം...**
ഫാ.ജോസഫ് ആന്റണി ഒ.സി.ഡി.

**കുടുംബം ഭൂമിയിലെ സ്വർഗ്ഗം** 10
ഫാ.ഡിക്സൻ ഒ.സി.ഡി.

12 **കുടുംബങ്ങൾ മാതൃസവിധത്തിൽ...**
ഫാ.സോളമൻ ചെമ്മരശ്ശേരി ഒ.സി.ഡി.

**സൈക്കോളജി** 14
ബിജോ ജോസഫ്

17 **കുടുംബങ്ങളും നഷ്ടപ്പെടുന്ന ധാർമ്മികതയും**
ബ്രദർ ജോനാഥ് ഒ.ഡി.ഡി.

**ദൈവഹിത പൂർത്തീകരണം...** 19
ബ്രദർ. ബിബിൻ ബെനറ്റ് ഒ.സി.ഡി.

21 **ജുവാൻ കഫേ**
സി.ടെസ ഒ.സി.ഡി.

**3 ജോസഫുമാരും 3 പ്രത്യേകതകളും** 23
ഫാ.ഫിൽസൺ ഫ്രാൻസിസ്

25 **വിശുദ്ധ ജോൺബോസ്കോ**
സി.നിർമ്മല എം.എസ്. CCR

**എൽ–റോയി ദൈവം എന്നെ കാണുന്നു** 27
ബ്രദർ യേശുദാസ് അരേശ്ശേരിൽ ഒ.സി.ഡി.

29 **സിക്കമൂർ മരത്തണലിൽ**
സി. അന്ന സനി DSA

**വചന വെളിച്ചം** 31

## മുഖജ്യോതി

# മനുഷ്യകുടുംബം ലോകത്തിലെ ദൈവിക സമൂഹം

"ജുവാൻ ജ്യോതി" കുടുംബത്തിലെ എല്ലാവർക്കും പുതുവർഷം '2021'-ന്റെ ആശംസകൾ, അനുഗ്രഹങ്ങൾ, പ്രാർത്ഥനകൾ, നന്മകൾ സസന്തോഷം, സസ്നേഹം, സൗഹൃദത്തോടെ പ്രാർത്ഥനയോടെ നേരുന്നു, ആശംസിക്കുന്നു. ഈ ലക്കത്തിൽ നമുക്ക് ഒന്ന് ശ്രദ്ധയോടെ "കുടുംബം" എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കാം, ധ്യാനിക്കാം, കുടുംബം എന്ന് കേൾക്കുമ്പോൾ ആ യാഥാർത്ഥ്യം ഇന്ന് കടന്നുപോകുന്ന ചില ചെറിയ വലിയ മാറ്റങ്ങളും പരിവർത്തനവും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. കേൾക്കുമ്പോൾ സംഗീതമുള്ളതു കുടുംബം, കൂടുമ്പോൾ ഇമ്പമുള്ളതു കുടുംബം, കാണുമ്പോൾ സൗന്ദര്യമുള്ളത് കുടുംബം, ജീവിക്കുമ്പോൾ സുഖമുള്ളതു കുടുംബം, ധ്യാനിക്കുമ്പോൾ പ്രാർത്ഥന ആകുന്നതു കുടുംബം. ഈ കാണുന്ന മനോഹരമായ ചിന്തകൾ, ഒരു യഥാർത്ഥ കുടുംബത്തിന്റെ ചില ക്രിയാത്മകമായ വശങ്ങളാണ്. നമ്മൾ സാധാരണ കേൾക്കാറുള്ളതു പോലെ ഒരു കുടുംബത്തിലെ അതിപ്രധാനമായ സാന്നിധ്യമാണ് ഒരു മനുഷ്യ വ്യക്തി. അതിനാൽ, ഒരു കുടുംബത്തിലെ ഓരോ വ്യക്തികളും നന്നായാൽ, ഒരു കുടുംബം നന്നാകും. ഒരു കുടുംബം എന്ന് പറയുന്നത്, ഒരു സമൂഹത്തിന്റെ ഏറ്റവും ചെറിയ രൂപമാണ്. ഓരോ കുടുംബം നന്നായാൽ ഒരു സമൂഹം നന്നാകും. സമൂഹം എന്നത് ഒരു കൂട്ടം കുടുംബങ്ങളുടെ കൂട്ടായ്മയാണ്. സമൂഹം നന്നായാൽ, ഒരു ദേശം നന്നാകും. സമൂഹങ്ങളുടെ ഒത്തൊരുമയാണ് ഒരു ദേശത്തിന്റെ ശക്തി. ഒരു ദേശം നന്നായാൽ, ഒരു രാജ്യം നന്നാകും. ഓരോ രാജ്യം നന്നായാൽ, ഈ ലോകം തന്നെ നന്നാകും. എത്ര മനോഹരമായ സങ്കൽപ്പം.നമ്മെ വീണ്ടും വീണ്ടും ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ആശയം.

ഒരു നല്ല മാതൃക കുടുംബം എന്ന് കേൾക്കുമ്പോൾ, നമ്മുടെ മനസ്സിൽ തെളിയുന്ന ചില ഗുണഗണങ്ങൾ ഉണ്ട്. അധികം ബലം പിടിത്തമില്ലാത്തതും, സൗഹൃദപരവും, തമാശ നിർഭരവുമായ ഒരു അന്തരീക്ഷം, എല്ലാവർക്കും എല്ലാവരേയും ഏതു സമയത്തും സമീപിക്കാനും ഒരുമിച്ചു സഹവസിക്കാനുമുള്ള ഒരു ഇടം, പരസ്പര വിശ്വാസവും, ധാരണയുമുള്ള ഒരു സ്ഥലം, സ്വന്തം വ്യക്തിത്വത്തെ വളർത്തുവാനും മറ്റുള്ളവരുടെ വ്യക്തിത്വത്തെ അംഗീകരിക്കാനുമുള്ള പ്രതീക്ഷയുടേയും പ്രത്യാശയുടേയും ഒരു കേന്ദ്രം. പരസ്പരം കൂറും ബഹുമാനവും,സ്നേഹവും, ശ്രദ്ധയും പരിപോഷിപ്പിക്കുന്ന ഒരു സ്ഥാപനം. അഭിപ്രായ സ്വാതന്ത്ര്യവും പരസ്പരം അംഗീകരിക്കുകയും വിലമതിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു വീട്. ഇതാണ് ആശയത്തിലും ആഗ്രഹത്തിലും തത്വപരമായും ദൈവികപരമായുമുള്ള ഒരു കുടുംബത്തിന്റെ നേർചിത്രം. എന്തുമാത്രം ഗുണഗണങ്ങളാൽ ഒരു കുടുംബം സമ്പന്നമാണ് അല്ലെങ്കിൽ സമ്പന്നമായിരിക്കണമെന്നു മുകളിലത്തെ വിവരണം വ്യക്തമാക്കുന്നു. എവിടെയോ വായിച്ചതോ കേട്ടതോ ആയി ഓർക്കുന്നു. "ക്രമം" (Order) ആയിരിക്കണം ഒരു കുടുംബത്തിന്റെ സൗന്ദര്യം, "സമാധാനം" (Peace) ആയിരിക്കണം ഒരു കുടുംബത്തിന്റെ ആനന്ദം; "അതിഥി സൽക്കാരം" (Hospitality) ആയിരിക്കണം ഒരു കുടുംബത്തിന്റെ മഹത്വം; "ആധ്യാത്മികത"(Spirituality) ആയിരിക്കണം ഒരു കുടുംബത്തിന്റെ മേൽക്കൂര; "സംതൃപ്തി" (contentment) ആയിരിക്കണം ഒരു കുടുംബത്തിന്റെ സ്വത്ത്.

എന്നാൽ ഇന്ന് ആധുനിക ലോകം നമുക്ക് മുന്നിൽ ശാസ്ത്ര സാങ്കേതിക വാർത്താവിനിമയ മാധ്യമങ്ങളിലൂടെ വച്ച് നീട്ടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ സമൂഹങ്ങൾക്കോ സാധിക്കാത്ത ഒരു സ്ഥിതി വിശേഷതത്തിലാണ് നാമിന്നു. ഇന്നത്തെ കുടുംബങ്ങളിൽ എന്തൊക്കെയോ അന്യമാകുന്ന അവസ്ഥയാണ്. മാതാപിതാക്കളുടെ സ്വരച്ചേർച്ചയില്ലായ്മയും ഒത്തൊരുമയുടെ അഭാവവും കുട്ടികളുടെ സമഗ്രമായ വളർച്ചയെ മുരടിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഇന്നത്തെ കുടുംബങ്ങളിൽ വ്യക്തിബന്ധങ്ങളേക്കാൾ സാധനസാമഗ്രികളിലുള്ള അനിയന്ത്രിതമായ ബന്ധത്തിൽ അകപ്പെട്ട അവസ്ഥയാണ്. വ്യക്തികളേക്കാൾ അധികമായി വസ്തുവകകളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണം ഇന്നത്തെ സമൂഹത്തിന്റെ വലിയ ശാപമാണ്. കാരണം കുടുംബങ്ങളിലാണ് യഥാർത്ഥമായ വ്യക്തി രൂപീകരണം നടക്കുന്നത്. കുടുംബങ്ങളുടെ ശിഥിലീകരണം വ്യക്തി സ്വാതന്ത്ര്യത്തിന്റെ നശീകരണത്തിന്റെ കാരണമാകുന്നു. ഇന്ന് ആധുനിക യുഗത്തിൽ മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്ന് പറയുന്നത്, സ്വന്തം (മനുഷ്യന്റെ) വ്യക്തിത്വത്തിന്റെ വിലയിടിവാണ്. ഇതാണ് ഇന്നിന്റെ മനുഷ്യന്റെ ഏറ്റവും വലിയ വെല്ലുവിളിയും, മനുഷ്യൻ അഭിമുഖീകരിക്കുന്ന ബൃഹത്തായ പ്രശ്നവും.

ഈശ്വര സായൂജ്യത്തിനായുള്ള മനുഷ്യന്റെ ദൈവാഹ്വാനമാണ് മനുഷ്യന്റെ മഹനീയതയുടെ അടിസ്ഥാനം. ഈ അവബോധമാണ്, സത്യമാണ്, ഭൗതികത്വത്തിന്റെയും നിരീശ്വരത്വത്തിന്റെയും അതിപ്രസരിപ്പിലും വേലിയേറ്റത്തിലും, അവമതിക്കപ്പെടുന്നത്, അവഗണിക്കപ്പെടുന്നത്.

"ആനന്ദവും പ്രതീക്ഷയും (*Gaudium et Spes*) എന്ന പ്രമാണരേഖയിലൂടെ തിരുസഭ നമ്മെ ഓർമപ്പെടുത്തുന്നു: ''ആധുനിക യുഗത്തിന്റെ പ്രമുഖസവിശേഷതകളിലൊന്ന് മനുഷ്യരുടെ ഇടയിൽ വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന പരസ്പരാശ്രയത്വബോധമാണ്. ഇന്നത്തെ സാങ്കേതിക പുരോഗതിയാണിതിന് പ്രധാനമായ നിദാനം. എന്നാൽ സാങ്കേതിക വികാസം ഒന്നുകൊണ്ടുമാത്രം സഹോദരജന്യമായ സമ്പർക്കങ്ങളും ഹൃദയം തുറന്ന സംഭാഷണവും പുഷ്ടി പ്രാപിക്കുകയില്ല. അഗാധവും വ്യക്തിപരവുമായ സുഹൃത്ബന്ധങ്ങൾ വഴിയാണ് ഇത് പ്രാവർത്തികമാക്കേണ്ടത്. മനുഷ്യ വ്യക്തിയുടെ സമഗ്രമായ ആത്മീയ ശ്രേഷ്ഠത ആസ്പദമാക്കിയുള്ള പരസ്പര ബഹുമാനം ഇതിനാവശ്യമാണ്.'' മനുഷ്യരാശി മുഴുവനും ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണ് സ്നേഹമെന്ന നിയമത്തിന്റെ പൂർത്തീകരണത്തിലൂടെ ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളായി മാറുന്നു. ''ആനന്ദവും പ്രതീക്ഷയും'' എന്ന പ്രമാണരേഖ പഠിപ്പിക്കുന്നപോലെ; "ദൈവത്തിന്റെ പദ്ധതിപ്രകാരം, ഒരു സാമൂഹ്യഘടകമായി രൂപംകൊള്ളാനല്ലാതെ, ഒറ്റതിരിഞ്ഞുള്ള ജീവിതം നയിക്കാനല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ഇപ്രകാരം തന്നെ പരസ്പരബന്ധമില്ലാത്ത ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിലല്ല ദൈവം മനുഷ്യനെ വിശുദ്ധീകരിക്കാനും രക്ഷിക്കാനും തിരുവുള്ളമായതും. സത്യത്തിൽ തന്നെ അറിയുകയും വിശുദ്ധിയോടുകൂടി അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ഒരു ജനമായിട്ടാണ്, രക്ഷാചരിത്രത്തിന്റെ ആരംഭംമുതൽ അവിടുന്ന് മനുഷ്യനെ തിരഞ്ഞെടുത്തത്... എല്ലാ മനുഷ്യർക്കും വിശേഷബുദ്ധിയുള്ള ആത്മാവുണ്ട്. എല്ലാവരും ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാവർക്കും ഓരോ വിധത്തിലുള്ള സ്വഭാവവും ഉൽപ്പത്തിയുമാണുള്ളത്. എല്ലാവരും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവരാണ്. എല്ലാവർക്കും ഒരേ ദിവ്യാഹ്വാനവും ജീവിതലക്ഷ്യവുമാണുള്ളത്. അതുകൊണ്ട് എല്ലാ മനുഷ്യർക്കുമുള്ള മൗലീകമായ സമത്വം കൂടുതൽ അംഗീകരിക്കപ്പെടണം. ശാരീരികവും മാനസീകവും ധാർമികവുമായ കഴിവുകളിൽ എല്ലാ മനുഷ്യരും തുല്യരല്ലെന്നത് ശരിതന്നെ. എങ്കിലും മനുഷ്യന്റെ മൗലീകവകാശങ്ങളെ സ്പർശിക്കുന്ന ഏതൊരു വിവേചനവും അതും സമൂഹത്തെയോ സംസ്ക്കാരത്തെയോ സംബന്ധിച്ചതാകട്ടെ, അല്ലെങ്കിൽ ലിംഗം, ജാതി, വർണ്ണം, സാമുഹ്യനില, ഭാഷ, മതം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ളതാകട്ടെ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കു വിരുദ്ധമെന്ന നിലയിൽ പരിവർജ്ജിക്കേണ്ടതും, പൂർണമായി ഉന്മൂലനം ചെയ്യേണ്ടതുമാണ്".

ഈ ഒരു സത്യം നമ്മുടെയെല്ലാം കുടുംബജീവിതത്തിന്റെ ഭാഗമാകുമ്പോൾ കുടുംബങ്ങൾ, ഭൂമിയിലെ സ്വർഗങ്ങൾ ആകുന്നു. ഇന്നത്തെ ലോകത്തിന്റെ പ്രലോഭനങ്ങളെ, ഒരു ഒറ്റപ്പെട്ട ദീപായി ജീവിക്കാനുള്ള പ്രവണതകളെ അതിജീവിക്കാൻ, മനുഷ്യനിലെ ദൈവിക, ധാർമിക, മാനുഷിക മൂല്യങ്ങളെ മുറുകെപ്പിടിച്ചു മുന്നേറുവാൻ മനുഷ്യൻ സ്വമേധയാ പരിശ്രമിക്കേണ്ടിയിരിക്കുന്നു. 'തിരുസഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ പഠിപ്പിക്കുന്നു: "പൈതൃക വാത്സല്യത്തോടെ ഓരോ മനുഷ്യനെയും പരിപാലിക്കുന്ന ദൈവത്തിന്റെ തിരുവിഷ്ടം മനുഷ്യരെല്ലാം ഒരേ കുടുംബാംഗങ്ങളെപോലെ സാഹോദര്യത്തിന്റെ പാവനചൈതന്യത്താൽ വർത്തിക്കണമെന്നാണ്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരെല്ലാവരും ഒരേ ഒരു ലക്ഷ്യത്തിലേക്കു ദൈവത്തിലേക്ക് വിളിക്കപ്പെട്ടി രിക്കുന്നു... ആത്മാർത്ഥത മുറ്റിയ ആത്മാർപ്പണ ത്തിലൂടെയല്ലാതെ അവർക്കു ആത്മസാക്ഷാൽക്കാരം പ്രാപിക്കുക അസാധ്യമാണ്."

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രത്യാശയുടേയും ഒരു നല്ല കുടുംബമാണ് ദൈവത്തിന്റെ സ്നേഹപദ്ധതിയിലെ ലക്ഷ്യം. അവിടെ സുവിശേഷമൂല്യങ്ങളും, മാനുഷിക മൂല്യങ്ങളും, ധാർമികമൂല്യങ്ങളും അതിന്റെ പൂർണരൂപത്തിൽ പരിശീലിക്കാനും ജീവിക്കാനുമുള്ള ഒരു സ്ഥലമായി നമ്മുടെ ഭവനങ്ങളും കുടുംബങ്ങളും മാറണം. അത് പൂർത്തീകരിക്കാൻ മനുഷ്യർക്കെ സാധിക്കൂ. നിങ്ങൾ എവിടെയാണെങ്കിലും-ഒരു സമൂഹത്തിലോ, കുടുംബത്തിലോ-എവിടെയാണെങ്കിലും നിങ്ങൾക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥന ഇതാണ്; നമ്മുടെ ഓരോരുത്തരുടേയും കുറവുകളും പരിമിതികളും ഒരിക്കലും നമ്മുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വികാസത്തിനും വളർച്ചയ്ക്കും വിഘാതമായി തീരാനോ വിഷലിപ്തമാക്കാനോ ഇടവരുത്താതിരിക്കട്ടെ. കുടുംബത്തിലെയും സമൂഹത്തിലേയും വിഷമങ്ങളേയും പ്രതിസന്ധികളേയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടേയും വഴികളിലൂടെ, തമ്മിലുള്ള സമ്പർക്കത്തിലൂടേയും പരിഹരിക്കുവാൻ സാധ്യമാകുമാറാകട്ടെ. ഈ പുതുവർഷം നമ്മുടെ കുടുംബങ്ങളിൽ ദൈവിക അനുഗ്രഹത്തിന്റെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐശ്വര്യത്തിന്റെയും ആനന്ദത്തിന്റെയും ആധ്യാത്മീകതയുടെയും ഒരു വർഷമായി ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരിക്കൽക്കൂടി പുതുവത്സരാശംസകൾ... തിരുകുടുംബം നമ്മുടെ കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും മാതൃകയായിരിക്കട്ടെ.

പ്രാർത്ഥനയോടെ
പോളച്ചൻ




# "നീ ചൊല്ലും കഥയിൽപോലും ഞാനില്ലെന്നറിയാം..."



ഫാ.ടോണി മുത്തപ്പൻ ഒ.സി.ഡി

ഇത്തവണത്തെ മികച്ച ചലച്ചിത്ര ഗാനരചയിതാവിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ സുജേഷ് ഹരിയുടെ 'പുലരിപ്പൂപോലെ ചിരിച്ചും' എന്ന് തുടങ്ങുന്ന പാട്ടിന്റെ അവസാന വരിയാണിത്. 'സത്യം പറഞ്ഞാ വിശ്വസിക്കുമോ?' എന്ന മലയാള സിനിമയ്ക്കുവേണ്ടിയാണ് അദ്ദേഹം ഈ ഗാനം രചിച്ചിരിക്കുന്നത്. മലയാളത്തിലെ മികച്ച വിരഹ ഗാനങ്ങളിലൊന്നായി എണ്ണപ്പെടാവുന്ന ഈ ഗാനം ഓർമ്മയിലെന്നും തളംകെട്ടി നിന്നവൾ ഓർമ്മകളായി ചുരുങ്ങിയതിന്റെ പരാതിയും പരിഭവവും നന്നായി കോർത്തിണക്കിയിട്ടുണ്ട്. എല്ലാമാണെന്നുള്ള പൊയ് വാക്കുകളുടെ കാഠിന്യവും 'ഒന്നുമല്ല' എന്ന യാഥാർത്ഥ്യത്തിന്റെ വേദനയും തീർക്കുന്ന വിരഹമാണ് ഈ വരികളിലെ മുഖ്യപ്രമേയം. ലൗകീക ജീവിതത്തിന്റെ മാത്രമല്ല ആത്മീയ ജീവിതത്തിന്റെയും അനിഷേധ്യമായ ഒരു ഭാവമാണ് വിരഹം. കാരണങ്ങൾ പലതുണ്ടാകാം വിരഹത്തിന് കളവുകൊണ്ടു വിരഹത്തെ സ്നേഹമാക്കി തീർക്കാനുള്ള പ്രവണത ലൗകീക ജീവിതത്തിലെ ന്നപോലെ ആത്മീയ ജീവിതത്തിലും ഉണ്ടെന്നു സമർത്ഥിക്കുന്നു ആവിലയിലെ വിശുദ്ധ അമ്മ ത്രേസ്യ. ഈ ആധ്യാത്മീക സ്നേഹമെന്നു നാം മുദ്രകുത്തുകയും എന്നാൽ യഥാർത്ഥത്തിൽ ആത്മീയ ശുഷ്കതയുമായ ഒരു വിരഹത്തെപ്പറ്റി അമ്മത്രേസ്യ തന്റെ മഠസ്ഥാപനചരിതത്തിൽ വിവരിക്കുന്നുണ്ട്. അതായതു യേശുവിനുവേണ്ടി ഞാൻ ചൊല്ലുന്ന കഥയിൽ എന്റെ യേശു ഇല്ലാതെ വരുന്നു എന്നിട്ടും ആവസ്തുത എനിക്ക് സ്വീകാര്യമാകുന്നില്ല. 'വിചിത്രമായ നേർവിപരീതം' എന്ന തലക്കെട്ടാണ് അമ്മത്രേസ്യ പ്രതിസന്ധിക്കു നൽകുന്നത്. കബിൽഡാ മഠത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെടുത്തിയാണ് അമ്മ ഈ പരമാർത്ഥം രേഖപ്പെടുത്തിയിരിക്കുന്നത്. കബിൽഡാ എന്ന് പെൺകുട്ടിയുടെ ജീവിതത്തെയും ദൈവവിളിയേയും മുൻനിറുത്തിയാണ് അമ്മ ത്രേസ്യ ഈ സത്യം വ്യക്തമാക്കുന്നത്. മഠസ്ഥാപനചരിത്രത്തിന്റെ പത്താം അദ്ധ്യായത്തിന്റെ പകുതിയും പതിനൊന്നാം അധ്യായം മുഴുവനും ഈ പെൺകുട്ടിയെപ്പറ്റി പറയാനാണ് അമ്മത്രേസ്യ വിനിയോഗിച്ചിരിക്കുന്നത് കഥയിലേക്ക് കടക്കാം നമുക്ക്.

**1. കുടുംബപശ്ചാത്തലം :** കാസ്റ്റിൽ ഗവർണരുടെ ഭാര്യയായിരുന്ന ഡോണാ മരിയാ അകൂനാ ആയിരുന്നു കസിൽഡായുടെ അമ്മ. അവർ ബൂവെന്തിയ അവർക്കു സമ്മാനമായി നല്കി അന്റോണിയോ, ലൂസിയ, മരിയ, പിന്നെ നമ്മുടെ കഥാനായിക കബിൽഡാ. ഭർത്താവിന്റെ മരണശേഷം തന്റെ നാലു മക്കളുടേയും ചുമതല ഈ അമ്മയിൽ നിക്ഷിപ്തമായി. ഈ അമ്മയുടെ വളർത്തു ഗുണത്തെപ്പറ്റി അമ്മത്രേസ്യ പറയുന്നത് ഇപ്രകാരമാണ് "കർത്താവു സ്വന്തമാക്കത്തക്കവിധം തന്റെ മക്കളെ അവർ പുണ്യത്തിൽ വളർത്തികൊണ്ടുവന്നു". ഇത്തരത്തിലുള്ള അമ്മമാർ മക്കൾക്ക് ഒരു അനുഗ്രഹമാണ് എന്നുകൂടി പറഞ്ഞുവയ്ക്കുന്നുണ്ട് അമ്മത്രേസ്യ: "കർത്താവേ മക്കൾക്ക് സ്ഥാനമാനങ്ങളും എസ്റ്റേറ്റുകളും സമ്പത്തും വേണ്ടെന്നും നിത്യസൗഭാഗ്യത്തിന് അർഹരായാൽ മതിയെന്നും വിചാരിക്കുന്ന മാതാതപിതാക്കന്മാരെ നല്കി അങ്ങ് അനുഗ്രഹിക്കുന്നവർക്ക് എത്രവലിയ അനുഗ്രഹമാണ് അങ്ങ് നല്കുന്നത്". കത്തോലിക്കാ മാതാപിതാക്കന്മാർക്ക് ഒരു ഉത്തമ മാതൃകയായിട്ടാണ്

ഡോണാമരിയാ അകൂനായെ അമ്മത്രേസ്യ പ്രതിഷ്ഠിക്കുന്നിതിവിടെ. ഈ അമ്മയുടെ ജീവിത വിശുദ്ധിയെപ്പറ്റി അമ്മത്രേസ്യ സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്. "മരിയാ വളരെ ചെറുപ്പമായിരുന്നുവെങ്കിലും വളരെ പരിശുദ്ധമായ ജീവിതമാണ് നയിച്ചിരുന്നത്. ഭർത്താവിന്റെ മരണശേഷം സ്വത്തുക്കൾക്കു മാത്രമല്ല സഹോദരൻ മക്കളില്ലാതെ മരിച്ചതുകൊണ്ടു സഹോദരന്റെ സ്വത്തുക്കൾക്കും ഡോണാ മരിയാഅകൂനാ അർഹയായി. ക്രമേണ ഈ സമ്പത്തൊക്കെയും അവളുടെ മക്കൾക്ക് വന്നുചേരണമായിരുന്നു.

**2. കർത്താവിന്റെ ഇടപെടൽ:** "കർത്താവു ഒരാളെ സ്വന്തമാക്കണമെന്നു നിശ്ചയിക്കുമ്പോൾ സൃഷ്ടികൾക്ക് അതു തടയുവാൻ കഴിയുകയില്ല എന്നുള്ളതാണ് വാസ്തവം". അമ്മത്രേസ്യായുടെ ഉറപ്പുണ്ട് ഈ വരിക്ക്. ഇതുതന്നെയാണ് ഡോണമരിയാ അകൂനയുടെ മക്കളുടെ കാര്യത്തിലും സംഭവിച്ചത്. അമ്മയുടെ വിശുദ്ധി മക്കളിലേക്കു പകർന്നൊഴുകി. അന്റോണിയോ ലോകത്തിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കിയപ്പോൾ തന്റെ അകവാശം സഹോദരിമാർക്കുവേണ്ടി മാറ്റിവച്ചുകൊണ്ടു ഈശോസഭയിൽ ചേർന്നു. ലൂസിയ കുടുംബസ്വത്ത് ഉപേക്ഷിച്ച് വിവാഹം കഴിക്കാൻ ഉദ്ദേശിക്കാതെ നിത്യകന്യകാ വ്രതമെടുത്തു. അമ്മയോടൊപ്പം മാതൃകാപരമായ ജീവിതം നയിക്കാൻ തുടങ്ങി.ആ കാലഘട്ടത്തിൽ ഇത് അനുവദനീയമായിരുന്നിരിക്കണം. മരിയയാകട്ടെ ചെറുപ്പത്തിലെ വല്ലഡോളിലെ ഒരു ഡൊമിനിക്കൻ മഠത്തിൽ ചേർന്നു. ഏക ആൺതരി സന്യാസം സ്വീകരിച്ചത് ചാർച്ചക്കാർക്ക് ഇഷ്ടമായില്ലെങ്കിലും അമ്മക്കതു ഏറെ ആനന്ദം നല്കി. മകൻ വ്രതവാഗ്ദാനം ചെയ്ത ദിവസം തനിക്ക് അനുഭവപ്പെട്ടിടത്തോളം സന്തോഷം മറ്റൊരു സന്ദർഭത്തിലും അനുഭവപ്പെട്ടില്ലെന്നു തന്റെ കുമ്പസാരക്കാരന്റെ മുമ്പിൽ ആ അമ്മ ഒരിക്കൽ ഏറ്റുപറയുകയുണ്ടായി. മറ്റു കുട്ടികളും ദൈവത്തിനുവേണ്ടി ലോകത്തെ ഉപേക്ഷിച്ചത് ആ അമ്മയുടെ സന്തോഷം വർദ്ധിപ്പിച്ചതേയുള്ളു. അമ്മത്രേസ്യാക്കു ഈ മക്കളെപ്പറ്റി പറയാനുള്ളത് ഇതാണ്. "ലോകനിവാസികളിൽ ലോകം പരിപൂർണ്ണ നിയന്ത്രണം ചെലുത്തുന്ന ഈ യുഗത്തിൽ ലോകത്തെ ചവിട്ടിമെതിച്ച ഈ യുവാവും യുവതിയും (ലൂസിയായെയും കൂടി ഈ ഗണത്തിൽപെടുത്താവുന്നതാണ്) ദൈവത്തിന്റെ അനുഗ്രഹപാത്രങ്ങളായി തീർന്നിരിക്കുന്നു". ആദ്യത്തെ മൂന്നുപേരും ദൈവത്തെ തിരഞ്ഞെടുത്തപ്പോൾ കുടുംബസ്വത്തു മുഴുവനും അടുത്ത ഏക അനന്തരാവകാശിയായ കസിൽഡാക്കു വന്നുചേർന്നു.

**3. വിവാഹാന്തസ്സിലേക്കുള്ള ക്ഷണം:** കുടുംബസ്വത്തു അന്യാധീനപ്പെടാതിരിക്കാൻവേണ്ടി ബന്ധുക്കൾചേർന്നു കസിൽഡായുടെ വിവാഹം അവളുടെ അച്ഛന്റെ സഹോദരനായ മാർട്ടിനുമായി ഉറപ്പിച്ചു. അമ്മത്രേസ്യയുടെ വിവരണം അനുസ രിച്ചു ഈ വിവാഹത്തിനു വേണ്ടിയുള്ള അനുമതി അവർ മാർപ്പാപ്പയിൽ നിന്നും വാങ്ങിയിട്ടുണ്ടായിരുന്നു. ഇങ്ങനെയൊരു നീക്കത്തിലൂടെ കുടുംബ സ്വത്തു മാത്രമല്ല ഗവർണ്ണർ പദവിയും തങ്ങളുടെ കുടുംബത്തിനായി നിലനിർത്താൻ അവർക്കു സാധിച്ചു. കസിൽഡായുടെ വിവാഹ സ്വപ്നങ്ങളെ അമ്മത്രേസ്യ വിവരിക്കുന്നത് ഇപ്രകാരമാണ്: "പ്രായത്തിൽ കവിഞ്ഞ എരിവോടുകൂടെ അവൾ വരനെ സ്നേഹിച്ചിരുന്നു". എന്നാൽ അത്രയും നല്ല ഒരു അമ്മയും സഹോദരനും സഹോദരിമാരും ഉണ്ടായിരുന്ന അവൾ ലോകത്താൽ വഞ്ചിതയാകരുത് എന്നതായിരുന്നു ദൈവതിരുമനസ്സ്.

**4. മനശ്ചാഞ്ചല്യം:** മക്കളൊക്കെയും നിത്യസൗഭാഗ്യം കരസ്ഥമാക്കണം എന്നത് ഡോണാ മരിയാ അകൂനയുടെ മുട്ടിപ്പായ പ്രാർത്ഥനയായിരുന്നു. അതുകൊണ്ടുതന്നെയാണ് കസിൽഡായുടെ മനമാറ്റത്തിന് മുഖ്യകാരണം ആ അമ്മയുടെ അപേക്ഷകളായിരുന്നെന്നു അമ്മത്രേസ്യ വാദിക്കുന്നത്. മനപരിവർത്തനത്തിലേക്ക് കസിൽഡായെ നയിച്ചസംഭവങ്ങൾ അമ്മത്രേസ്യ വിവരിക്കുന്നത് ഇപ്രകാരമാണ്. ഒരിക്കൽ "നിയുക്ത വരനോടുകൂടെ അവൾ ഒരു ദിവസം ചെലവഴിച്ചു... പ്രസ്തുത ദിനം സമാപിച്ചപ്പോൾ അവൾക്കു സങ്കടംവന്നു. ദിവസങ്ങളിങ്ങനെയാണല്ലോ ഓരോന്നായി സമാപിക്കുകയെന്നു അവൾക്കു തോന്നി. ഹാ ദൈവത്തിന്റെ മഹത്വം! നശ്വരമായ വസ്തുക്കളിൽ നിന്നുണ്ടായ ആനന്ദം പ്രദാനം ചെയ്ത സൗഭാഗ്യത്തെ അവിടന്ന് വിരസമാക്കി". മറ്റൊരിക്കൽ ഭാവിവരനു ഒരു വിദൂരസ്ഥലത്തേക്കു യാത്ര ചെയ്യേണ്ടിവന്നു. അദ്ദേഹത്തെ വളരെ സ്നേഹിച്ചിരുന്നതുകൊണ്ടു ഈ യാത്ര കസിൽഡായിൽ ഏറെ സങ്കടം ഉളവാക്കി. എന്നാൽ കർത്താവ് ഈ അകൽച്ച സത്യവും നിത്യവുമായാൽ അവളുടെ ആത്മാവ് അന്ത്യമില്ലാത്ത സൗഭാഗ്യത്തിലേക്കു നീങ്ങുമെന്നു വ്യക്തമാക്കി. ഒടുവിലായി വല്ലഡോളിലെ കർമ്മെല മാതാവിന്റെ കൺസെപ്ഷൻ കോൺവെന്റിലെ ഒരു സഹോദരിയുടെ തിരുവസ്ത്ര സ്വീകരണ ചടങ്ങിൽ പങ്കെടുത്തപ്പോൾ അവിടത്തെ ദാരിദ്ര്യം അവളെ വശീകരിക്കുകയും അവിടെ കർത്താവിന് ഉത്തമ സേവനം നല്കാൻ തനിക്കും സാധിക്കും എന്ന

ബോധ്യം അവളിൽ ഉളവാക്കുകയും ചെയ്തു. കാര്യം ഇത്രയൊക്കെയായിട്ടും തന്റെ നിയുക്ത വരനെ ഉപേക്ഷിക്കുവാൻ അവൾ ഇനിയും തയ്യാറായിരുന്നില്ല.

**4. തിരികെ ആത്മീയ പാതയിൽ:** മുകളിൽ പ്രതിപാദിച്ച കാര്യങ്ങൾ ഭാവിവരനെ അവളിൽ നിന്നും അകറ്റിയില്ലെങ്കിൽത്തന്നെയും ചില മാറ്റങ്ങൾക്കു അവളെ വിധേയയാക്കി. താൻ ഇങ്ങനെയായിരുന്നില്ല മുൻപ് എന്നതാണ് ഇതിൽ പ്രധാനം. വിവാഹനിശ്ചയത്തിനു മുമ്പ് അവൾ കുറച്ചു സമയം ദിനംപ്രതി പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവൾക്ക് കൊന്തചൊല്ലാൻ പോലും ഇഷ്ടമല്ലാതെയായിട്ടുണ്ട്. ഏഴുവയസ്സുമുതൽ അവൾ അമ്മയോടുകൂടെ ഏതെങ്കിലും ഒരു പ്രാർത്ഥനാലയം ചിലപ്പോഴെങ്കിലും സന്ദർശിച്ചിരുന്നു. ഇപ്പോൾ തന്റെ ഭാനിവരനെ സന്ദർശിക്കുന്നത് മാത്രമായി അവളുടെ വിനോദം. കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി പലവുരു ധ്യാനിക്കണമെന്നു അമ്മയിൽ നിനന്നും പഠിച്ച വ്യക്തി ഇപ്പോൾ കർത്താവിനെപ്പോലും തിരിഞ്ഞു നോക്കാതെയായി. അടുത്തടുത്തു കുമ്പസാരിക്കുന്ന അവളുടെ മുമ്പത്തെ ശീലം ഇപ്പോൾ പൂർണമായും അവളിൽനിന്നും മാഞ്ഞിരിക്കുന്നു. തന്റെ വഴി തെറ്റാണെന്ന് ബോധ്യപ്പെട്ടപ്പോൾ തിരികെ നടക്കാൻ ഉറച്ചു അവൾ. സഹോദരങ്ങളോടൊപ്പം അമ്മ തന്നെയും ദൈവത്തിനു കാഴ്ചവച്ചതാണെന്നും തന്റെ മക്കളെ ലോകത്തിൽനിന്നെടുക്കുവാനുള്ള അമ്മയുടെ പ്രാർത്ഥന തനിക്കുവേണ്ടി കൂടെയായിരുന്നെന്നു ഓർത്തപ്പോൾ ഇനി തിരികെ ലോക ജീവിതത്തിലേക്കല്ല എന്ന് ഉറപ്പിച്ചവൾ.

**5.മഠത്തിലേക്ക്:** കർത്താവു തനിക്കായിത്തന്നെ തെരഞ്ഞെടുത്തിരിക്കുന്നവരെ ക്രമേണ മാനുഷീക സ്നേഹത്തിൽനിന്നും സ്വതന്ത്രമാക്കുകയും എല്ലാം ഉപേക്ഷിക്കാനുള്ള അവരുടെ ആഗ്രഹം വർധിപ്പിക്കുകയും ചെയ്യും. ലോകം തന്നെ ഇനിയും ചീത്തയാക്കുമെന്നും മഠത്തിലെ പ്രവേശനം തന്റെ രക്ഷ സുദൃഢമാക്കുമെന്നും സ്പഷ്ടമായപ്പോൾ രണ്ടും കൽപ്പിച്ചു മഠത്തിൽ പ്രവേശിച്ചവൾ. ആദ്യ ഉദ്യമത്തിൽ ദൈവവിളി പരിശോധിക്കേണ്ടതുണ്ട് എന്ന കാരണം നിരത്തി അവളെ പുറത്തെത്തിത്തുവാൻ അവളുടെ ബന്ധുക്കൾക്കു സാധിച്ചു. നിരുത്സാഹത്തിന്റേതായിരുന്നു പിന്നീടുള്ള നാളുകൾ. അവളുടെ ആഗ്രഹം വെറും ബാലിശമാണെന്നും വിവാഹജീവിതത്തിലും അവൾക്കു കർത്താവിനെ സ്നേഹിക്കാനാവും എന്നതിനുള്ള കാരണങ്ങൾ ഒന്നൊഴിയാതെ നിരത്തിയവർ. പക്ഷെ അവളുടെ ആഗ്രഹം ഒന്നിന്നൊന്നു വർദ്ധിച്ചതേയുള്ളു. അവളുടെ രണ്ടാമത്തെ ഉദ്യമവും രാജകല്പനയുടെ പിൻബലത്തോടെ അസാധുവാക്കുവാൻ അവർക്കു സാധിച്ചു. ധർമ്മം കൊടുത്തു ദൈവത്തെ കൂടുതൽ തീക്ഷ്ണമായി സേവിക്കാമെന്നുള്ള ഭാവിവരന്റെ വാക്കുകൾ വിലപ്പോയില്ലെന്ന് മാത്രമല്ല അത് അവളിൽ അദ്ദേഹത്തിനോടുള്ള വെറുപ്പ് സൃഷ്ടിക്കുവാൻകൂടി കാരണമായി. അന്തസ്സിനടുത്ത സൗകര്യങ്ങൾ ആസ്വാദിക്കണമെന്ന മുതിർന്നവരുടെ ഉപദേശവും പാഴായിപ്പോയി അവളിൽ. അമ്മയുടെ കാരണമായ നിശബ്ദതയും അവളുടെ തീരുമാനത്തിൽ മാറ്റമൊന്നും വരുത്തിയില്ല. (അമ്മയുടെ ഈ നിശബ്ദത അവളുടെ ദൈവവിളി ഒന്നുകൂടി പരീക്ഷിച്ചറിയുന്നതിനുവേണ്ടിയായിരുന്നു). അവളുടെ നിശ്ചയത്തിന് മാറ്റം വരുത്താൻ കഴിയില്ലെന്ന് കണ്ടപ്പോൾ അവളുടെ ചേച്ചി ചേർന്ന മഠത്തിൽ ചേരാൻ അനുവാദം നല്കാമെന്നായി ബന്ധുക്കൾ. പക്ഷേ കാർമ്മൽ അവളുടെ ഹൃദയം പൂർണമായും കവർന്നിരുന്നു. മൂന്നാമത്തെ ഉദ്യമത്തിൽകർത്താവിനു സ്വന്തമാകുന്നതിൽ നിന്നും അവളെ പിന്തിരിപ്പിക്കാൻ ആർക്കും സാധിച്ചില്ല. അങ്ങനെ അവൾ കാർമ്മലിലെ കർത്താവിനു സ്വന്തമായി.

**6. കസിൽഡായുടെ കഥയിൽ കർത്താവു മാത്രമായി നായകൻ:** കസിൽഡായുടെ മഠത്തിലെ ജീവിതം അമ്മത്രേസ്യ വിവരിക്കുന്നത് ഇപ്രകാരമാണ്:“സർവേശരൻ അവൾക്കു വളരെയേറെ ആധ്യാത്മീകനുഗ്രഹങ്ങൾ നല്കാൻ തുടങ്ങി. മഹാസന്തോഷത്തോടും അഗാധമായ എളിമയോടും എത്രയും സമ്പൂർണമായ നിർമലതയോടും അവൾ ദൈവത്തെ സേവിക്കാൻ തുടങ്ങി. സമ്പന്നവേഷം ദീർഘമായി അണിഞ്ഞിരുന്ന ഒരാളെ ദരിദ്രവേഷം കൊണ്ട് സംതൃപ്തയാക്കിയ സർവേശരൻ അനുഗ്രഹീതനാകട്ടെ. ദരിദ്രവേഷം അവളുടെ സൗന്ദര്യത്തെ ആവരണം ചെയ്തില്ല. കർത്താവ് അവൾക്കു സ്വാഭാവികവും അദ്ധ്യാത്മീകവുമായ അനുഗ്രഹങ്ങൾ നല്കിയിരുന്നു. അവളുടെ പ്രകൃതിയും ബുദ്ധിശക്തിയുംവളരെ ആകർഷകമാ യിരുന്നതുകൊണ്ട് സർവേശ സ്തുതിപാടാൻ എല്ലാ കന്യാസ്ത്രികളെയും പ്രേരിപ്പിക്കുന്നതിനു അവൾക്കു കഴിഞ്ഞു”.

**7. കഥയിലെ ഗതിമാറ്റം:** മഠസ്ഥാപന ചരിതത്തിലെ കസിൽഡായുടെ കഥക്ക് ഒരു ശുഭപര്യവസാനമാണുള്ളത്. എന്നാൽ അഞ്ചു വർഷങ്ങൾക്കുശേഷം അവളുടെ കഥയിൽ വന്ന മാറ്റം വ്യക്തമായി വിവിരിക്കുന്നുണ്ട് അമ്മതത്രേസ്യ തന്റെ കത്തുകളിൽ. നിത്യസൗഭാഗ്യത്തിനുവേണ്ടി

ലേകസൗഭാഗ്യങ്ങൾ ഉപേക്ഷിച്ച കസിൽഡാ പിന്നെ ലോകതാല്പര്യങ്ങളെ മുൻനിർത്തി ദൈവമൊരുക്കിയ പാതയിൽ നിന്നും പിന്തിരിയുന്നുണ്ട്. ദൈവിളി ഉപേക്ഷിക്കുന്നില്ലെങ്കിൽ തന്നെയും സ്വയം പാതയൊരുക്കുന്നതിൽ അപകടം വളരെ വലുതാണ്. കുടുംബസ്വത്തു തന്നെയായിരുന്നു ഇവിടെയും പ്രശ്നം. കസിൽഡാ കാർമ്മലിൽ ചേർന്നപ്പോൾ തന്റെ സ്വത്തുവകകൾ ഒന്നുംതന്നെ ഉപേക്ഷിച്ചിട്ടില്ലായിരുന്നു. രണ്ടു സാധ്യതകളാണ് അവൾക്കു മുന്നിൽ ഉണ്ടായിരുന്നത്. കാർമ്മലിൽ മരിക്കുകയാണെങ്കിൽ അവളുടെ സ്വത്തു മുഴുവനും മഠത്തിനു സ്വന്തമാകും. അതിനുമുമ്പ് കാർമ്മൽ വിടുകയാണെങ്കിൽ സ്വത്തു മുഴുവനും അവൾക്കു കൂടെ കൊണ്ടുപോകാം. പണത്തിനു മുകളിൽ പരുന്തും പറക്കില്ലെന്നല്ലേ ചൊല്ല്. അതുകൊണ്ടുതന്നെയാകാം ഈ കാര്യത്തിൽ ഇടപെടണമെന്ന് വല്ലഡോളിഡ് മഠത്തിന്റെ സുപ്പീരിയർ ആയിരുന്ന മരിയ ബൗതിസ്റ്റാ ആവശ്യപ്പെട്ടപ്പോൾ ഒരിക്കലുമില്ലെന്ന് അമ്മത്രേസ്യ തീർത്തു പറഞ്ഞത്. കസിൽഡായുടെ വ്രതവാഗ്ദാനത്തിനുമുമ്പ് അവളുടെ സ്വത്തു മുഴുവനും മഠത്തിനു നൽകാമെന്ന് ഡോണ മരിയ അകൂനയും സമ്മതിച്ചിരുന്നു.

പക്ഷെ അഞ്ചു വർഷങ്ങൾക്കുശേഷം അമ്മയിൽ ഉണ്ടായ മനമാറ്റം (എല്ലാം മക്കളും ഒരു പോലെ തന്റെ സ്വത്തു വകകൾക്കു അവകാശികളാണ്) കസിൽഡായെ വല്ലഡോളിലെ കാർമ്മലിൽ നിന്നും ബൂർഗോസിലെ ഒരു ഫ്രാൻസീസ്കൻ മഠത്തിലെത്തിച്ചു. കാർമ്മലിൽ തുടർന്നാൽ കുടുംബ സ്വത്തു മുഴുവനും ഒന്നൊഴിയാതെ കാർമ്മലിൽ വന്നുചേരും എന്നതായിരുന്നു ഇതിൻഫെ പിന്നിലെ കളി. ക്രമേണ അവൾ ബുർഗോസിലെ ആ മഠത്തിലെ സുപ്പീരിയർ ആയിതീർന്നു. സ്വത്തു കൊണ്ടു സഭാധികാരംപോലും വിലക്കുവാങ്ങാവുന്ന സാധ്യത ഇന്നും തുറന്നു കിടക്കുകയാണല്ലോ. ഈ അമ്മതന്നെ ഫ്രാൻസിസ്കൻ സഭാംഗമായതന്റെ മകൾ മരിയയെ ആ മഠം വിടുന്നതിനു വേണ്ടി പ്രേരിപ്പിച്ചു. പോരാത്തതിന് നിത്യകന്യകാ വ്രതം എടുത്തു ജീവിച്ച തന്റെ മകൾ ലൂസിയയ്ക്കു വേണ്ടി ആ വ്രതത്തിൽ നിന്നും അവളെ ഒഴിവാക്കാ നുള്ള അനുവാദം റോമിൽനിന്നും സംഘടിപ്പിക്കുകയും അവളെ തന്റെ ഭർത്താവിന്റെ അനിയനായ മാർട്ടിനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ചെയ്തു. സ്വത്തിന്റെ ഒരു ഭാഗം മൂത്തമകൻ ആന്റോണിയയുടെ ഈശോ സഭയ്ക്ക് ഒരു സർവ്വകലാശാല നിർമ്മിക്കുവാൻ ലഭിക്കുകയും ചെയ്തു. സ്വത്തുവേണ്ട ഈശോ മതി എന്നു പറഞ്ഞ എല്ലാവരും തന്നെ ഒടുവിൽ ഈശോയുടെ പേരുംപറഞ്ഞ് സ്വത്തു വിഹിതത്തിൽ പങ്കുപറ്റി. എന്നിട്ടും അവർ പറഞ്ഞു കൊണ്ടിരുന്നു തങ്ങളുടെ കഥയിലെ നായകൻ ഈശോതന്നെയെന്ന്. ഈ കഥ നമ്മുടെ ഹൃദയത്തെ എവിടെയെങ്കിലും സാരമായി സ്പർശിച്ചിട്ടുണ്ടെങ്കിൽ, എന്തെങ്കിലും സമാനത ഈ കഥയുമായി നാം കണ്ടെത്തുന്നുവെങ്കിൽ ഓർക്കുക, ഈശോക്ക് നമ്മോടുപറയാനുള്ളത് ഇത്രമാത്രം “നീ ചൊല്ലും കഥയിൽപോലും ഞാനില്ലെന്നറിയാം....”

**8. മറക്കാൻ പാടില്ലാത്ത സത്യം :** അവർക്കു പറ്റിയ പിഴവ് എന്താണെന്നു അമ്മത്രേസ്യ വ്യക്തമാക്കുന്നുണ്ട്: ‘‘ഓ യേശുക്രിസ്തുവേ, നിത്യപിതാവിന്റെ പുത്രാ, ഞങ്ങളുടെ കർത്താവേ, സകലത്തിന്റെയും യഥാർത്ഥ രാജാവേ, അങ്ങയുടെ അനന്തരവർക്കു അങ്ങയുടെ ഓഹരിയായി എന്താണ് വച്ചിട്ടുള്ളത്? എന്റെ കർത്താവെ ക്ലേശങ്ങളും വേദനകളും നിന്ദനങ്ങളുമല്ലാതെ അങ്ങേയ്ക്ക് എന്താണ് കൈവശമായിട്ടുള്ളത്? മരണമാകുന്ന കയ്പേറിയ പാനിയം കുടിക്കുമ്പോൾ അങ്ങ് വിശ്രമിച്ചത് ഒരു തടിക്കഷ്ണത്തിലാണല്ലോ. എന്റെ ദൈവമേ അങ്ങയുടെ യഥാർത്ഥ മക്കളാകാൻ ആഗ്രഹിക്കുകയും പിതൃസ്വത്ത് ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവർ സഹനത്തിൽനിന്ന് ഓടിപ്പോകരുത്. അങ്ങയുടെ കിരീടം അഞ്ചു മുറിവുകളാണ്. എന്റെ മക്കളെ അവിടത്തെ രാജ്യം കൈവശമാക്കാനുള്ള നമുക്കുള്ള ഉപകരണവും അതുതന്നെയാണ്. തന്റെ രക്തംകൊണ്ട് കർത്താവ് നമുക്ക് വാങ്ങിത്തന്നിട്ടുള്ളത് സുഖസൗകര്യധനമാനങ്ങൾകൊണ്ട് നമുക്ക് സംസിദ്ധമാകയില്ല. കുലീനവംശജരെ, ദൈവസ്നേഹത്തെ പ്രതി നിങ്ങളുട കണ്ണുകൾ തുറക്കുക. യേശുക്രിസ്തുവിന്റെ യോദ്ധാക്കളും തിരുസഭയുടെ രാജകുമാരന്മാരുമായ വി. പത്രോസിനെയും വി. പൗലോസിനെയും കണ്ടാലും! നിങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗത്തിലൂടെ അവരൊരിക്കലും നടന്നിട്ടില്ല. നിങ്ങൾക്കുവേണ്ടി ഒരു പുതിയ വഴി വെട്ടിതെളിക്കുന്നതിലേക്കാണ് നിങ്ങളുടെ ഭാവനയുടെ നീക്കം.

തുടക്കത്തിൽ ഈശോ മതിയാകും എന്ന് പറയുവാൻ എളുപ്പമാണ് എല്ലാവർക്കും തുടർന്നും ഈശോ മതിയാകും എന്ന് ഉരിയാടാൻ പ്രത്യേക അനുഗ്രഹവും പരിശ്രമവും വേണ്ടിയിരിക്കുന്നു.



ഫാ.ജോസഫ് ആന്റണി ഒ.സി.ഡി

# ക്രൈസ്തവ കുടുംബം ഗാർഹിക സഭയും പുണ്യ വിദ്യാലയവും

1) പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ 2014-ജൂൺ മാസത്തിൽ റോമിൽവച്ച് നടത്തപ്പെട്ട 37-ാമത് National Convention of the Renewal of the Spirit എന്ന ചടങ്ങിൽ വച്ച് കുടുംബങ്ങളോട് അഭിസംബോധന ചെയ്തു കൊണ്ട് ഇപ്രകാരം പറഞ്ഞു. “യേശു വളരുന്ന ഗാർഹീക സഭകളാണ് കുടുംബങ്ങൾ. അവിടെ വധൂവരന്മാരുടെ സ്നേഹത്തിലും, മക്കളുടെ സ്നേഹത്തിലും യേശു വളരുന്നു. അതുകൊണ്ടാ ണ് പലപ്പോഴും ശത്രുവായ പിശാച് കുടുംബത്തെ ഉപദ്രവിക്കുന്നത്. പിശാചിന് സ്നേഹകുടുംബം ഇഷ്ടമല്ല. അവൻ അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു’’ഈ വാക്കുകളിലൂടെ ദൈവിക പദ്ധതിപ്രകാരമുള്ള കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നതിനും, അതിനെ ശിഥിലമാക്കാനുള്ള ശത്രുവിന്റെ കെണികളെക്കുറിച്ച് ബോധവാന്മാരാകുവാനും പരിശുദ്ധ പിതാവ് തിരുസഭാമക്കളെ ക്ഷണിക്കുന്നു.

2) സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണ്. ക്രിസ്തു ശിരസ്സും വിശ്വാസികൾ അവയവങ്ങളുമാണ്. ക്രിസ്തുവിന്റെ സാർവത്രിക സഭ (Universal Church) യുടെ പരമാധികാരി റോമിലെ മെത്രാനായ പരിശുദ്ധ മാർപ്പാപ്പയും രൂപതാ സഭയുടെ (Diacesian Church) പരമാധി കാരി രൂപതാ മെത്രാനും, ഇടവകസഭ യുടെ (Parish Church) അദ്ധ്യക്ഷൻ വികാരിയച്ചനും ഗാർഹിക സഭയുടെ (Domestic Church) ഉത്തരവാദിത്വം മാതാപിതാക്കൾക്കുമാണ്. സഭയുടെ ഏറ്റവും ചെറിയ സമൂഹമായതുകൊണ്ടാണ് കുടുംബത്തെ ഗാർഹിക സഭ എന്നു വിശേഷിപ്പിക്കുന്നത്. 21-ാം നൂറ്റാണ്ടിൽ കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനപരമായ പ്രശ്നത്തിലേക്കും, മറഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു വലിയ സത്യത്തിലേക്കും ഫ്രാൻസീസ്പാപ്പ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു ‘‘ക്രിസ്തീയ ദമ്പതിമാരിൽ ക്രിസ്തു തന്നെതന്നെ സന്നിഹിതനാക്കുകയും വിവാഹമെന്ന കൂദാശയിലൂടെ അവരോടൊപ്പം വസിക്കുകയും ചെയ്യുന്നു. ദമ്പതികൾ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുകയും ഗാർഹികസഭ രൂപപ്പെടുത്തുകയും ചെയ്യുന്നു” (AMORIS LAETITIA) (N.67)

3) യേശുവിന്റെ കുടുംബത്തിൽ വസിക്കാനുള്ള ആഗ്രഹം തിരിച്ചറിയാത്തതും, യേശുവിന്റെ സാനിധ്യം തിരിച്ചറിയാത്തതുമാണ് ഇന്നിന്റെ എല്ലാ കുടുംബ പ്രശ്നങ്ങൾക്കും അടിസ്ഥാന കാരണം. സ്നേഹ തന്നെയായ ദൈവം കുടുംബങ്ങളിൽ വസിക്കുവാനും തന്റെ സ്നേഹം നിറയ്ക്കുവാനും. കുടുംബത്തെ വിശുദ്ധീകരിക്കുവാനും ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് അവിടന്ന് വിവാഹത്തെ ഒരു കൂദാശയായി ഉയർത്തുകയും ആർക്കും വേർപിരിക്കാനാകാത്ത തന്റെ സ്നേഹത്താൽ അവരെ വിവാഹത്തിൽ ഐക്യപ്പെടുത്തിയതും. ദൈവിക കരത്തിൻ കീഴിൽ ശക്തി പ്രാപിക്കുവാൻ പിതാവ് എല്ലാ

കുടുംബങ്ങളേയും ക്ഷണിക്കുന്നു. "വിവാഹത്തിന്റെയും കുടുംബത്തിന്റയും മൂല്യം കാണുവാനും മഹാമനസ്കത(Generosity), അർപ്പണബോധം (Committment) വിശ്വസ്തത (Fidelity), ക്ഷമ (Patience) എന്നീ പുണ്യങ്ങളാൽ ശക്തമാക്കപ്പെട്ട സ്നേഹത്തിൽ സ്ഥിരപ്പെടാനുള്ള ക്ഷണമാണ് നൽകുന്നത്". (AMORIS LAETITIA) (N.5)

4) കുടുംബം പുണ്യങ്ങളുടെ ഒരു പ്രാഥമികവിദ്യാലയമാണ്. "പ്രായത്തിലും, ജ്ഞാനത്തിലും ദൈവകൃപയിലും" (ലൂക്ക:2/52) കുടുംബത്തിൽ വളർന്ന യേശുവിനെപ്പോലെ തങ്ങളുടെ മക്കളെ മാതാപിതാക്കൾ മാനുഷിക-സാമൂഹിക-ക്രിസ്തീയ, ആദ്ധ്യാത്മീക മൂല്യങ്ങൾ പഠിപ്പിക്കുന്നതും പുണ്യങ്ങൾ അഭ്യസിപ്പിക്കുന്നതുമാണ് ഒരു പാഠ്യശാലയാണ് കുടുംബം. ഈ വലിയ രൂപീകരണം നടക്കുന്നത് ദൈവിക സാന്നിധ്യത്തിലും പ്രാർത്ഥനാ അന്തരീക്ഷത്തിലുമാണ്. അതുകൊണ്ട് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. "ക്രൈസ്തവകുടുംബം പ്രാർത്ഥനയുടെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥലമാണ്. കൗദാശിക വിവാഹത്തിന്റെ അടിസ്ഥാനത്തിൽ കുടുംബം ഒരു ഗാർഹിക സഭയാണ്. അവിടെ ദൈവമക്കൾ പ്രാർത്ഥിക്കുവാനും പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കാനും പഠിക്കുന്നു." (C.C.C: 2685).

5) ഗാഢമായ മനുഷ്യബന്ധത്തിന്റെ ഉറവിടവും പാരമ്യവുമാണ് കുടുംബം. മനുഷ്യൻ ജനിക്കുന്നതും, വളരുന്നതും, മനുഷ്യനാകുന്നതും കുടുംബാന്തരീക്ഷ ത്തിലാണ്. "മനുഷ്യൻ ഒരു സാമൂഹിക ജീവി ആയതിനാൽ" (ARISTOTLE, POLITICS Book.1), സമൂഹത്തിലെ കെട്ടുറപ്പുള്ള വ്യക്തിയാക്കി മാറ്റുന്ന രൂപീകരണമാണ് യേശു മാതാപിതാക്കളിലൂടെ കുംടുംബങ്ങളിൽ നടത്തുന്നത്. കുടുംബത്തിന്റെ ഈ ഉത്തരവാദിത്വത്തെക്കുറിച്ച് വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ അപ്പസ്തോലിക ആഹ്വാനത്തിൽ നമ്മെ പഠിപ്പിക്കുന്നു. "ദൈവത്തിന്റെ പദ്ധതിയനുസരിച്ച് സ്ഥാപിക്കപ്പെട്ട ആഴമായ സ്നേഹത്തിന്റെയും, ജീവന്റെയും സമൂഹമാണ് കുടുംബം" 4 പ്രധാനപ്പെട്ട ചുമതലകളാണ് കുടുംബത്തിനുള്ളത്. 1) വ്യക്തികളെ രൂപീകരിക്കുന്ന സമൂഹം (Forming a community of persons), 2) ജീവനെ സേവിക്കുന്ന കുടുംബം (Serving Life), 3) സമൂഹത്തിന്റെ വികസനത്തിൽ പങ്കു വഹിക്കുന്ന കുടുംബം (Participating in the development of Society), 4) സഭയുടെ ജീവിതവും, ദൗത്യവും പങ്കിടുന്ന കുടുംബം(Sharing the life and mission of the Church),FAMILIARIS CONSO RTIO, N-17)

6) ക്രൈസ്തവ കുടുംബമായാലും സന്യാസകുടുംബമായാലും എല്ലാ കുടുംബങ്ങളും നസ്രത്തിലെ തിരുക്കുടുംബത്തെ നോക്കി അനുകരിച്ചു ജീവിക്കുവാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്നു AMORIS LAETITIA) (N.30) താൻ കാരണം ആരും വേദനിക്കരുത് എന്നാഗ്രഹിക്കുന്ന നീതിമാനായ <മത്താ: 1/19.) യൗസേപ്പിതാവും അമലോദ്ഭവ കന്യകയും, "ദൈവകൃപ നിറഞ്ഞവളു"മായ (ലൂക്ക.1/28) പരിശുദ്ധ കന്യാമറിയവും, "പാപമൊഴികെ മറ്റെല്ലാറ്റിലും നമുക്കു സദൃശ്യനായി" <ഹെബ്ര: 4/15), മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവും അടങ്ങുന്ന തിരുക്കുടുംബം നസ്രത്തിലെ കുടുംബജീവിതത്തെ "ഭൂമിയിലെ സ്വർഗം" ആക്കി മാറ്റി. യേശുവിനെ കേന്ദ്രമാക്കി , വലയം ചെയ്തുകൊണ്ടാണ് പരിശുദ്ധ കന്യകാമറിയവും വി. യൗസേപ്പിതാവും ജീവിച്ചത്. എല്ലാ ക്രൈസ്തവ കുടുംബങ്ങളും, സന്യാസ കുടുംബങ്ങളും നസ്രത്തിലെ തിരുക്കുടുംബത്തോടൊപ്പമാണ് ജീവിക്കേണ്ടത്. ഈ സത്യം മനോഹരമായി വി. അമ്മത്രേസ്യ പഠിപ്പിക്കുന്നു. "നമ്മുടെ ഭവനത്തിന്റെ ഒരു വാതിൽ വി. യൗസേപ്പിതാവും, മറുവാതിൽ പരിശുദ്ധ കന്യകാമറിയവും കാത്തുസൂക്ഷിക്കുന്നു. യേശുക്രിസ്തു മദ്ധ്യത്തിൽ, വീടിനുള്ളിൽ നമ്മോടൊപ്പം വസിക്കുന്നു. അങ്ങനെ നമ്മുടെ ഭവനം ആതിപ്രസരിപ്പോടെ പ്രകാശിക്കുന്ന ഒരു നക്ഷത്രമാകും." (ആത്മകഥ 32/11).

7) വി. പൗലോസ് അപ്പസ്തോലന്റെ കുടുംബാംഗങ്ങൾക്കു നൽകുന്ന ആഹ്വാനം വളരെ ശക്തമാണ്: " ഒരാൾ തന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ (ഉത്തരവാദിത്വങ്ങൾ) നിറവേറ്റുന്നില്ലെങ്കിൽ അവൻ വിശ്വാസം ത്യജിച്ചവനും അവിശ്വാസിയേക്കാൾ ഹീനനുമാണ്".<1 തിമോ: 5/8>തിരുക്കുടുംബത്തോടൊപ്പം വളർന്നുകൊണ്ടും, നമ്മുടെ ക്രൈസ്തവ ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ടും നമുക്കു നമ്മുടെ കുടുംബത്തെ "ഒരു ഗാർഹിക സഭ"(Lumen Gentium,II) യായും, ആഴമായ മനുഷ്യത്വത്തിന്റെ വിദ്യാലയമായും (Gaudium et Spes.52) മാറ്റി, "കർത്താവായ യേശുവിൽ വിശ്വസിച്ചുകൊണ്ട് രക്ഷിക്കപ്പെട്ട കുടുംബമായി " (അപ്പ: 16/31) തീരാം.



ഫാ. ഡിക്സൺ ഒ.സി.ഡി.

# "കുടുംബം ഭൂമിയിലെ സ്വർഗ്ഗം"

ഒരുമയുടെ ജീവിതത്തിന്റെ, പങ്കുവയ്ക്കലിന്റെ സമ്മേളനവേദിയാകുന്ന വിശുദ്ധമായൊരിടത്തെക്കുറിച്ച് നാം പറയുന്ന പേരാണ് കുടുംബം. കൂടുമ്പോൾ ഇമ്പമുള്ള ഇടം. കുടുംബം എന്നത് ദൈവം കണ്ണാടിയിലൂടെ നോക്കുകയും കാണുകയും അവന്റെ നിർമ്മിതിയിലെ ഏറ്റവും സുന്ദരമായ് രണ്ട് അത്ഭുതങ്ങളായിട്ടാണ് ജീവിതം പങ്കുവയ്ക്കാനൊരിടം ആയിട്ടും സ്നേഹം പങ്കുവയ്ക്കുന്ന പുണ്യസ്ഥലമായിട്ടും കുടുംബജീവിതം അരംഭിക്കുന്നതും സ്നേഹം തുടരുന്നതുമായൊരിടം. മദർ തെരേസ ഇങ്ങനെ ഒരു വാക്ക് എഴുതിവെച്ചിട്ടുണ്ട്. ലോകത്തെ നന്നാക്കണമെന്ന് നിനക്ക് ആഗ്രഹമുണ്ടെങ്കിൽ, ആദ്യം നീ നിന്റെ ഭവനത്തിലേക്ക് പോകുക നിന്റെ കുടുംബത്തെ സ്നേഹിക്കുക. സ്നേഹം അവസാനിക്കാത്തൊരിടത്തിന്റെ പേരാണ് കുടുംബം. അത് സ്നേഹംകൊണ്ട് നിർമ്മിച്ച ചെറിയ ലോകമാണ്. പരസ്പരം സ്നേഹിച്ചും ആ ലോകം സുന്ദരമാക്കുക. പ്രിയപ്പെട്ടവരുടെ സന്തോഷത്തിന് തോറ്റുകൊടുത്തു തന്നെയാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം അനുഭവിക്കുന്ന ഒരു വിശുദ്ധയിടമായി അത് മാറുന്നത്. മണ്ണും കല്ലും ചേർത്തുവച്ച് കെട്ടിപ്പൊക്കുന്ന ഒരിടത്തിന്റെ പേരല്ല കുടുംബം. മനസും ഹൃദയവുമൊക്കെ സമ്മേളിക്കുന്ന ഒരിടത്തിന്റെ പേരാണ് കുടുംബം. ഒരു രക്തബന്ധത്തിന്റെ കഥമാത്രമല്ല അത്. സ്നേഹബന്ധങ്ങൾ ഇഴുകിചേർന്ന ഒരിടത്തിന്റെ പേര് കൂടിയാണത്. നമ്മുടെ കൈവിരലുകൾക്ക് സമാനമാണ് ആ കൈവിരലുകൾ ഒന്ന് മാറ്റി ഒന്ന് മറ്റൊന്നിനേക്കാൾ വ്യത്യസ്തതയാർന്ന ആണെങ്കിലും , ഒരുപോലെ സഞ്ചരിക്കുമ്പോൾ കൈകൾക്ക് ബലമുണ്ടാവുകയുള്ളു അതുപോലെ തന്നെയാണ് കുടുംബവും. വ്യത്യസ്ത സ്വഭാവമുള്ളവരാണെങ്കിലും ഒരുപോലെ നിൽക്കുമ്പോഴേ അതിന് ഇമ്പം ഉണ്ടാകുകയുള്ളി. കുടുംബം എന്ന് നാം പറയുന്നതുപോലും ഈ കൂട്ടിന്റെ, ഒന്ന്ചേരലിന്റെ, പങ്കുവയ്ക്കലിന്റെ രസത്തെക്കുറിച്ചാണ്. അല്ലാത്തതെല്ലാം കെട്ടുകഥകളിലെ പോലെ ആരൊക്കെയോ ബോധ്യപ്പെടുത്തുവാൻവേണ്ടി മാത്രമുള്ള വെറും ആൾക്കൂട്ടങ്ങൾ മാത്രമായി മാറപ്പെടും. കുടുംബം ഒരു കൂറ്റൻ മരമാണ്. അമ്മ എന്നവേരിലും, അപ്പൻ എന്ന ശിഖരത്തിലും വിരിഞ്ഞ കിളികളാണ് നമ്മളൊക്കെ. എത്ര ദൂരേക്ക് പറന്നാലും, എത്ര ഉയരത്തിൽ പറന്നാലും ചിറക് തളരുമ്പോൾ, ചിന്തകൾ ഉഴറുമ്പോൾ, നമ്മൾ ചേക്കേറുന്ന നമ്മുടെ ഏറ്റവും സുന്ദരമായൊരിടം . നമ്മുടെ മനസിന്റെ, സ്പന്ദനങ്ങൾ തിരിച്ചറിയുന്ന ഒരു സ്നേഹകൂടാരം. പ്രശ്നങ്ങളില്ലാത്ത ഒരിടത്തെക്കുറിച്ചല്ല. പ്രസരിപ്പുകൾ നിലനിൽക്കുന്ന ഒരിടത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. അപ്പനും, അമ്മയും, മക്കളും ചേരുന്ന വാത്സല്യം തൂകുന്നൊരിടം. കുറവുകളും പരിമിതികളും പരസ്പരം മനസിലാക്കുന്നൊരിടം. സ്നേഹം ധാരാളമായി വർഷിക്കപ്പെടന്നൊരിടം. ഇല്ലായ്മകളും ഉള്ളതുമൊക്കെ

ഒരുപോലെ പങ്കിടുവാൻ മനസാകുന്നൊരിടം. പരാതികൾക്കും പരിഭവങ്ങൾക്കും, പരിധികൾക്കു മൊക്കെ പരിഹാരങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കുന്നൊരിടം. എത്ര അകലങ്ങളിൽ പോയാലും തിരികെ ചേക്കേണണമെന്ന് ആഗ്രഹിക്കുന്നൊരിടം. നന്മകൾ പൂക്കുന്നൊരിടത്തെ കുറിച്ചാ ദൈവത്തിന്റെ ഏറ്റവും വിശിഷ്ടമായ ഒരു നിർവൃതിയാണ് കുടുംബം. ലോകം നന്നാക്കുന്നത് ഓരോ കുടുംബങ്ങളും നന്നാക്കുന്നതിലൂടെയാണ്. കുടുംബം ശിഥിലമാകുമ്പോൾ സമൂഹം ശിഥില മാകുന്നു. സമൂഹം ശിതിലമാകുമ്പോൾ ഓരോ ലോകവും ശിഥിലതയിലേക്ക് പോകുന്നുണ്ട്. എല്ലാവരേയും ചേർത്തണയ്ക്കുവാൻ സാധിക്കുന്ന ഒരു കൂരക്കീഴിൽ നമുക്ക് ഇരുളുകൾ അകറ്റി മാറ്റുവാൻ പെട്ടെന്ന് സാധിക്കുന്നുണ്ട്. ഏറ്റക്കുറച്ചിലുകളുടെ നടുവിലും സമ്പത്തിന്റെ നടുവിലും ദാരിദ്ര്യത്തിന്റെ നടുവിലും, വിവേകത്തെയും, വിജ്ഞാനത്തിന്റെയും നടുവിലും, ഒക്കെ ഒരുപോലെ വളരുവാൻ മനസ്സിലാക്കുവാൻ പ്രാപ്തി ഉണ്ടാകേണ്ട ഒരിടത്തെ ക്കുറിച്ചാണ് കുടുംബം നമ്മെ ഓർമ്മപ്പെടുത്തുന്നത്. എല്ലാവർക്കും സുരക്ഷിതത്വം നൽകുന്ന ഒരിടത്തി ന്റെ പേര്. എത്രയൊക്കെ പ്രതിസന്ധികൾക്കു നടുവിലും അല്പം പ്രസരിപ്പോടെ ജീവിക്കുവാൻ തന്റേതെന്ന് പറയുവാൻ പ്രാപ്തി കിട്ടുന്നൊരി ടത്തിന്റെ പേര്. ഏതു നിമിഷവും തങ്ങളുടെ ജീവിതത്തിന് ഒരു നിലവാരം ഉണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നൊരിടത്തിന്റെ പേര് കുടുംബ മെന്നുതന്നെയല്ലേ

ദൈവത്തിന്റെ സൃഷ്ടിയിലെ മനോഹരമായ ഒരു അത്ഭുതമാണത്.നാം തിരുക്കുടുംബത്തെ ക്കുറിച്ചും ശ്രവിച്ചിട്ടുണ്ട്. ലോകത്തിന്റെ നെറുകയിൽ മാതൃകയായി മാറ്റപ്പെടുന്നകുടുംബങ്ങൾക്ക് കുടുംബമായി മാറുന്ന ഇമ്പമായി മാറുന്ന ഒരു തിരുക്കുടുംബം. ദൈവപദ്ധതികളിലേക്ക് നമ്മെ വാർത്തെടുക്കുന്ന അടിസ്ഥാന ശിലയാകുന്നു കുടുംബങ്ങൾ. ഒരു കുഞ്ഞ് വിദ്യാലയത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് തന്റെ വിജ്ഞാനം ആരംഭിക്കുന്നത് കുടുംബത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ്. സ്നേഹിക്കുന്ന മാതാപിതാക്ക ളേയും അവരുടെ ജീവിത പങ്കുവയ്ക്കലിനെയും അവർ പകർന്നു നൽകുന്ന അനുഗ്രഹത്തിന്റെയും, അറിവിന്റെയും അനുഭവത്തെയും വെളിച്ചം മാത്രമല്ല സ്നേഹം എപ്പോഴും തളംകെട്ടി നിൽക്കുന്നൊരിടം. പ്രശ്നങ്ങൾക്ക് പരിഹാരം വേണ്ടയിടം. പ്രസരിപ്പായി ജീവിതത്തിൽ അനുഭവമാകേണ്ടൊരിടം. ഏതു നിമിഷങ്ങളിലും ബലമാവേണ്ടൊരിടം. മനോഹര മായ കെട്ടിട ത്തിന്റെ ആഡംബരപൂരിതമായ മാളികയുടെ ബലത്തെക്കുറിച്ചല്ല കുടുംബങ്ങളെ ക്കുറിച്ച് പറയുന്നത്. അതിൽ വസിക്കുന്നവരുടെ മനസിന്റെ വലിപ്പവും, മനസിന്റെ ഒരുമയും ഐക്യവുമാണ് ഒരു കുടുംബത്തിന്റെ പ്രസരിപ്പ്. ജീവിതത്തിന്റെ ഏതൊരവസ്ഥകളിലും ഒരു കുടുംബത്തിൽ പിറന്നു എന്നു പറയുന്നത് എത്ര ശ്രേഷ്ഠമാണ്. ഏതൊരു വ്യക്തിയും അംഗീകരി ക്കപ്പെടുന്നതും, അളക്കപ്പെടുന്നതും കുടുംബമഹിമ യുടെ പേരിൽ ആകുന്നു എന്നുള്ളതും ചില വാസ്തവത്തിൽ പെട്ടതല്ലെ.നല്ല കുടുംബം നല്ല മക്കളെ സൃഷ്ടിക്കട്ടെ. നല്ലകുടുംബം നല്ല പൗരന്മാരെ സൃഷ്ടിക്കട്ടെ നല്ല കുടുംബം നല്ല വാഴ്ത്തപ്പെട്ട വിശുദ്ധരെ സൃഷ്ടിക്കട്ടെ. എല്ലാ വ്യക്തികളും ആഗ്രഹിക്കുന്നതും അത്തരത്തിലൊരു കുടുംബത്തെക്കുറിച്ചും സാഹചര്യത്തെക്കുറിച്ചും അല്ലെ. ദൈവത്തിന്റെ സ്വപ്നങ്ങൾ ഭൂമിയിൽ നിർവ്വഹിക്കപ്പെടുന്നതിന് ദൈവം തിരഞ്ഞെടുത്ത വിശിഷ്ടമായ പേടകമാണ് കുടുംബം. അതിലൂടെ ദൈവമക്കളുണ്ടാകട്ടെ ദൈവകൃപകൾ വാഴ്ത്തപ്പെ ടട്ടെ. ഇന്നും എന്നും ലോകത്തിനു മുൻപിൽ ദൈവത്തിന് പറയുവാൻ തന്റെ ഏറ്റവും വിശിഷ്ട മായ അത്ഭുതങ്ങളായി കുടുംബങ്ങൾ മാറപ്പെടട്ടെ. ഇമ്പം നഷ്ടപ്പെടുമ്പോൾ ഭൂകമ്പമായി മാറപ്പെടുവാൻ സാധ്യതയുള്ള ഇടങ്ങൾ ദൈവത്തിന്റെ അനുഗ്രഹ വും, കരുണയും, പ്രാർത്ഥന മനോഭാവങ്ങൾകൊണ്ട് വീണ്ടും വീണ്ടും കൂട്ടായ്മകൾ ദൃഢപ്പെടട്ടെ. അത്ഭുതങ്ങൾ ഉണ്ടാകട്ടെ. എവിടെ സ്നേഹം ഉണ്ടോ അവിടെ ദൈവം ഉണ്ട്.എവിടെ കുടുംബം ഉണ്ടോ അവിടെ കൂട്ടായ്മയുണ്ട്. എവിടെ ഹൃദയങ്ങൾ ഒന്നു ചേരുന്നുവോ അവിടെ ദൈവത്തിന്റെ സ്നേഹവും കരുതലും ഒന്നാകപ്പെടുന്നു. അത് നഷ്ടപ്പെടാതി രിക്കാൻ നമുക്ക് ശ്രദ്ധിക്കാം. ജീവിതം നമുക്കായി നൽകുന്ന വിശിഷ്ടമായ അനുഭവത്തേയും, വിശിഷ്ടമായ സുരക്ഷിതത്വത്തിന്റെയും അടയാള ഭൂമി അല്ലേ കുടുംബം എന്നും എപ്പോഴും വിശുദ്ധമായി അത്ഭുതമായി അത് മാറട്ടെ എന്ന് പ്രാർത്ഥനയോടെ, കുടുംബ ജീവിതത്തിൽ ഈ ഭൂമിയിൽ ജീവിക്കുന്ന സ്വർഗമായി മാറപ്പെടുവാൻ ഇടവരട്ടെ. എല്ലാ കുടുംബങ്ങൾക്കും നന്മയും നന്ദിയും ഉണ്ടാവട്ടെ.



# കുടുംബങ്ങൾ മാതൃസവിധത്തിൽ സമർപ്പിക്കപ്പെടുമ്പോൾ

ഫാ.സോളമൻ
ചെമ്മരശ്ശേരി ഒ.സി.ഡി.

പാരമ്പര്യമായി കത്തോലിക്കാ തിരുസഭയിൽ മെയ്മാസം മാതാവിന്റെ വണക്കമാസമായും, ഒക്ടോബർ മാതാവിന്റെ ജപമാല മാസമായും ആചരിക്കപ്പെടുന്നുവെങ്കിലും. കത്തോലിക്കാ ഭവനങ്ങളിലെ കുടുംബപ്രാർത്ഥന എന്ന് കേൾക്കുമ്പോൾ നമ്മുടെ ഓർമ്മകളിലേക്ക് ഓടിയെത്തുന്നത് സന്ധ്യാസമയം കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി എത്തിക്കുന്ന ജപമാലപ്രാർത്ഥന തന്നെയാണ്. കാലം ഈ ചര്യകൾക്ക് മാറ്റം വരുത്തി തുടങ്ങിയിട്ടുണ്ടെങ്കിലും ഇപ്പോഴും പാരമ്പര്യ കത്തോലിക്കാ കുടുംബങ്ങളിൽ ഷാജി തുമ്പേച്ചിറയിൽ അച്ചൻ പാടുന്നപോലെ പൊട്ടിയിട്ടും കൂട്ടിക്കെട്ടിയ പഴയൊരു ജപമാലയുടെ മണികളിലൂടെ ഈ പ്രാർത്ഥനയുടെ കുരുക്കഴിക്കുന്ന ഒരു അമ്മയെയും കൂടെകൂടുന്ന പിതാവിനെയും, മക്കളെയും, കുഞ്ഞുമക്കളെയും നാം കാണുന്നു. കാരണം മാതാവിന്റെ മടിയിലൂടെ ഈശോയിലേക്കെത്തുന്ന ആ കുറുക്കുവഴി അവർ അറിഞ്ഞിരിക്കുന്നു. അവരുടെ പ്രാർത്ഥന യുടേയും ജീവിതത്തിന്റെയും താളം ഈ സന്ധ്യാപ്രാർത്ഥനയാണ്. അങ്ങനെ മാതാവും തിരുസഭയും എന്നപോലെതന്നെ മാതാവും കുടുംബാംഗങ്ങളും തമ്മിലും അടർത്തിമാറ്റാനാകാത്ത ഒരു ബന്ധമുണ്ട്.

1995 ഡിസംബർ 31 ന് പുണ്യാത്മാവായ വി. ജോൺപോൾ രണ്ടാമൻ പാപ്പ മറിയത്തിന്റെ ലുത്തിനിയായിൽ "മറിയം കുടുംബങ്ങളുടെ രാജ്ഞി" എന്ന പുതിയ വിശേഷണംകൂടി കൂട്ടിച്ചേർക്കുകയുണ്ടായി. "മറിയം തിരുസഭയുടെ മാതാവ്" എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകുന്ന ശീർഷകമാണ് ഈ ഒരു വിശേഷണത്തിന് ആധാരമായി മാറിയത്. കുരിശിൻ ചുവട്ടിൽ വച്ച് മറിയം നമ്മുടെ ഓരോരുത്തരുടേയും അമ്മയായി തീർന്നു. ഈശോ മറിയത്തെ തന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനെ ഭരമേൽപ്പിച്ചപ്പോൾ ഇതാ നിന്റെ അമ്മ (യോഹ. 19.26-27) എന്ന് പറഞ്ഞപ്പോൾ മറിയം ആ ശിഷ്യന്റെ മാത്രമല്ല മറിച്ച് യേശുവിനെ അനുഗമിക്കുന്ന എല്ലാവരുടെയും അമ്മയായി തീർന്നു. കൂടാതെ, മറിയം ക്രിസ്തുവിന്റെ അമ്മയാണ്. ക്രിസ്തു തിരുസഭയുടെ ശിരസ്സാണ് ശിരസ്സിന്റെ അമ്മയായതുകൊണ്ട് അവൾ ശരീരത്തിന്റെയും അമ്മയാണ്. ക്രിസ്തുവിന്റെ ഉത്ഥിതശരീരമായ തിരുസഭയുടെ അമ്മ.തിരുസഭയുടെ അമ്മയെന്നാൽ നമ്മുടെ ഓരോരുത്തരുടേയും അമ്മ. കാരണം നാം ഓരോരുത്തരും തന്നെയല്ലെ തിരുസ്സഭ. അങ്ങനെ തിരുസഭയുടെ അമ്മയായ മറിയം തിരുസഭയിലെ ഓരോ അംഗങ്ങളുടേയും അമ്മയാണ്. അതായത് നാം ഓരോരുത്തരും രൂപപ്പെടുന്ന കുടുംബം എന്ന സഭയുടെ ഏറ്റവും ചെറിയ ഭാഗമായതിന്റെ അമ്മ. അങ്ങനെ അവൾ തിരുസഭയുടെ രാജ്ഞിയാകുമ്പോൾ സ്വാഭാവിക മായി നമ്മുടെ ഓരോരുത്തരുടെയും രാജ്ഞിയാ കുന്നു. നമ്മുടെ കുടുംബങ്ങളുടെ രാജ്ഞിയാ കുന്നു.

കുടുംബം എന്നാൽ ഗാർഹിക തിരുസഭ

(Domestic Church) എന്നാണ് അറിയപ്പെടുന്നത്. കാരണം ഈ കുടുംബങ്ങളിലാണ് മാതാപിതാക്കളുടെ വിശ്വാസജീവിതത്തിന്റെ മാതൃക വഴി വിശ്വാസം വിതയ്ക്കപ്പെടുന്നതും നട്ടുവളർത്തപ്പെടുന്നതും, പുഷ്ടിപ്രാപിക്കപ്പെടുന്നതും. കുടുംബങ്ങളിൽ നാം പ്രാർത്ഥനയുടെ ബാലപാഠങ്ങൾ പഠിക്കുന്നു അവിടെ നമ്മൾ സമൂഹത്തിന്റെ അന്തഃസത്തയാകാൻ ആധാരമായ സാമൂഹിക നന്മകളെയും, ജീവിതമൂല്യങ്ങളേയും സ്വായത്തമാക്കുന്നു.ഇങ്ങനെ ദൈവപരിപാലനയിൽ വളരാൻ മനസാകുന്ന ദൈവഭയമുള്ള കുടുംബങ്ങളുടെ രാജ്ഞിയായി തിരുസഭ മറിയത്തെ വിശേഷിപ്പിക്കുന്നു.

മറിയം “ഇതാ കർത്താവിന്റെ ദാസി (ലൂക്ക 1-38)എന്നരുളി ദൈവഹിതത്തിന് മുന്നിൽ തന്നെതന്നെ സമർപ്പിച്ചപ്പോൾ അവൾ തിരുകുടുംബ ജീവിത്തിലെ കുഞ്ഞുവിളി സ്വീകരിക്കുകയായിരുന്നു. നസ്രസിലെ കുടുംബത്തിൽ ജോസഫിന്റെ ഭാര്യായി തീരാൻ, യേശുവിന്റെ അമ്മയായി തീരാൻ , ഈ ലോകത്തിന്റെ തന്നെ അമ്മയായി തീരാനുള്ള വിളി അങ്ങനെ കുടുംബ ജീവിതത്തിനു മാതൃകയായി തീരാനുള്ള വിളി സ്വീകരിക്കുകയായിരുന്നു. പോപ്പ് ജോൺപോൾ രണ്ടാമൻ പാപ്പാ തന്റെ ഫമിലിയാരീസ് കൊൺസെൻവിയെ എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു.“തിരുസഭയുടെ അമ്മയായ കന്യാകാമറിയം ഗാർഹിക സഭ (Domestic Church) യാകുന്ന കുടുംബത്തിന്റെയും അമ്മയായിരിക്കട്ടെ. ഈ അമ്മയുടെ മാതൃസമീപനവും സഹനവും വഴി എല്ലാ ക്രിസ്ത്യൻ കുടുംബങ്ങളും ഒരു ചെറിയ തിരുസഭയായി രൂപാന്തരപ്പെടുകയും അവിടെ ക്രിസ്തുവിന്റെ രക്ഷാകര രഹസ്യം വീണ്ടും വീണ്ടും ജീവിക്കുകയും ചെയ്യട്ടെ” (FC 86) അങ്ങനെ ഓരോ കുടുംബങ്ങളും ഈ അമ്മയ്ക്ക് തന്നെതന്നെ സമർപ്പിക്കുമ്പോൾ പ്രലോഭനങ്ങളെ അതിജീവിക്കാൻ കരുത്തുള്ളവരും പ്രാപ്തിയുള്ളവരും കുടുംബങ്ങളുടെ സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള യാത്രയിൽ ഈ അമ്മ നമുക്ക് വഴികാട്ടിയായി മാറും. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം ഓരോ കുടുംബങ്ങൾക്കുമുള്ള ഒരു ക്ഷണമാണ്. നമ്മുടെ എല്ലാ ദുഃഖങ്ങളും, ആകുലതയും, സന്തോഷങ്ങളും സന്താപങ്ങളും മാതാവിനെ ഭരമേൽപ്പിക്കാനുള്ള ആഹ്വാനം വീണ്ടും പുണ്യചരിതനായ വി. ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ സൈന്തേറീസ് മാഞ്ഞർ എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു. യേശുവുമായി ഒരഗാധ സൗഹൃദം സ്ഥാപിക്കാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കുന്നു, നമ്മുടെ കുറവുകളിലും അപൂർണ്ണതകളിലും അവൾ നമ്മെ സഹായിക്കുന്നു അവൾ തന്റെ ആത്മീയ ജീവിതത്തിന്റെ മാതൃസഹജമായ മാദ്ധ്യസ്ഥം വഴി നമ്മെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു (RM 22) മറിയം അമ്മയെന്ന നിലയിൽ വളരെ കഴിവുറ്റ ഒരു രൂപികർത്താവുകൂടിയാണ്. യേശുവിനെ രൂപപ്പെടുത്തിയ നസ്രത്തിലെ ഈ അമ്മയ്ക്കറിയാം ഒരു ക്രിസ്തുവിന്റെ അനുയായിയുടെ ഹൃദയം എങ്ങനെയാണ് രൂപപ്പെടുത്തേണ്ടത് എന്ന്. അമ്മയുടെ അല്ലെങ്കിൽ ഈ ലോകത്തിലെ ഏതൊരമ്മയേക്കാളും ഉപരിയായ ശ്രദ്ധയോടെയും, സ്നേഹ വാത്സല്യത്തോടെയും അവൾ നമ്മെ പരിപാലിക്കുന്നു. കാരണം നാം ഓരോരുത്തരും വിവേകത്തിലും, വിജ്ഞാനത്തിലും, കൃപയിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വളരണമെന്നത് ഈ അമ്മയുടെ വാശിയാണ്. വി. അന്നയുടെയും വി. യൊവാക്കിമിന്റെയും ശിക്ഷണത്തിൽ രക്ഷകന്റെ അമ്മയാകാൻ ഒരു കുടുംബത്തിൽ രൂപീകരിക്കപ്പെട്ട മറിയം രക്ഷാകര രൂപീകരണം നൽകാനും ശിക്ഷണം നൽകാനും ഭാഗ്യം ലഭിച്ച കുടുംബിനിയായ മറിയം ജോസഫും യേശുവുമൊത്ത് ഒരു തിരുകുടുംബം രൂപപ്പെടുത്തിയ മറിയം നമ്മുടെ കുടുംബങ്ങളേയും നമ്മളെയും രൂപപ്പെടുത്തട്ടെ രക്ഷകന്റെ വാസസ്ഥലമാക്കാൻ, ഒരോ ദേവാലയങ്ങളാക്കാൻ രൂപപ്പെടുത്തട്ടെ. അതിനായി യേശു മനുഷ്യകുലത്തിന് നൽകിയ ഏറ്റവും വിലപിടിപ്പുള്ള സമ്മാനമായ തന്റെ ഏറ്റവും വിലപിടിപ്പുള്ള സ്വത്തായ പരിശുദ്ധ അമ്മയ്ക്ക് ഓരോ കുടുംബങ്ങളെയും കുടുംബാംഗങ്ങളെയും പ്രതിഷ്ഠിക്കാം. അങ്ങനെ ദൈവഹിതത്തിന് തന്നെതന്നെ സമർപ്പിക്കുന്ന ദൈവത്തെയും ദൈവവചനത്തെയും ഉദരത്തിലും ഹൃദയത്തിലും വഹിക്കുന്ന, ദൈവവചനത്തിന് ജീവിതംകൊണ്ട് മാംസം നൽകുന്ന, പ്രയാസമേറിയ കാര്യങ്ങളിൽ മൗനം പാലിക്കുന്ന, സഹനങ്ങളിലും യേശുവിനെ മുറുകെ പിടിക്കുന്ന, പ്രതികൂല സാഹചര്യങ്ങളിലും പ്രത്യാശ കൈവെടിയാത്ത പരിശുദ്ധ അമ്മയുടെ കരവലയങ്ങളിൽ നമ്മെതന്നെ നാം വിട്ടുകൊടുക്കുമ്പോൾ നമ്മുടെ കുടുംബങ്ങളെയും ഒരു തിരുകുടുംബമാക്കി രൂപപ്പെടുത്താൻ ഈ അമ്മയ്ക്ക് സാധിക്കും അപ്പോൾ അവൾ സുവിശേഷത്തിൽ പറയുന്ന അമ്മയുടെ അവസാന വാക്കായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്ന ആ വാക്യം അവൾ നമ്മോടും പറയും അവൻ പറയുന്നതുപോലെ ചെയ്യുവിൻ (യോഹ.2:5) ദൈവഹിതത്തിന് നമ്മെയും വിട്ടുകൊടുക്കുവിൻ.




ബിജോ ജോസഫ്
സൈക്കോളജിസ്റ്റ്




# കുടുംബ ബന്ധങ്ങൾ സജീവമാക്കാൻ

പ്രതീക്ഷകളും സ്വപ്നങ്ങളും ആയി വീണ്ടും ഒരു പുതുവർഷത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. നാം അറിയാതെതന്നെ നമ്മുടെ സഞ്ചാരത്തിന്റെ വേഗത കൂടുന്നുണ്ട്. ഇതിനിടയിൽ കൈമോശം സംഭവിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് നാം മറന്നുപോകുന്നില്ലേ എന്നൊരു സംശയം ബാക്കി നിൽക്കുന്നു. കുടുംബം സമം സ്നേഹം എന്ന സമവാക്യമോ, കുടുംബം എന്ന വാക്കിന് സ്നേഹം എന്നൊരു പര്യായപദമോ ഉണ്ടായിരുന്ന കാലത്തിനു അധികം പഴക്കം ഇല്ല.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ താമസിച്ചിരുന്ന, പരസ്പരം സ്നേഹത്തോടെ കഴിഞ്ഞിരുന്ന പങ്കു വയ്ക്കാനും പകുത്തു നൽകാനുമുള്ള മനസുമുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്.

ഏറിയാൽ ഒരു കാൽനൂറ്റാണ്ടിനിപ്പുറം എന്തൊരു ഭയാനകമായ വ്യത്യാസം ആണ് നമ്മുടെ കുടുംബ ബന്ധങ്ങളിൽ ഉണ്ടായിരിക്കുന്നത്. ആത്മാവ് നഷ്ടപ്പെട്ട കല്ലറകൾ പോലെയോ, രാത്രി അന്തി ഉറങ്ങാനുള്ള ഒരിടം മാത്രമായോ നമ്മുടെ വീടുകൾ ചുരുങ്ങുന്നു.

തിരക്കുപിടിച്ച ഈ ഓട്ടത്തിനിടയിൽ ആർക്കും ഒന്നിനും സമയമില്ല. സത്രത്തിൽ പാർക്കുന്നവർക്കു പരസ്പരം അറിയാത്തതു പോലെ കുടുംബത്തിൽ ഉള്ള ആളുകളുടെ ഇഴയടുപ്പത്തിന് വിള്ളലുകൾ വീഴുന്നു. നമ്മുടെ കുടുംബങ്ങൾ പാവവീടുകൾ ആയി മാറുന്നു. വീട് ഒരു രാത്രി സത്രത്തിന് മീതെ എന്തുകൊണ്ട് വികസിക്കുന്നില്ല...?

എന്താണ് ഇന്നത്തെ കുടുംബ വ്യവസ്ഥിതിക്ക് നൽകേണ്ട സമവാക്യം?

സ്നേഹബന്ധങ്ങൾക്കും പങ്കു വയ്ക്കലുകൾക്കും യാതൊരു സ്ഥാനവും ഇല്ലാത്ത, സ്വാർത്ഥത മാത്രം കൊണ്ടു നടക്കുന്ന ഒരു തലമുറ. സ്വകാര്യതയ്ക്കായി സ്വന്തം മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് അയക്കുന്ന മക്കളുടെ കാലമാണിത്. ഒരുപക്ഷേ ആ മക്കൾ ഓർക്കുന്നുണ്ടാകില്ല നാളെ താനും ഒരു വൃദ്ധനോ വൃദ്ധയോ ആകുമെന്ന്. ഇന്നത്തെ കുടുംബം എന്നതിന് ഒരുപക്ഷേ ഏറ്റവും യോജിക്കുന്ന സമവാക്യം 'കുടുംബം സമം സ്വാർത്ഥത' എന്നായി മാറിയോ എന്നൊരു സംശയം മാത്രം

നമ്മുടെ സംസ്ക്കാര രൂപീകരണത്തിൽ അടിസ്ഥാനപ്രാധാന്യമുള്ള ഇടമാണ് കുടുംബവും കുടുംബത്തിനുള്ളിൽ നിന്ന് ലഭിക്കുന്ന ശിക്ഷണവും. ഒപ്പം കുടുംബാംഗങ്ങൾ തമ്മിലുള്ള

പരസ്പര ബന്ധങ്ങളും ഉത്തരവാദിത്വങ്ങളും, രക്തബന്ധത്തിൽ ഉൾപ്പെടുന്ന ഇതര കുടുംബാം ങ്ങളുമായുള്ള ബന്ധം ഒക്കെ പുതു തലമുറയ്ക്കു മാതൃക ആകേണ്ടതാണ്.

പക്ഷേ ഇപ്പോൾ കുട്ടികൾ കുട്ടികളുടെ ബാധ്യതകളും അവകാശങ്ങളും മാതാപിതാക്കൾ അവരുടെ ബാധ്യതകളും അവകാശങ്ങളും, ഓരോ ഭാര്യ ഭർതൃ ബന്ധത്തിന്റെ സ്വഭാവം , ഭാര്യയും ഭർത്താവും അന്യോന്യം പുലർത്തേണ്ട മര്യാദക ൾ ഇവയെല്ലാം പാടേ മറന്നൂ എന്ന് വിളിച്ചോതുന്ന രീതിയിലാണ് ഇവിടെ സംഭവിക്കുന്ന ഓരോ കാര്യങ്ങളും.

വിവാഹത്തെ എല്ലാ മതങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ ഇന്നത്തെ തലമുറ പരിപാവനമായ വിവാഹ ബന്ധത്തെ ക്കാളും ഇഷ്ടപ്പെടുന്നത് living together എന്ന ഒരു തരം അഡ്ജസ്റ്റ്മെന്റാണ്.

വിവാഹാനന്തരം ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിച്ചും സേവിച്ചും ഉത്തമ ജീവിതം നയിക്കുകയും കുടുംബം പുലർത്തുക യും ചെയ്യുകയാണ് വേണ്ടത്. എന്നാൽ ഇന്നിവിടെ നടക്കുന്ന കാര്യങ്ങളൊക്കെ എത്ര വിചിത്രമാണ്. കുടുംബ ഭരണം ഭർത്താവിന്റെയും ഭാര്യയുടേയും കൂട്ടുത്തരവാദിത്തമാണെന്ന കാര്യം പലരും മറന്നു തുടങ്ങിയിരിക്കുന്നു. ഒപ്പം വിവാഹമോചനങ്ങളുടെ അളവും വല്ലാത്ത രീതിയിൽ കൂടുന്നു. ഇതിലൂടെ പല കുട്ടികളുടെ യും ജീവിതം ഒരിടത്തും എത്താതെ പോവുന്നു.

ഇന്ന് കുടുംബ ബന്ധങ്ങളുടെ തകർച്ച യ്ക്ക് പിന്നിലുള്ള പ്രധാന കാരണവും നാം നിശ്ചയിച്ചിട്ടുള്ള ചില വിലകളാണ്. ഏതു കാര്യത്തിലും നാം വില നിശ്ചയിച്ചുകൊണ്ട് ബന്ധങ്ങളെ വാണിജ്യനേട്ടങ്ങളുടെ കണ്ണുകൊ ണ്ട് കാണുമ്പോൾ കൊടുക്കുന്ന മൂല്യത്തിന് അതനുസരിച്ച് തിരികെ ലഭിക്കാത്തതൊക്കെ നമുക്കു പാഴായി തോന്നുന്നു. സ്വാർത്ഥത നിറഞ്ഞ മനോഭാവം നിറയുന്നതാണ് ഈ ചിന്താഗതിക്ക് കാരണം. എന്തിലും ഏതിലും എനിക്കെന്തു കിട്ടും എന്ന ചിന്ത വച്ചു പുലർത്തുമ്പോൾ അച്ഛനമ്മമാരും ദമ്പതികളും സഹോദരങ്ങളും മക്കളുമെല്ലാം സ്വന്തം ലോക ത്തേക്ക് ചുരുങ്ങിപ്പോകുന്നു. ഇന്ന് പുറത്തുവരുന്ന പല വാർത്തകളും ഞെട്ടിപ്പിക്കുന്ന തരത്തിലു ള്ളതാണ്. ഫേസ്ബുക്ക് പ്രണയം ഭർത്താവ് ഭാര്യയെ തലയ്ക്കടിച്ചു കൊന്നു. പത്ത് വർഷം സെക്സ് നിഷേധിച്ച ഭർത്താവിന്റെ ലിംഗം മുറിച്ചു. ജയിലിൽ പ്രസവിച്ച കുഞ്ഞിന്റെ പിതാവിനെ ചൊല്ലിയുള്ള തർക്കം, ഭക്ഷണത്തെ ചൊല്ലി തർക്കം,കാമുകനെ കൊന്നു, വീട്ടമ്മ ഒളിച്ചോടി ഇങ്ങനെ പറഞ്ഞാലും പറഞ്ഞാലും തീരാത്ത രീതിയിലാണ് ദാമ്പത്യ ജീവിതം വഷളായിക്കൊ ണ്ടിരിക്കുന്നത്.

ജീവിതം തിന്നും കുടിച്ചും മദോന്മത്തമായി ആഘോഷിക്കപ്പെടേണ്ടതാണെന്ന EPICURIAN സിദ്ധാന്തം പതുക്കെ പടികയറി വന്നു. ഇവിടെയൊക്കെ തകർന്നത്സ്ത്രീ പുരുഷ ബന്ധങ്ങളുടെ സുദൃഢമായ ആത്മാവിഷ്ക്ക ാരങ്ങളായിരുന്നു. ആത്മീയതയിലൂന്നിയ സ്നേഹ ത്തിൽ അധിഷ്ഠിതവും അതിൽ നിന്നുരുത്തി രിയുന്ന ലൈംഗീക താല്പര്യവും നമുക്കന്യമാ യിക്കൊണ്ടേയിരിക്കുന്നു.

സ്വപ്നം കാണുന്ന ജീവിതമല്ല അനുഭവ ത്തിൽ വരുമ്പോൾ എന്ന് മനസ്സിലാകുമ്പോഴാണ് ബന്ധങ്ങളിൽ താളപ്പിഴകളും അകൽച്ചയു മുണ്ടാകുന്നത്. പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കാതെ വരുമ്പോഴാണ് രണ്ടുപേരും പുതിയ ബന്ധങ്ങൾ തേടിപ്പോകു ന്നത്. സ്വന്തം കാലി◌ നിൽക്കാൻ സാധിക്കുന്നവർ പിരിഞ്ഞ് പുതിയ ബന്ധങ്ങളിലേക്ക് പോകുന്നു. അതിന് സാധിക്കാത്തവർ കുടുംബ ജീവിതത്തിനു സമാന്തരമായി മറ്റു ബന്ധങ്ങളും കൊണ്ടുപോ കാൻ ശ്രമിക്കുന്നു. ഇത് ഭാര്യയോ ഭർത്താവോ അറിയുന്നതോടെ കലഹങ്ങളായി.

ബാല്യകാലത്തെ പ്രണയം മിക്കപ്പോഴും തുറന്നു പറയാതെ പോയവയായിരിക്കും. പ്രത്യേകിച്ചും വാട്സാപ്പും, ഇൻസ്റ്റഗ്രാമും ഒന്നും ഇല്ലാതിരുന്ന കാലത്തുള്ളവരുടെ ബാല്യകാലം. പേടികൊണ്ടോ, അപകർഷതകൊണ്ടോ തുറന്നു പറയാതെപോയ പ്രണയങ്ങൾ. അതേ സമയം വിവാഹശേഷമോ മധ്യവയസിലോ ഇത് തുറന്നു പറയാൻഒരു പ്രയാസവുമുണ്ടാകില്ല. തിരിച്ചറിവു കൾകൊണ്ടും സാങ്കേതിക വിദ്യയുടെ വളർച്ചകൊ ണ്ടും അന്നത്തെ വിലക്കുകളെ എല്ലാം മറികടക്കാ നാകുന്നു എന്നതാണ് വീണ്ടും ഈ ബന്ധങ്ങൾ വളരാൻ ഇടയാക്കുന്നത്.

സമൂഹമാധ്യമങ്ങൾ ഒരു പരിധിയില ധികം വ്യക്തികളെ സ്വാധീനിക്കുന്നു എന്നത് അംഗീകരിക്കേണ്ട വസ്തുതയാണ്. ഇന്നലെവരെ ലോകവുമായി ഒരു ബന്ധവുമില്ലാതിരുന്നവർ ഇന്ന് ഫെയ്സ്ബുക്കിലും ട്വിറ്ററിലും ഇൻസ്റ്റഗ്രാ

മിലും തുടങ്ങി ടിക്ടോക്കിൽ വരെ സജീവമാണ്. ഒപ്പം ആരാധകരെന്ന പേരിൽ വൻ സൗഹൃദവലയവും. ഇക്കൂട്ടത്തിൽ പഴയ ക്ലാസ്മേറ്റ്സ് മാത്രമല്ല, അയൽക്കാരും വിദ്യാർത്ഥികളുംവരെ ഉണ്ടാകുക സ്വാഭാവികം. പിന്നെ സ്വകാര്യ ചാറ്റിങ്ങിലേക്കും പ്രണയത്തിലേക്കും ചിലപ്പോഴെങ്കിലും പോണോഗ്രാഫിയിലേക്കും വരെ നയിക്കപ്പെടാം.

ടിക്ടോക്ക് പ്രണയം മൂത്ത് പിഞ്ചുകുഞ്ഞിനെ വരെ വീട്ടിലുപേക്ഷിച്ച് കാമുകനൊപ്പം പോകുന്ന വീട്ടമ്മമാരുടെ വാർത്തകൾ പുതുമയല്ലാതായി മാറിയിരിക്കുന്നു. ഒന്നിലും തൃപ്തിയാകാതെ, ഒന്നിലേറെ ബന്ധങ്ങൾ ഒരേ സമയം സൃഷ്ടിക്കുന്ന ചില വ്യക്തി വൈകല്യങ്ങളും ഇത്തരം സംഭവങ്ങൾ ക്ക് വഴിവയ്ക്കുന്നത് കാണാതിരിക്കാനാ വില്ല. പണത്തിനും ജോലിക്കും പിന്നാലെ മാത്രം ഓടുന്ന ഭർത്താവ് ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ഒപ്പം ക്വാളിറ്റി ടൈം കണ്ടെത്താത്തത് ഇന്ന് വലിയ പ്രശ്നമാകുന്നുണ്ട്. ഈ സമയം അൽപ്പം ആശ്വാസം കിട്ടുന്നിടത്തേക്ക് ചായുന്ന ഭാര്യയും ഭർത്താവു മെല്ലാം കുടുംബങ്ങളിൽ ഇന്ന് പതിവു കാഴ്ചയാണ്.

ദാമ്പത്യജീവിതത്തിൽ എല്ലാ നിമിഷവും പ്രണയഭരിതമാകണമെന്നില്ല.എന്നാൽ ബെഡ്റൂമിലെത്തുന്ന നിമിഷങ്ങളിൽ ദമ്പതികളുടെ മനസ്സിൽ പ്രണയം നിറഞ്ഞൊഴുകുക തന്നെ വേണം, കൂടാതെ ജീവിതത്തിൽ എപ്പോഴും സ്നേഹത്തോടെ പരസ്പരം മനസ്സിലാക്കി ജീവിക്കാനാണ് ശ്രമിക്കേ ണ്ടത്. ഉള്ളു തുറന്നു സംസാരിക്കാൻ ആർക്കും ഇന്ന് സമയമില്ല. ഫോണും വാട്ട്സാപ്പും ആയി ജീവിക്കു ന്ന നമുക്കിന്നു പരസ്പരം നോക്കാനോ, പുഞ്ചിരിക്കാനോ സമയമില്ല. നല്ല ഭാര്യാഭർത്താ ക്കന്മാർ, നല്ല സന്താനങ്ങൾ, ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ, മാതാപിതാക്കളെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന മക്കൾ, പരസ്പരം സ്നേഹിക്കുന്ന സഹോദരങ്ങൾ ഇങ്ങനെയുള്ള കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് ശ്രമിക്കാം.

**എന്താണ് ചെയ്യേണ്ടത്?**

**കുടുംബത്തോടൊപ്പം സമയം ചിലവഴിക്കുക**

ഏതൊരു ബന്ധവും നല്ല നിലയിൽ മുന്നോട്ടു പോകണമെങ്കിൽ അവിടെ ആദ്യം ചെയ്യേണ്ടത് കുടുംബാംഗങ്ങൾക്കുവേണ്ടി ഇഫക്ടീവായി സമയം ചെലവഴിക്കുക എന്നതാണ്. ജോലികഴിഞ്ഞാൽ താമസിയാതെ വീട്ടിൽ തിരിച്ചെത്തുക. വീട്ടിലെത്തി യാലുടൻ ഫെയ്സ്ബുക്കും വാട്ട്സ്ആപ്പും നോക്കിയിരിക്കുകയോ ഓഫീസിലെ കാര്യങ്ങ ളുമായി ഫോണിൽ തുടരുകയോ ചെയ്യാതെ കുടുംബാംഗങ്ങളുമായി ആത്മാർത്ഥമായി സംസാരിക്കുക. അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുക പരസ്പരം കാര്യങ്ങൾ അന്വേഷിക്കുക. കുട്ടികളുടെ സ്ക്കൂളുകളിലെ കാര്യങ്ങളും ദമ്പതികൾ പരസ്പരം ആ ദിവസത്തെ കാര്യ ങ്ങളും പരസ്പരം അന്വേഷിക്കൂ. മക്കളെ പഠനത്തിൽ സഹായിക്കുക. അവർക്കൊപ്പം അൽപ്പസമയം കളിക്കുക.

**നൽകാം മൂല്യമുള്ള ലക്ഷ്യങ്ങൾ**

ഉയർന്ന സമ്പത്തും നേട്ടങ്ങളും അംഗീകാരവും പ്രശസ്തിയും വിദ്യാഭ്യാ സവുമെല്ലാം മക്കൾ നേടിയെടുക്കാൻ അവരെ പ്രേരിപ്പിക്കുന്നതിനു മുൻപായി നല്ല മനുഷ്യരായി വളരാനുള്ള വഴി കാണിച്ചു കൊടുക്കാം. നല്ല മനുഷ്യനാകാൻ കഴിയാത്ത വ്യക്തിയിലേക്ക് കടന്നുവരുന്ന നേട്ടങ്ങൾ ഒരിക്കലും ശാശ്വതമായിരിക്കുകയില്ല. അതൊരിക്കലും കുടുംബത്തിനും സമൂഹ ത്തിനും ഗുണകരമാവുകയില്ല. ഒപ്പം നേട്ടങ്ങൾ ക്കായി കുറുക്കുവഴികൾ നോക്കാതെ ശരിയായ വഴിയിലൂടെ, ക്ഷമയോടെ പ്രവർത്തിക്കാൻ അവരെ പഠിപ്പിക്കാം. അപ്പോൾ ഈ ലോക ത്തിന് തന്നെ ഒട്ടേറെ നന്മകൾ ചെയ്യാൻ സാധിക്കുന്ന മികവുറ്റ അനേകരെ ലോകത്തിന് പ്രദാനം ചെയ്യാൻ സാധിക്കും. ഒരു വ്യക്തി നന്നാകുമ്പോൾ കുടുംബം നന്നാവുന്നു. കുടുംബങ്ങൾ നന്നാവുമ്പോൾ ഒരു നാട് നന്നാവുന്നു. നാട് നന്നാവുമ്പോൾ ഒരു സമൂഹവും രാജ്യവും ലോകമൊട്ടാകെ നന്മയിലേക്ക് വളരുന്നു. അതിനാൽ നന്മയുടെ പൂക്കൾ നമുക്ക് ആദ്യം കുടുംബത്തിൽ വളർത്താം. പതിയെ പതിയെ അത് ലോകമൊട്ടാകെ സുഗന്ധം പരത്തും.



# കുടുംബങ്ങളും നഷ്ടപ്പെടുന്ന ധാർമ്മികതയും

ബ്രദർ ജോനാഥ് ഒ.സി.ഡി.

എല്ലാവരിലും ഒരു കുഞ്ഞുറങ്ങുന്നുണ്ട്. ഉറ്റവരുടെ കരുതലോർക്കുമ്പോൾ കുതിച്ചു ചാടാൻ വെമ്പുന്നൊരു കുഞ്ഞ്.അച്ഛന്റെ കൈക്കു പിടിച്ച് നടന്ന നാളുകൾ, പ്രോഗ്രസ് കാർഡ് കണ്ട് കരഞ്ഞ അനിയനെ ആശ്വസിപ്പിച്ച ഒരു ചേട്ടൻ, മകന്റെ മഹത്വം നാട്ടുകാർ പറയുന്നത് കേട്ട് കണ്ണ് തുടയ്ക്കു ന്നൊരമ്മ, വേർപാടിന്റെ നൊമ്പരം ഉള്ളിലൊ തുക്കി പുഞ്ചിരിക്കാൻ ശ്രമിച്ചൊരു കൂട്ടുകാരി. പരീക്ഷാ നാളിൽ കട്ടൻ ചായയിട്ട് കൂട്ടിരുന്നൊരു പെങ്ങൾ. ചാഞ്ചാടുന്ന ചില ഓർമ്മകളുടെ പിള്ളത്തൊട്ടിയാണ് കുടുംബം. പക്ഷെ കുടുംബ ജീവിതത്തിന്റെ മുല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തി ലാണ് നാം ആയിരിക്കുന്നത്. ദാമ്പത്യജീവിത ത്തിലെ പൊരുത്തപ്പെടലുകളേ ക്കുറിച്ച് പറയുന്ന മന:ശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിക്കുന്ന നാല് പ്രകൃതി ഗുണങ്ങളുണ്ട്. സാംഗ്വിൻ, മെലങ്ങ് കോളിക്ക്, ഫ്ളഗ്മാറ്റിക്, കോളറിക്ക എന്നിവയാ ണത്. ഇവയാണ് ഒരാളുടെ പെരുമാറ്റ ത്തെ സ്വാദീനിക്കുന്നത്. സന്തോഷ പ്രകൃതിയും നേതൃതാല്പര്യവും ബന്ധങ്ങളിഷ്ടമു ള്ളവരു മാണ് സാംഗ്വിൻ ടൈപ്പ്. ഏകാന്തത ഇഷ്ടപ്പെടുക യും ബുദ്ധിപരമായ കാര്യങ്ങളിൽ താല്പര്യമുള്ള വരുമാണ് മെലങ്ങ് കോളിക്ക് സ്വഭാവക്കാർ. വളരെ സാവധാനത്തിലും വളരെ ആലോചിച്ചും കാര്യങ്ങൾ ചെയ്യുന്നവരാണ് ഫ്ളഗ് മാറ്റിക് ടൈപ്പ്. പെട്ടെന്ന് വൈകാരികമായി പ്രതികരിക്കുന്നവ രാണ് കോളറിക് പ്രകൃതക്കാർ. അത് സ്നേഹ മാകാം,കോപമാകാം. ഈ നാല് ഘടകങ്ങളും വ്യത്യസ്താനുപാതത്തിൽ എല്ലാ വരിലുമുണ്ട്. ഏറ്റക്കുറച്ചിലനുസരിച്ച് സ്വഭാവ വ്യത്യാസമു ണ്ടാകും. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കു ന്ന രണ്ട് വ്യക്തികൾ വ്യത്യസ്ത ഗുണവിശേഷത കളുള്ളവരായിരിക്കാം. പക്ഷേ മറ്റേയാൾ മാറണമെ ന്ന് പറയുന്നതിനേക്കാൾ ഒരു പരിധിവരെ നിന്നിൽ മാറ്റം വരുത്തിയാൽ സ്ഥിതിഗതി ഭേദപ്പെടാം. കാരണം നന്മയെ തിന്മയാക്കി മാറ്റുവാനുള്ള മാധ്യമ സംസ്ക്കാ രത്തിന്റെ സ്വാധീനം പോലും കുടുംബത്തെ ഇല്ലായ്മയുടെ വക്കിലെത്തിക്കും. പരസ്പരം സ്നേഹവും, ഒരുമിച്ചുള്ള ജീവിതവു മെന്ന ദമ്പതിമാരുടെ നല്ല ലക്ഷ്യത്തെ വലവീശിപ്പി ടിക്കുന്ന തിന്മയുടെ ആവിർഭാവങ്ങളായ ചില നാറുന്ന മനുഷ്യരുടെ പ്രേരണയ്ക്കു മുമ്പിൽ പെട്ടുപോകുന്ന ദമ്പതിമാരുടെ ജീവിത കഥകൾ

ഇന്ന് മാധ്യമങ്ങളുടെ മുഖ്യവിഷയമായി മാറിയിരിക്കുകയാണ്. നിരവധി വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ നഷ്ടപ്പെട്ടുപോകുന്ന ധാർമ്മികതയുടെ നേർചിത്രം വരച്ചുകാട്ടുകയാണ്. പ്രണയ വിവാഹവും നിർബന്ധിച്ചുള്ള വിവാഹവും കുടുംബ ജീവിതത്തെ ഓരോ നിമിഷവും കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്.

ഒരിക്കൽ ആലപ്പുഴ രൂപതയിലെ ഒരു ദേവാലയത്തിൽ കുടുംബ നവീകരണധ്യാനം നല്കുന്ന അവസരത്തിൽ, കൗൺസിലിംഗ് ആവശ്യപ്പെട്ടുകൊണ്ട് ദമ്പതികൾ വന്നു. കൗൺസിലിംഗിനു മുമ്പ് അവർക്കുവേണ്ടി അല്പനേരം പ്രാർത്ഥിച്ചു. തുടർന്ന് അവരുടെ പ്രശ്നങ്ങൾ ആരാഞ്ഞു. പക്ഷേ ആ സമയത്ത് ഞാൻ അവിടെ കണ്ടത് തങ്ങളുടെ ഭാഗം ശരിയാണെന്ന് എടുത്തുകാട്ടുവാനാണ് ഇരുവരും ശ്രമിച്ചുകൊണ്ടിരുന്നത്. സംശയമെന്ന രോഗം ഈ ദമ്പതികളെ പിടികൂടുകയും ഓരോ നിമിഷവും അത് കുത്തുവാക്കുകളിലൂടെ പുറത്തേക്ക് വന്നു പ്രതിഫലിക്കുമായിരുന്നു. അവസാനം ഒരു ദിവസം തന്റെ ജീവിതസഖി തന്റെ കുഞ്ഞുമായി മറ്റൊരു യുവാവിനൊപ്പം ഒളിച്ചോടിപ്പോയ ദുഃഖവാർത്തകേട്ട് മനം നൊന്ത് കഴിയുന്ന ഈ യുവാവിനെ തേടിയെത്തിയത് അന്ധകാരമാണ്. എങ്ങനെയെങ്കിലും അവളെയും അവനെയും നശിപ്പിക്കണം. പക്ഷെ നിയമപരമായി ബന്ധം വേർപെടുത്തുന്നതിന് മുമ്പ് ഒരു ധ്യാനം കൂടിക്കളയാം എന്ന ചിന്തയുമായിട്ടാണ് ഇരുവരും ഇപ്പോൾ ഇവിടെയെത്തിയിരിക്കുന്നത്. പ്രിയമുള്ളവരെ, ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങ ളിൽ വ്യക്തമായ ധാരണയില്ലാതെ ജീവിക്കുന്ന തിന്റെ നേർചിത്രമാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുന്നത്. ഫാമിലി കൗൺസി ലിൽ ഉപയോഗിക്കപ്പെടുന്നൊരു പദമാണ് റാഷണൽ ഇമോട്ടീവ് തെറാപ്പി (RET) വികാരപ്രതികരണത്തിനുപകരം വീണ്ടുവി ചാരമുണ്ടാക്കാനുള്ള മാനസീക പരിശീലന മാണിത്. ഒരുദാഹരണം ഓഫീസിലെ തിരക്കും ടെൻഷനും കഴിഞ്ഞ് വീട്ടിലെത്തുന്ന ഭർത്താവ്. എല്ലാ ദിവസവും ഭാര്യ ഹോർലിക്സ് ചായ ഒരുക്കിവച്ചിട്ടുണ്ടാകും. പക്ഷെ അന്നയാളെത്തുമ്പോൾ അവൾ ഉറക്കത്തിലാണ്. അയാൾ ഭാര്യയെ വിളിച്ചുണർത്തി ദേഷ്യപ്പെടുന്നു. പൊട്ടിത്തെറിച്ചു കൊണ്ടയാൾ എന്തൊക്കെയോ പുലമ്പുന്നു. പക്ഷേ, മൈഗ്രേയിൻമൂലം അവൾ രാത്രിയിൽ ഒരുപോള കണ്ണടച്ചിരുന്നില്ല എന്ന സത്യം അയാളോർത്തിരുന്നെങ്കിൽ! അവളറിയാതെ തന്നെ അയാൾ രണ്ടുപേർക്കുംകൂടി അത്താഴം ഒരുക്കിവച്ചിരുന്നെങ്കിൽ സ്വസ്ഥമായി ഉറങ്ങിയെഴു ന്നേറ്റു വരുമ്പോൾ തനിക്ക് വിരുന്നൊരുക്കി കാത്തിരിക്കുന്ന കണവനെ കാണുമ്പോഴുള്ള ചേതോവികാരം! കാനായിലെ കല്യാണവിരു ന്നിൽ ക്രിസ്തു വെള്ളം വീഞ്ഞാക്കിയ സുവിശേഷഭാഗം ജീവിതത്തിലൂടെ വായിക്കുക. കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ മനുഷ്യൻ തയ്യാറായപ്പോഴാണല്ലോ അത്ഭുതം നടന്നത്. ദാമ്പത്യത്തിൽ അനുദിനം നടക്കേണ്ടയത്ഭുതമാണ് വെള്ളം വീഞ്ഞാവുകയെന്നത്. നിസാരകാര്യങ്ങളിൽ പോലും സ്നേഹത്തിന്റെ സ്പർശമുണ്ടെങ്കിൽ മനസ്സിൽ വീഞ്ഞിന്റെ മാധുര്യവും ലഹരിയു മുണ്ടാകും. അത് നഷ്ടമായാൽ സഹശയനം പോലും കേവലം പോക്കുന്നോരേർപ്പാടാകും. അതിനാൽ നാം എല്ലാവരും മനസ്സിലാക്കണം കുടുംബത്തിന്റെ അടിത്തറയെന്ന് പറയുന്നത് സ്നേഹവും ഐക്യവുമാണ്. ഗാർഹിക സഭയെന്നാണ് കുടുംബങ്ങളെ കത്തോലിക്കാ സഭ അഭിസംബോധന ചെയ്യുന്നത്. മാത്രമല്ല കുടുംബങ്ങളെക്കുറിച്ച് ടോൾസ്റ്റോയി പറയുന്നത്: "സന്തുഷ്ടമായ കുടുംബത്തിന് സമാനതയുണ്ടായിരിക്കും. അസന്തുഷ്ട കുടുംബങ്ങൾ ഓരോ വിധത്തിൽ അസന്തുഷ്ടമായിരിക്കും".ആയതിനാൽ കുടുംബ ജീവിതത്തിലെ മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് നസ്രത്തിലെ തിരുകുടുംബത്തെപ്പോലെ പുണ്യങ്ങൾ നിറഞ്ഞ കുടുംബമാക്കി മാറ്റുവാൻ ശ്രമിക്കാം. ദൈവസ്നേഹം നമ്മിൽ നിലനിൽക്കുവാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.





ബ്ര.ബിബിൻ ബെനറ്റ് ഒ.സി.ഡി.

# ദൈവഹിത പൂർത്തീകരണം തിരുക്കുടുംബത്തിലൂടെ

മക്കൾ ദൈവത്തിന്റെ ദാനമാണ്. ദാനമായ് ലഭിച്ച മക്കളെ കരുതലോടെ, സ്നേഹത്തോടെ വളർത്തുന്ന കാര്യസ്ഥന്മാരാണ്, ഭൂമിയിലെ ജീവിക്കുന്ന ദൈവത്തിന്റെ പ്രതിരൂപമാണ് മാതാപിതാക്കൾ. കുടുംബങ്ങളെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ അഥവാ കുടുംബങ്ങളെക്കുറിച്ച് നാം ഓർക്കുമ്പോൾ നമ്മുടെ മനസ്സുകളിലേയ്ക്ക് ആദ്യം തിരിതെളിയേണ്ടത് ഈശോയുടേയും, മറിയത്തിന്റെയും, യൗസേപ്പിതാ വിന്റെയും തിരുക്കുടുംബമായിരിക്കും. കാരണം ഭൂമിയിലായിരിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു മാതൃകയാണ് നസ്രത്തിലെ ആ തിരുക്കുടുംബം. ദൈവപിതാവിന്റെ ഇഷ്ടം അഥവ അവിടത്തെ ഹിതം നിറവേറ്റിയവരാണ് ഈശോയും മറിയവും, യൗസേ പിതാവും. തിരുകുടുംബത്തിലെ ഓരോ വ്യക്തിത്വങ്ങളും നമ്മൾക്ക് ഒരുപാട് സന്ദേശങ്ങൾ നൽകുന്നുണ്ട്. പരിശുദ്ധ കന്യകാമറിയം സഹനത്തിന്റെ നിദാന്ത മാതൃകയാണ്. അവളുടെ ജീവിതത്തിലേയ്ക്ക് കടന്നുപോകുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും: ദാവീദിന്റെ വംശ ത്തിൽപ്പെട്ട ജോസഫ് എന്ന പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന ഒരു കന്യകയായിരുന്നു മറിയം. ദൈവദൂതൻ അവളുടെ അടുക്കൽ വന്ന് പറഞ്ഞു, ‘‘ദൈവകൃപ നിറഞ്ഞവളെ സ്വസ്തി കർത്താവ് നിന്നോട്കൂടെ, നീ ഗർഭം ധരിച്ച് ഒരു പുത്ര നെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം, ദൈവത്തിന് ഒന്നും അസാധ്യ മല്ല എന്ന ദൂതന്റെ വാക്കുകൾ ശ്രവിച്ച മറിയം ഉദ്ധരിച്ചു, ‘‘ഇതാ കർത്താവിന്റെ ദാസി ! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ”. (ലൂക്ക1:38). ദൈവഹിതം തന്റെ ജീവിത ത്തിൽ പൂർണ്ണമായ് നിറവേറ്റിയ തിരുകു ടുംബ നാഥയായ് തിളങ്ങുകയാണ് പരിശുദ്ധ മറിയം.

വി. യൗസേപ്പിതാവിന്റെ ജീവിത ത്തിലേയ്ക്ക് നോക്കുമ്പോൾ അവിടേയും നമുക്ക് കാണുവാൻ സാധിക്കുക ദൈവഹി തം പൂർണമായ് നിറവേറ്റിയ തിരുക്കുടുംബ നാഥനായ യൗസേപ്പിതാവിനെ തന്നെ യാണ്. ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷ പ്പെട്ടുകൊണ്ട് നീതിമാനായ ജോസഫിനോട് പറഞ്ഞു“ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യായി സ്വീകരിക്കാൻ ശങ്കി ക്കേണ്ട.അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്, അവൾ ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്ന് പേരിടണം: ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതു പോലെ പ്രവർത്തിച്ചു: അവൾ തന്റെ ഭാര്യയെ സ്വീകരിച്ചു.(മത്തായി 1:20-21,24). ജോസഫ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ദൈവദൂത നോട് ഇനിയുള്ള തന്റെ ജീവിതം ദൈവഹിതം നിറവേറ്റുവാനായ് ഉഴിഞ്ഞ് വച്ചിരിക്കുന്നതാണെന്ന് തന്റെ മൗനത്തി ലൂടെ സമ്മതം മൂളി പ്രവർത്തിക്കുന്നു.

എല്ലാറ്റിനുമുപരിയായി, തന്റെ സ്വർഗ്ഗീയ പിതാവിൽനിന്നും ദൈവം

തനിക്കായി തിരഞ്ഞെ ടുത്ത തന്റെ മാതാപിതാക്കളിൽ നിന്നും പഠിച്ച കാര്യങ്ങൾ മനപാഠമാക്കി തന്റെ ജീവിതത്തിൽ അവ പ്രാവർത്തികമാക്കിയ യേശു ക്രിസ്തുവിന്റെ ജീവിതവും നമുക്കേവർക്കും ഒരു മാതൃകയാണ്. അവിടന്ന് തന്റെ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ പോലും ദൈവഹിതം നിറവേറ്റി. വചനത്തിൽ നാം കാണുക, "അവൻ അൽപദൂരം മുന്നോട്ടു ചെന്ന്, നിലത്തുവീണ് സാധ്യമെങ്കിൽ ആ മണിക്കൂർ തന്നെ കടന്നുപോകട്ടെ എന്നു പ്രാർത്ഥിച്ചു. അവൻ പറഞ്ഞു; ആബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിതരേണമേ!"എന്നാൽ എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം"(മർക്കോസ് 14:35-36)

ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും, തള്ളിപറയലുകളും, സങ്കടങ്ങളും, വേദനകളും ഒരുമിച്ചു തളർത്തുമ്പോഴും എന്റെ ഹിതമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ എന്ന് പറഞ്ഞ് ജീവിതത്തിൽ പ്രാവർത്തികമാക്കി ക്രിസ്തു. നാം നസ്രത്തിലെ തിരുകുടുംബത്തിലേക്ക് നോക്കുമ്പോൾ ദൈവകല്പനകൾ പാലിച്ച് ദൈവഹിതം പൂർണമായ് നിറവേറ്റിയ വ്യക്തിത്വങ്ങളെ നാം ദർശിക്കുന്നു. ഒരുപക്ഷേ ഇപ്രകാരം ഭൂമിയിലെ തിരുകുടുംബമായി ജീവിക്കേണ്ടതല്ലെ നമ്മുടെ ജീവിതവും. തുടക്കത്തിൽ ഞാൻ സൂചിപ്പിക്കുകയുണ്ടായി "മക്കൾ ദൈവത്തിന്റെ ദാനമാണ്, ദാനമായ് ലഭിച്ച മക്കളെ സൂക്ഷിച്ച് വളർത്തുന്ന കാര്യസ്ഥന്മാരാണ് അല്ലെങ്കിൽ ഭൂമിയിലെ ദൈവത്തിന്റെ പ്രതിരൂപമാണ് മാതാപിതാക്കൾ" ആധുനിക ലോകത്തിലെ പല കുടുംബങ്ങളെയും നാം നോക്കുമ്പോൾ നാം മനസ്സിലാക്കുന്ന യാഥാർത്ഥ്യമുണ്ട്. മതാപിതാക്കൾ തങ്ങളുടെ ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കുന്നു. ഡോക്ടറാകാൻ ആഗ്രഹിച്ച അച്ഛൻ മറ്റെന്തെങ്കിലും ആയിതീരുന്നു. ഡോക്ടറാവുക എന്ന ആഗ്രഹം അദ്ദേഹത്തിന്റെ മകനിൽ അടിച്ചേൽപ്പിക്കുന്നു. തന്റെ അബോധ പരമായ സ്നേഹത്തിനപ്പുറത്ത് നിന്ന് ആ പിതാവ് അതെല്ലാം ചെയ്യുന്നു. അബോധപരമായ സ്നേഹം യഥാർത്ഥ സ്നേഹമല്ല. അത് അന്ധമാണ്. മക്കളുടെ അഭിമുചിക്കനുസരിച്ച് അവരെ തനിയെ വിട്ടാൽ മാത്രമെ ശരിയാവൂ. നമ്മുടെ മക്കൾ നമ്മുടെ സ്വന്തമെന്നു കരുതുന്നതുകൊണ്ടാണ് നാം അവരെ നിർബന്ധിക്കുന്നു. നമ്മുടെ മക്കൾ ദൈവത്തിന്റെ മക്കളാണ് എന്ന ബോധം നമുക്കുണ്ടാവണം.

ഒരു കുടുംബജീവിതത്തിൽ പ്രധാനമായി ഉണ്ടായിരിക്കേണ്ടത് പരസ്പര വിശ്വാസമാണ്. ഭർത്താവിന് ഭാര്യയോടുള്ള വിശ്വാസം, ഭാര്യക്ക് ഭർത്താവിനോടുള്ള വിശ്വാസം, മക്കൾക്ക് മാതാപിതാക്കളോടുള്ള വിശ്വാസം, മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളോടുള്ള വിശ്വാസം. യഥാർത്ഥ വിശ്വാസമുള്ളിടത്തേ യഥാർത്ഥ സ്നേഹം നിലനിൽക്കൂ.

നമ്മുടെ ജീവിതത്തിൽ അല്ലെങ്കിൽ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകുന്ന ചെറിയ ചെറിയ ദുഃഖങ്ങളിലും, സങ്കടങ്ങളിലും, കഷ്ടതകളിലും തളരാതെ, പതറാതെ ദൈവസ്നേഹത്തിൽ അടിയുറച്ച് പരസ്പര സ്നേഹത്തിലും നിലനിന്ന് ദൈവഹിതം നമ്മുടെ കുടുംബങ്ങളിൽ പൂർത്തിയാക്കുവാൻ നസ്രത്തിലെ തിരുക്കുടുംബം നമുക്ക് കാട്ടിതന്ന ആ നല്ല മാതൃക നമുക്ക് പിൻതുടരാം.


**"പരസ്പര ബഹുമാനവും പങ്കുവച്ച ഉത്തരവാദിത്വവും അന്യോന്യം വിശ്വാസവുമുള്ള അംഗങ്ങളും നല്ല കുടുംബം സൃഷ്ടിക്കുന്നു."** – *ജോർജ് അലൻ*

* * *

**"കുടുംബം സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണ്"** – *ജോൺ ബ്രൗണിംഗ്*

ജുവാൻ കഫേ

സി.ടെസ്സ ഒ.സി.ഡി.



## ഓ സ്നേഹ ജ്വാലയേ.....

(തുടർച്ച)

*“I will hold her in my arms*
*and she will burn with your love*
*And with eternal delight*
*she will exact your goodness”*

സൃഷ്ടികർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്ന നാലാം ഭാഗത്ത് നിറഞ്ഞു നിൽക്കുക സൃഷ്ടിയുടെ സൗന്ദര്യമാണ്. വധുവിനു വസിക്കാനുള്ള മനോഹര ആലയമായ് പ്രപഞ്ചം നിർമ്മിക്കപ്പെടുന്നു. ഉയർന്നഭാഗം മാലാഖമാരെ ഏൽപ്പിക്കപ്പെടുമ്പോൾ മനുഷ്യൻ അധോഭാഗത്താക്കപ്പെടുന്നു. വിഷമിക്കേണ്ടതില്ല എന്ന് പുത്രൻ ഉറപ്പുനൽകുന്നുണ്ട്. സ്നേഹത്തിനു സംപൂർണ്ണത പ്രാപിക്കുന്ന നാളിൽ ഞാൻ നിന്നെ കൈകളിൽ വഹിച്ചു കൊണ്ട് പിതാവിന്റെ പക്കലേക്കുയർത്തും. അങ്ങനെ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് നീ പ്രേശിക്കപ്പെടും. അഞ്ചും ആറും ഭാഗങ്ങളിൽ നാം വായിച്ചെടുക്കുക പുത്രനായ വരനുവേണ്ടിയുള്ള സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ പ്രാർത്ഥാപൂർവ്വമായ കാത്തിരുപ്പാണ്. സകലതും സ്നേഹത്തിന്റെ നെടുവീർപ്പുകൾ ഉയർത്തുന്നു. തങ്ങളുടെ ആത്മാക്കളുടെ വരനായ ക്രിസ്ചുവിനു വേണ്ടിയാണത്. പ്രവാചകനായ ശിമയോന് പരിശുദ്ധാത്മാവ് നൽകുന്ന വാഗ്ദാനത്തോടെയാണ് ആറാം ഭാഗം അവസാനിക്കുക.

പാപത്തിന്റെ കഠിനമായ നുകത്തിൻ കീഴിൽ നിന്നും തനിക്ക് പിതാവിന്റെ സമ്മാനമായ വധുവിനെ വീണ്ടെടുക്കുവാനായ് സ്വർഗ്ഗം വിട്ടിറങ്ങുകയാണ് വരനായ ദൈവപുത്രൻ.. നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തെ വളരെ വ്യത്യസ്തമായൊരു രീതിയിൽ മനോഹരമായ് വിശുദ്ധ യോഹന്നാൻ ഏഴാം ഭാഗത്ത് അവതരിപ്പിക്കുന്നു. ഏഴാം ഭാഗത്ത് പുത്രന്റെ മനുഷ്യാവതാരത്തിനുള്ള സമയം തികഞ്ഞു എന്നു പുത്രനോടു പറയുന്ന പിതാവും പിതൃഹിതത്തോടുള്ള പുത്രന്റെ ആദരവും പ്രകടമാക്കുന്ന മറുപടിയുമാണ് നാം കാണുക.

*“I will go and seek my bride*
*And take upone myself*
*Her ...... and labers*
*In which she suffers so”.*

എട്ടാം ഭാഗത്ത് ഗബ്രിയേൽ മാലാഖ പരി. തന്യകാമറിയത്തിനടുത്തേക്ക് അയക്കപ്പെടുകയാണ്. മറിയത്തിന്റെ സമ്മതത്തോടുകൂടി അവളിൽ ദൈവപുത്രന്റെ മനുഷ്യാവതാരം എന്ന രഹസ്യം യാഥാർത്ഥ്യമാകുന്നു. പിതാവുമാത്രം സ്വന്തമായുണ്ടായിരുന്ന പുത്രനു ഇപ്പോൾ മുതൽ ഒരമ്മ കൂടി സ്വന്തമായിരിക്കുന്നു.

"And he who had only a father
Now had a mother too
From her own flesh
He received his flesh".

ഭൂമിയെ വർണ്ണപ്പട്ടണിയിക്കുവാനായ് ആഗതമാകും വസന്തം പോലെ സ്മയത്തിന്റെ പൂർത്തീകരണത്തിൽ ആഹ്ളാദം തിരതല്ലും ഹൃദയവുമായ് വരനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും കരങ്ങൾ നീട്ടിക്കൊണ്ട് തന്റെ വധുവിനെ പുൽകുവാനായ് ഈ ഭൂമിയിലേക്ക് വന്നു.

"Embracing his bride
holding her in his arms...
Whom the gracious mother
Laid in a manager"

Romances ന്റെ ഒൻപതാംഭാഗത്ത് വിശുദ്ധൻ എത്രമനോഹരമായും കാവ്യാത്മകമായും ഈശോയുടെ ജനനത്തെ വർണ്ണിച്ചിരിക്കുന്നത്. നൊവിഷ്യേറ്റ് കാലത്താണ് ഒരു ആഗമനകാലത്ത് ഒരിശിവിന്റെ വിശുദ്ധ യോഹന്നാന്റെ ത്രിത്വവും ക്രിസ്തുവും എന്ന കവിത കണ്ണിൽപ്പെട്ടത്. കൊതിയോടെയിരുന്നു അത് ധ്യാനിച്ചു വായിച്ചു. അനന്ുവരെയും ആഘോഷിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തവും പുതുമനിറഞ്ഞതുമായിരുന്നു അക്കൊല്ലത്തെ ക്രിസ്തുമസ്. സാധിക്കുമെങ്കിൽ ഇത്തവണ ക്രിസ്തുമസ്സിനൊരുക്കമായി Romances ഒന്നു വായിച്ചു നോക്കണേ. അങ്ങനെയെങ്കിൽ ഇത്തവണ പുൽക്കൂട്ടിനുള്ളിലെ ഉണ്ണിയുടെ കണ്ണുകളിൽ നമ്മെക്കാണായ് നമ്മെ സ്വന്തമാക്കാനായ് മണ്ണിൽ താഴ്ന്നിറങ്ങിവന്ന പുത്രനായ വരന്റെ പുഞ്ചിരി നിങ്ങൾ ദർശിക്കും. ... തീർച്ച കൃപനിറഞ്ഞൊരു ക്രിസ്തുമസ് നേരുന്നു. ...


**ജുവാൻ ജ്യോതി മാസികയിൽ നിങ്ങളുടെ പരസ്യങ്ങൾ നൽകാം**

**ജൂബിലി മംഗളങ്ങൾ, ഉപകാര സ്മരണകൾ, ചരമം തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങളും, മറ്റ് പരസ്യങ്ങളും നൽകാം.**

**നിരക്കുകൾ**

**Full Page Colour -2000/-**
**Half Page Colour-1500/-**
**Black and White (Half Page) 500/-**

*വിശദ വിവരങ്ങൾക്ക്*
*താഴെകാണുന്ന നമ്പറിൽ ബന്ധപ്പെടുക.*

Ph : 0484-2478242, Mob. 8281580012
E-Mail : juanjyothi@gmail.com



ഫാ.ഫിൽസൺ ഫ്രാൻസിസ്

# 3 ജോസഫുമാരും മൂന്നു പ്രത്യേകതകളും

തിരുവചനതാളുകൾ തിരിയുമ്പോൾ ജോസഫ് എന്ന പേരിനു മൂന്ന് ഉടമസ്ഥരെ നമുക്കു കണ്ടെത്താനാകും.

1. പൂർവപിതാവായ ജോസഫ്
2. വളർത്തുപിതാവായ ജോസഫ്
3. അരിമത്തിയാക്കാരൻ ജോസഫ്

'യഹോവ വർദ്ധിപ്പിക്കട്ടെ' എന്നതാണ് ജോസഫ് എന്ന വാക്കിനർത്ഥം. നമുക്കേറ്റവും പ്രധാനപ്പെട്ട യൗസേപ്പിതാവും മറ്റ് രണ്ടു ജോസഫുമാരുമായുള്ള സാമ്യം അഥവാ മൂന്നു ജോസഫുമാരിലും പൊതുവായി കാണാവുന്ന മൂന്നു പ്രത്യേകതകളാണ് ജോസഫിന്റെ വ്യക്തിത്വം നല്കുന്ന ആത്മീയ പാഠം.

**1. "ജോസഫ് നീതിമാനായിരുന്നു"**

തന്നോടു നീതികേട് കാട്ടിയ സഹോദരങ്ങളോട് ക്ഷമിച്ച് അവരുടെ ദുരിതനാളുകളിൽ കാരുണ്യം നിറഞ്ഞ ദൈവിക നീതിയോടെ സഹായം നല്കുന്ന പൂർവ്വപിതാവായ ജോസഫ് നീതിമാനായിരുന്നു. അപമാനഭാരം ഏല്ക്കേണ്ടി വന്ന് പല സ്ഥലങ്ങളിലും പൂർവ്വപിതാവ് പ്രതികാരമായി അവരെ അപമാനിക്കാൻ അവസരമുമണ്ടായിട്ടും പൂർവപിതാവ് ജോസഫ് ആരെയും അപമാനിച്ചില്ല. സഹോദരങ്ങളേയും പൊന്തിഫറിന്റെ ഭാര്യയേയും അപമാനിക്കാൻ ജോസഫിന്റെ മനസ്സനുവദിച്ചില്ല. പൂർവപിതാവ് ജന്മംകൊണ്ട് തന്നെ തന്റെ അമ്മയുടെ അപമാനം നീക്കിയവനായിരുന്നു. പൂർവ്വപിതാവ് യാക്കോബിന് കൂടുതൽ സ്നേഹം ലയ എന്ന ഭാര്യയോടായിരുന്നു.കാരണം തനിക്ക് മക്കളെ നല്കാനുള്ള കഴിവ് റാഹേലിനില്ല എന്നതുതന്നെ. "എന്നാൽ ദൈവം റാഹേലിനെ സ്മരിച്ചു അവിടന്ന് അവളുടെ പ്രാർത്ഥന കേൾക്കുകയും അവളുടെ വന്ധ്യത്വം അവസാനിപ്പിക്കുകയും ചെയ്തു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവൾ പറഞ്ഞു "എന്റെ അപമാനം ദൈവം നീക്കികളഞ്ഞിരിക്കുന്നു. കർത്താവ് എനിക്ക് ഒരു പുത്രനെക്കൂടി തരട്ടെ എന്നു പറഞ്ഞ് അവന് ജോസഫ് എന്നു പേരിട്ടു" (ഉൽപ.30:22 –24).

യേശുവിന്റെ വളർത്തുപിതാവ് ജോസഫ് യേശുവിന്റെ ജനനത്താൽ മറിയത്തിന് ഉണ്ടാകാനിടയുള്ള അപമാനം ഉണ്ടാകാതെ സൂക്ഷിച്ചു. 'മറിയത്തിന്റെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

ദൈവിക വെളിപാടിനുശേഷം "അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു" (മത്തായി 1:24) എന്നു സുവിശേഷത്തിൽ രേഖപ്പെടുത്തുമ്പോൾ മറിയം ജോസഫിന്റെ സംരക്ഷണയാൽ യാതൊരു അപമാനവും നേരിടേണ്ടി വന്നില്ല എന്നതാണ് സത്യം,.

താനുമായി വിവാഹ നിശ്ചയം കഴിഞ്ഞ് സഹവസിക്കുന്നതിനു മുമ്പുതന്നെ ഗർഭിണിയായി കാണപ്പെട്ട മറിയത്തോടു നിലനിന്നിരുന്ന യഹൂദനിയമങ്ങൾക്കും സാമൂഹ്യ വ്യവസ്ഥിതികൾക്കും അതീതമായി കാരുണ്യം നിറഞ്ഞ ദൈവിക നീതിയോടെ പെരുമാറിയ യേശുനാഥന്റെ വളർത്തു പിതാവായ ജോസഫ് നീതിമാനായിരുന്നു.

ഭൂമിയിൽ തലചായ്ക്കാൻ പോലും ഇടമില്ലാതിരുന്ന മനുഷ്യപുത്രൻ. കുറ്റവാളിയെപ്പോലെ ക്രൂശിലേറ്റപ്പെട്ടതിനും മരണത്തിനും

ശേഷം അന്ത്യ വിശ്രമത്തിനായി കാരുണ്യം നിറഞ്ഞ ദൈവിക നീതിയോടെ സ്വന്തം കല്ലറവിട്ടു നല്കിയ അരിമത്തിയാക്കാരൻ ജോസഫ് നീതിമാനായിരുന്നു. ആലോചനാ സംഘത്തിലെ അംഗമായിരുന്നിട്ടും അവൻ അവരുടെ ആലോചനകളിൽ പങ്കു ചേർന്നിരുന്നില്ല എന്നതും അരിമത്തിയാക്കാരൻ ജോസഫിന്റെ നീതിബോധം തന്നെ. അതിനാലാണ് സുവിശേഷകൻ ജോസഫിനെ നല്ലവനും നീതിമാനും എന്നു പരിചയപ്പെടുത്തുന്നത്.

ലോകരക്ഷകനായി കടന്നുവന്ന മിശിഹായുടെ മരണശേഷം ശിഷ്യന്മാരെല്ലാം ഭയന്ന് ഓടിയൊളിച്ച് നേരം അടക്കപ്പെടാൻ ഇടമില്ലായെന്ന അപമാനം നീക്കാൻ ധൈര്യപൂർവം മുന്നോട്ടു വന്നത് അരിമത്തിയാക്കാരൻ ജോസഫായിരുന്നു. മരണത്തെ അതിജീവിച്ച് ഭൂമിയുടെ ഗർഭപാത്രത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റ് മരണത്തെ തോല്പിച്ച് അപമാനം നീക്കാൻ അരിമത്തിയാക്കാരൻ ജോസഫ് ഇടപെട്ടു.

2. സ്വപ്നക്കാരൻ ജോസഫ്

ഈ പേരിലാണ് പൂർവ്വ പിതാവ് ജോസഫ് അറിയപ്പെട്ടിരുന്നതു തന്നെ. സ്വപ്നങ്ങളിലൂടെ ദൈവം ജോസഫിനോടു സംസാരിച്ചിരുന്നു. മറ്റുള്ളവരോടു ദൈവം സ്വപ്നത്തിൽ സംസാരിച്ചതും വ്യാഖ്യാനിക്കാൻ ജോസഫിനു ദൈവം കൃപ നൽകിയിരുന്നു.

കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു (മത്തായി 1:20) (മത്തായി 2:19) എന്നു രണ്ടുതവണ സുവിശേഷത്തിൽ നമുക്കു കാണാനാവും.ഒന്ന് മറിയത്തെ ഉപേക്ഷിക്കാനൊരുങ്ങുമ്പോഴും രണ്ട് ഹേറോദേസിന്റെ ക്രൂരതയെ പ്രതി ഈജിപ്തിലേക്ക് പോകേണ്ടിവന്നതിനുശേഷം ഇസ്രായേലിലേക്കു മടങ്ങിവരാൻ ആവശ്യപ്പെടുന്നതിനായും ദൈവം ജോസഫിന് ദർശനങ്ങളിലൂടെ സ്വപ്നമായി നിർദ്ദേശങ്ങൾ നല്കി വരുന്നു.

അരിമത്തിയാക്കാരൻ ജോസഫ് സ്വപ്നം കണ്ടതിനെക്കുറിച്ച് സുവിശേഷം സംസാരിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ചില പ്രത്യേകതകൾ അരിമത്തിയാക്കാരനും സ്വപ്നക്കാരനായിരുന്നു എന്ന് വെളിവാക്കുന്നതാണ്.

അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു.'(യോഹ.19:41) തന്റെ മരണാനന്തരം ജീവിതം സ്വപ്നം കണ്ടിരുന്നവനായിരുന്നു അരിമത്തിയാക്കാരൻ എന്നതിന് തെളിവാണ്. തോട്ടത്തിന്റെ നടുവിലെ കല്ലറ എന്നത് ദൈവിക വെളിപാടിന്റെ നിറവ് അവന്റെ സ്വപ്നത്തിലുണ്ടായിരുന്നു എന്നതിന് തെളിവാണ്.

ദൈവിക വെളിപാടുകളുടെ സ്വപ്നക്കാരന് 'മിസ്റ്റിക്കുകൾ' അഥവാ ദർശനങ്ങൾ (സ്വപ്നങ്ങൾ) ദൈവത്തിൽ നിന്നു സ്വീകരിച്ച് മനുഷ്യർക്കു പങ്കുവച്ച് കുരിശിന്റെ വി. യോഹന്നാനും വി. ഫൗസ്റ്റീനായ്ക്കും, വി. ഏവുപ്രാസിയമ്മയ്ക്കും പോലെ അനേകം മിസ്റ്റിക്കുകളുടെ തുടക്കക്കാരനായിരുന്നു ജോസഫ്.


3. ധീരനായ ജോസഫ്

സ്വന്തം സഹോദരങ്ങൾ പോലും തനിക്കെതിരെ തിരിഞ്ഞിട്ടും തുടരെ തുടരെ തകർച്ചകൾ വന്നുമൂടിയിട്ടും പൂർവ പിതാവായ ജോസഫ് ധീരനായി നിലകൊണ്ടു. പൊട്ടക്കിണറ്റിൽ തള്ളിയിടപ്പെട്ടപ്പോഴും ഇസ്മായല്യേയർക്ക് ഇരുപത് വെള്ളിക്കാശിന് വിറ്റപ്പോഴും പൊന്തിഫറുടെ ഭാര്യ ദുരാരോപണത്തിൽ കുടുക്കിയപ്പോഴും ജോസഫ് ശക്തനായി നിലകൊണ്ടു.

രാജഗോത്രമായദാവീദിന്റെ ഗോത്രത്തിൽ (ഭാരതീയ രീതിയിൽ പറഞ്ഞാൽ ക്ഷത്രിയഗോത്രത്തിൽ) പിറന്ന ജോസഫ് എന്ന തച്ചൻ ദുഷ്ടനും ക്രൂരനുമായ ഹേറോദേസ് രാജാവിന്റെ വെല്ലുവിളി ഏറ്റെടുത്ത് ഉണ്ണിയെ സംരക്ഷിച്ചു. മൈലുകൾ താണ്ടി ഈജിപ്തിൽ എത്തി. സുരക്ഷിതമായി ഭാര്യയേയും കുഞ്ഞിനെയും ചേർത്തുപിടിച്ച് ധീരനായ ജോസഫ്.

വരുംവരായ്കകൾ നോക്കാതെ യേശുവിന്റെ ശിഷ്യരാകാൻ അരിമത്തിയാക്കാരൻ പീലാത്തോസിന്റെ മുമ്പിൽ ചെന്നു യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു വാങ്ങി തന്റെതന്നെ കല്ലറയിൽ സംസ്ക്കരിച്ചു. ക്രൂശിലേറ്റപ്പെട്ട കുറ്റവാളിയുടെ അനുയായി ആയി അഥവ കൂട്ടാളിയായി പരിഗണിക്കപ്പെട്ടാൽ ഉണ്ടാവാനിടയുള്ള പ്രശ്നങ്ങൾ അറിയുമായിരുന്നിട്ടും ധൈര്യപൂർവം ഇടപെട്ട അരിമത്തിയാക്കാരൻ ജോസഫ്.

നീതിമാനും നല്ലവനും (ആരെയും അപമാനിക്കാത്തവനും), സ്വപ്നക്കാരനും (മിസ്റ്റിക്കും), ധീരനുമായി മാറേണ്ടവനാണ് ഓരോ മനുഷ്യനും എന്ന് ജോസഫ് നമ്മെ പഠിപ്പിക്കുന്നു



**Sr. Nirmala MS, CCR**
St. Joseph's Convent,
Tuet, Kollam

# വി. ജോൺബോസ്ക്കോ

ജോൺ ബോസ്ക്കോയ്ക്ക് 21 മാസം പ്രായമായപ്പോൾ തന്റെ പിതാവ് ഇഹലോകവാസം വെടിഞ്ഞു. അന്നു കുടുംബത്തിൽ ബാക്കിയുണ്ടായിരുന്നത് കുറച്ചു കൃഷിസ്ഥലവും കുറെകടങ്ങളുമായിരുന്നു.

തന്റെ പിതാവിന്റെ ആദ്യ വിവാഹത്തിലെ ഭാര്യ മരിച്ചു. അതിലെ ഒരു പുത്രയും ജോണിന്റെ അമ്മയും ഒരു സഹോദരനും അടങ്ങിയതായിരുന്നു പാവപ്പെട്ട ഈ കുടുംബം. പഠിത്തത്തിൽ സമർത്ഥനായ ജോണിന് വിദ്യാഭ്യാസം കൊടുക്കാൻ അമ്മ അതിയായി ആഗ്രഹിച്ചു. പക്ഷെ മൂത്ത സഹോദരൻ അതിനെതിരായിരുന്നു. അമ്മ ധർമ്മ സങ്കടത്തിലായി. കുടുംബാന്തരീക്ഷം ഏറെ മാറിപ്പോയി.

ജോണിന്റെ അമ്മ ഒരു അസാധാരണ സ്ത്രീയായിരുന്നു. ജീവിത പ്രയാസങ്ങളെല്ലാം അവർ ധീരതയോടെ നേരിട്ടു. വിദ്യാഭ്യാസമില്ലാത്ത അവൾ ദൈവഭക്തയായിരുന്നു. തന്റെ വിശ്വാസവും, പ്രത്യാശയും, കഠിനാദ്ധ്വാനവുമെല്ലാം അവൾ മക്കൾക്കുപകർന്നു കൊടുത്തു. ഭർത്താവിന്റെ ആദ്യ വിവാഹത്തിലെ പുത്രൻ നിർബന്ധമായും ജോണിന്റെ വിദ്യാഭ്യാസത്തോട് എതിരായിരുന്നു. തന്നെപ്പോലെ തന്നെ കൃഷിയും മറ്റും നോക്കി നടത്തണം. അല്ലെങ്കിൽ എന്റെ വിഹിതം തരിക, ഞാൻ പോവുകയാണ്, എന്നു ശഠിച്ചു. അവസാനം അമ്മ അവന്റെ ഇംഗിതത്തിനു വഴങ്ങി. അവന്റെ വിഹിതം കൊടുത്തു. ജോണിനെ ദൂരയൊരു സ്കൂളിലാക്കി. അവൻ ഒരു ധനികയായ സ്ത്രീയുടെ വീട്ടിൽ നിന്നു പഠിച്ചു. അപ്പോഴാണ് അനാഥത്വം എന്തെന്നു ജോണിനു മനസിലാകുന്നത്. ജോണിന്റെ അതിയായ ആഗ്രഹമായിരുന്നു ഒരു പുരോഹിതനാവുകയെന്നത്. അതിനു വിദ്യാഭ്യാസം അത്യാവശ്യം. ബാലനായ ജോൺ എല്ലാക്കാര്യത്തിലും സമർത്ഥനായിരുന്നു. പഠിത്തത്തോടുകൂടി തന്നെ തയ്യൽപ്പണി, ബേക്കറി ജോലി, കൊല്ലപ്പണി, ചെരിപ്പുണ്ടാക്കൽ തുടങ്ങിയ പലതരം ജോലികളും ചെയ്തു.

പഠിത്തത്തിൽ അതിസമർത്ഥനായ ജോണിന് പതിനെട്ടു വയസായപ്പോഴേക്കും നല്ല വളർച്ചയുണ്ടായിരുന്നു. അവൻ എല്ലാവരുടേയം സ്നേഹവും ബഹുമാനവും പിടിച്ചുപറ്റി.

ബാലനായിരുന്നപ്പോൾ തന്നെ കന്യാകാമറിയത്തെ ജോൺ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. മാതാവിന്റെ ചില ദർശനങ്ങളൊക്കെ സ്വപ്നത്തിലൂടെ മനസിലായി. തന്റെ ചിരകാല അഭിലാഷമായ വൈദിക വൃത്തിയും അതിലൂടെ താൻ നിർദ്ധനരും നിരാലംബരുമായ ആൺകുട്ടിൾക്കുവേണ്ടി ജീവിക്കുമെന്ന് അമ്മയെ ചെറുപ്രായത്തിൽ തന്നെ അറിയിച്ചിരുന്നു. 18 വയസ്സായപ്പോൾ തന്റെ ആഗ്രഹം കൂട്ടുകാരുമായും പങ്കുവെച്ചു. "ഞാൻ അച്ചനാകാൻ പോകുന്നു എന്റെ ജീവിതം ഞാൻ കുട്ടികൾക്കായി നീക്കിവയ്ക്കും."

അമ്മ എല്ലാവരാലും ഇഷ്ടപ്പെട്ട വ്യക്തിയായിരുന്നു. അതുകൊണ്ട് എല്ലാവരുടെ അമ്മയായി. അവർ അവളെ വിളിച്ചിരുന്നത് 'മമ്മാ' എന്നായിരുന്നു.

ജോൺ ധാരാളം കുട്ടികളെ അവനിലേക്കാകർഷിച്ചു. കീറിയ ഷർട്ടും മുറിഞ്ഞ മുഖവുമായി അവർ ജോണിന്റെയടുത്തെത്തും. വളരെ വേഗം ജോൺ അവരുടെ നേതാവായി. ജോൺ പറഞ്ഞതിങ്ങനെയാണ്. "അവർക്ക് എന്നെപ്പോലെ ഒരു നല്ല അമ്മയില്ല, വേദോപദേശം അറിയില്ല, അവരെ മാതാപിതാക്കൾ പള്ളിയിൽ കൊണ്ടുപോകില്ല, ഞാനവരുടെ കൂടെയുള്ളപ്പോൾ അവരുടെ പെരുമാറ്റം എത്ര നല്ലതാണ് – "ഞാൻ അവരുടെകൂടെ പോകട്ടെ മമ്മ."

മേൽപ്പറഞ്ഞ വാക്കുകൾ ലോകമെമ്പാടും അറിയപ്പെടുന്ന വിശുദ്ധ ജോൺബോസ്‌ക്കോ അറിഞ്ഞോ അറിയാതെയോ തന്റെ അമ്മയ്ക്ക് കൊടുത്ത സർട്ടിഫിക്കറ്റാണ്. കുടുംബാന്തരീക്ഷ മാണ് അദ്ദേഹത്തെ വിശുദ്ധനാക്കിയതെന്ന് നമുക്ക് നിസംശയം പറയാം. അമ്മയുടെ മടിത്തട്ടിൽ നിന്നാണ് വിശുദ്ധ ജീവിതം എന്തെന്ന് ജോൺ പഠിച്ചത്. എന്തുജോലിയും അഭിമാനത്തോടെ ചെയ്യുക അപ്പോൾ ആ ജോലി ഏറെ ലഘുവായി തോന്നും എന്നാണ് അമ്മ മകനെ പഠിപ്പിച്ചത്.

അമ്മയുടെ അനുഗ്രഹത്തോടും അനുവാദത്തോടും ജോൺ സെമിനാരിയിൽ ചേർന്നു. പഠിത്തത്തിൽ സമർത്ഥനും ദൈവിക കാര്യങ്ങളിൽ അതീവ തൽപ്പരനുമായ ജോൺ 1841 ജൂൺ 5-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു അടുത്ത ദിവസം ആദ്യകുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ ഒരു പ്രത്യേക കാര്യത്തിനായി പ്രാർത്ഥിച്ചു. *Gift of Efficacy of speech*- ആ വരം ലഭിക്കുകയും ചെയ്തു.

ഒരു ദിവസം ജോൺബോസ്‌ക്കോ കുർബാനക്കായി തിരുവസ്ത്രങ്ങൾ അണിയുമ്പോൾ തന്റെ സഹായി ഒരു യുവാവിന്റെ നേരെ ആക്രോശിക്കുന്നതുകേട്ടു. അവൻ പള്ളിയിൽ അഭയംതേടി വന്നതായിരുന്നു. ഡോൺബോസ്‌ക്കോ അവനെ വിളിച്ചു, പേര്, സ്ഥലം, മാതാപിതാക്കൾ മുതലായവയെക്കുറിച്ചന്വേഷിച്ചപ്പോഴറിയുന്നു. അവനൊരു അനാഥനാണ്. ആരോരുമില്ലാത്ത അനാഥ ബാലൻ. അടുത്ത ഞായറാഴ്ച നിന്റെ കൂട്ടുകാരെയെല്ലാം കൂട്ടിക്കൊണ്ടുവരിക. നമുക്കൊരുമിച്ചൊരു ദിവസം ചെലവഴിക്കാം എന്നു പറഞ്ഞവനെ ആശ്വസിപ്പിച്ചു.

അനാഥരും ആലംബഹീനരും പെരുകി തുടങ്ങി. ഒരു ചെറിയ ഷെഡിൽ 500 പേർ കുർബാനക്കിരിക്കും. ആഹാരം, വസ്ത്രം, മരുന്ന് ഇതെല്ലാം ഒരു പ്രശ്നമായി.

പെൺകുട്ടികളുടെ അനാഥാലയത്തിലെ ഡയറക്ടർ ജോൺബോസ്‌ക്കോയോട് ചോദിച്ചു "ഞങ്ങളെ വിട്ടുപോവുകയാണോ?" അദ്ദേഹം പറഞ്ഞു നിങ്ങൾക്കുവേറൊരച്ചനെ കിട്ടുമല്ലോ പക്ഷെ ഇവർക്കെന്നെ വേണം.

ജോൺബോസ്‌ക്കോ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരു ദിവസം ഒരു പുസ്തകം എടുക്കാൻ മറന്നുപോയി. അദ്ധ്യാപകൻ പറഞ്ഞു ഓരോരുത്തരുമായി ഈ പുസ്തകത്തിൽ നിന്നും വായിച്ചിട്ട് അതു ലാറ്റിനിലേക്ക് തർജ്ജമ ചെയ്യാൻ ജോണിന്റെ ഊഴംവന്നു വേറൊരു പുസ്തകമെടുത്തു പിടിച്ച് വായിച്ച് ലാറ്റിനിലേക്ക് തർജ്ജമയും ചെയ്തു. അടുത്തിരുന്ന കുട്ടിക്ക് ഇതു മനസിലായി. ക്ലാസുമുഴുവൻ സംസാരമായി. ടീച്ചറിനും മനസിലായി. യഥാർത്ഥത്തിൽ ആ ബുക്ക് ജോൺ തലതിരിച്ചായിരുന്നു പിടിച്ചിരുന്നത്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനായിരുന്നുവെന്നു നമുക്കനുമാനിക്കാം.

മാതാവിലുള്ള ഹൃദയം നിറഞ്ഞ വിശ്വാസവും കാലികീശയുമായി ജോൺബോസ്‌ക്കോ തുടങ്ങിയ സംരംഭം ഇന്നു ലോകമെമ്പാടും പടർന്നു പന്തലിച്ചു നിൽക്കുന്നു. ബോയ്സ് ഹോം, ട്രെയിനിംഗ് സെന്ററുകൾ, കോളേജുകൾ മുതലയാ ഒട്ടനവധി സ്ഥാപനങ്ങൾ വഴി മഹത്തായ സേവനം കാഴ്ചവയ്ക്കുന്നു.

പൂനയിൽ എന്റെ നൊവീഷ്യറ്റ് കാലത്ത് സലേഷ്യൻ അച്ചന്മാരിൽ നിന്നും കിട്ടിയ ആദ്ധ്യാത്മിക സഹായങ്ങൾ എന്നും ഞാനോർക്കുന്നു. അവരുടെ സേവനം കണ്ടും, കേട്ടും, അനുഭവിച്ചറിഞ്ഞ ഞാൻ ഏറെ വർഷങ്ങൾക്കുശേഷം യുറോപ്പ് സന്ദർശിച്ചപ്പോൾ ട്യൂറെനിൽ ഈ വിശുദ്ധന്റെ ഭൗതിക ശരീരം വണങ്ങുന്നതിന് സാധിച്ചതിൽ ഞാൻ കൃതാർത്ഥയാണ്. വി. ഡോൺബോസ്‌ക്കോ - ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ.





ബ്രദർ യേശുദാസ് സെബാസ്റ്റ്യൻ
അരേശ്ശേരിൽ ഒ.സി.ഡി.

# എൽ-റോയി
# ദൈവം എന്നെ കാണുന്നു.

സാധാരണക്കാരനായ ഒരുവന് തന്റെ മുൻപിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ വഴികളും അതുപോലെ തന്നെ തന്റെ ജീവിത്തതിൽ ഉണ്ടാകുന്ന ദൈവത്തിന്റെ ഇടപെടലും മനസിലാക്കുവാൻ വളരെ പ്രയാസമാണ്. എന്നാൽ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരുവന് ദൈവത്തിന്റെ അചഞ്ചലമായ സഹിത്യം അഥവ ചങ്ങാത്തം കണ്ടെത്തുവാനും മനസിലാക്കുവാനും സാധിക്കും. ദൈവത്തിന്റെ മുൻപിൽ ഒരുവൻ കരഞ്ഞു പ്രാർത്ഥിക്കുമ്പോൾ അവരുടെ മുൻപിൽ ദൈവം തന്റെ മുഖം മറക്കില്ല. അവന്റെ വേദനകൾ, അഴന്റെ ക്ലേശങ്ങൾ ദൈവം നോക്കി കാണുന്നു- 'എൽ.റോയി' - ദൈവം എന്നെ കാണുന്നു

"രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകി പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശയ്യ 59:1) ഒരിക്കൽ ഇസ്രായേലിന്റെ രാജാവായിരുന്ന, രോഗബാധിതനായി മരണത്തെ മുന്നിൽകണ്ട് കഴിഞ്ഞിരുന്ന എസക്കിയേലിനോട് ദൈവം പറഞ്ഞു: ''ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും" (2 രാജാക്കന്മാർ 20:5) അതുപോലെ തന്നെ വെളിപാടിന്റെ പുസ്തകത്തിൽ 21-ാം അദ്ധ്യായം 4-ാം വാക്യത്തിലും നാം കാണുന്നുണ്ട്. ദൈവം യോഹന്നാനിലൂടെ സാന്ത്വനപ്പെടുത്തുന്നതായിട്ട്: "അവിടന്ന് മിഴികളിൽ നിന്ന് കണ്ണീർ തുടച്ചു നീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി"

പഴയനിയമത്തിൽ നാം വായിച്ചുകേൾക്കും. അബ്രാഹത്തിന്റെ ഭവനത്തിൽ ഹാഗാർ എന്ന അടിമസ്ത്രീയെക്കുറിച്ച്. ഹീബ്രു ഭാഷയിൽ ഹാഗാർ എന്ന പദം അർത്ഥമാക്കുന്നത്. "ഓടി രക്ഷപ്പെടുക" എന്നാണ്. അബ്രാഹമും തന്റെ ഭാര്യായ സാറായും ഒരുപാട് വർഷങ്ങൾ കാത്തിരുന്നു, ദൈവത്തിന്റെ ഉടമ്പടി നിറവേറാൻ. ഒരു ദിവസം സാറ അബ്രാഹത്തിനോട് പറഞ്ഞു: "അബ്രാഹം, മക്കളുണ്ടാവാൻ ദൈവം എനിക്ക് വരം തന്നിട്ടില്ല. നിങ്ങൾ എന്റെ ദാസിയെ പ്രാപിക്കുക. ഒരു പക്ഷേ അവൾമൂലം എനിക്ക് കുഞ്ഞുങ്ങൾ ഉണ്ടായേക്കാം" ഇതാണ് ദൈവത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന മനുഷ്യന്റെ ചിന്താഗതി. ഇതുതന്നെയാണ് ഇന്നത്തെ കാലത്തെ ചെറുപ്പക്കാരിൽ നാം കണ്ടുവരുന്ന മനോഭാവവും. ഉദാഹരണത്തിന്, ഒരുവൾ അല്ലെങ്കിൽ ഒരുവൻ നല്ലൊരു ജോലി ലഭിക്കുവാനായി ഒരുപാട് അദ്ധ്വാനിച്ചിട്ടും, ഒരുപാട് പരീക്ഷകളിൽ പങ്കെടുത്തിട്ടും ജോലി ലഭിക്കാതെ വരുമ്പോൾ ദൈവിക പദ്ധതികളിൽ നിന്നും അവർ മാറി ചിന്തിക്കാൻ തുടങ്ങുന്നു.

അങ്ങനെ സാറായുടെ അഭ്യർത്ഥന സ്വീകരിച്ച അബ്രഹാമിന് ദാസിപ്പെണ്ണായ ഹാഗാറിൽനിന്നും ഒരു പുത്രൻ ജനിക്കുന്നുണ്ട്.

ഹാഗാർ പൂർണ്ണ ഗർഭിണിയായിരിക്കുമ്പോൾ സാറായുടെ ക്രൂരതകൾകൊണ്ട് അവിടെ നിന്നും ഓടിപോകുന്നുണ്ട്. ഒരുപക്ഷേ ഈ ഹാഗാറിനെപോലെയല്ലേ നമ്മളും; ഒരുപാട് വിഷമങ്ങൾ ഉണ്ടാകുമ്പോൾ, ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഈ ഹാഗാറിനെപോലെ ജീവിതത്തിന്റെ തന്മയീഭാവത്തിൽ നിന്നും ഓടി ഒളിക്കുന്നു. മദ്യലഹരിയിൽ അടിമപ്പെട്ടുപോയ ഭർത്താവ് ഭാര്യയുടെ പ്രതീക്ഷകൾക്ക് വിപരീതമായി ജീവിക്കുന്നു എന്ന ചിന്താഗതിയിൽ 'Diverse' എന്ന അന്ധകനെ കൂട്ടുപിടിച്ച് തങ്ങളെ ജീവനുതുല്യം സ്നേഹിക്കുന്ന മക്കളെ മറന്ന്, അവരുടെ ജീവിതങ്ങളെ മറന്ന് ഭൂമിയിലെ സ്വർഗമാകുന്ന കുടുംബത്തെ കീറിമുറിക്കുന്നു ഇന്നത്തെ മാനവരാശി. പക്ഷേ ദൈവം അപ്പോഴും നമ്മോട് പറയുന്നുണ്ട് 'Stay back'

ഷൂറിലേയ്ക്കുള്ള വഴിയിൽ ചുട്ടുപൊള്ളുന്ന ഒരു മരുഭൂമിയിൽ ആരും സഹായിക്കാനില്ലാതെ പ്രതീക്ഷകൾ നഷ്ടപ്പെട്ട് നിസ്സഹായയായി നിന്ന ഹാഗാറെ ദൈവം കണ്ടു. ദൈവം തന്റെ ദൂതനെ അയച്ച് അവളെ സാന്ത്വനപ്പെടുത്തി. എൽ–റോയി– ദൈവം എന്നെ കാണുന്നു, നമ്മിലെ എല്ലാ പരാജയങ്ങളും ദൈവത്തിങ്കലേക്കുള്ള വഴികളാണ്. നമ്മുടെ ജീവിതത്തിലെ ഇരുട്ടു നിറഞ്ഞ അവസ്ഥയിൽപോലും സന്തോഷവും. സമാധാനവും അതാണ് ദൈവം നമുക്കായി മാറ്റിവയ്ക്കപ്പെട്ട അവിടത്തെ സമ്മാനം. അവ കണ്ടെത്തുവാനും അവ നേടിയെടുക്കുവാനും നാം പരിശ്രമിക്കണം. ദൈവം ഹാഗാറിനോട് പറഞ്ഞു: “എണ്ണിയാൽ തീരാത്തവണ്ണം അത്രയധികമായി നിന്റെ സന്തതിയെ ഞാൻ വർധിപ്പിക്കും,” ദൈവം ഹാഗാറെ സാന്ത്വനിപ്പിച്ചു. ദൈവം അവളുടെ കണ്ണീർ തുടച്ചുമാറ്റി. ദൈവത്തിന്റെ സ്വരം അവൾക്കു ശക്തിയേകി. പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോയ ഹാഗാർ ദൈവത്തിന്റെ സമ്മാനം ലഭിച്ചപ്പോൾ വളരെ സന്തോഷമുള്ളവളായി മാറി. പിന്നീട് അവൾ മനസിലാക്കി അവളുടെ വേദനകളിലും, കഷ്ടപ്പാടുകളിലും ദൈവം അവളോടൊപ്പമുണ്ടെന്ന്. അതുകൊണ്ടാണ് ഹാഗാർ ആ മരുഭൂമിയിൽ വച്ച് വളരെ സന്തോഷത്തോടെ, സ്നേഹത്തോടെ, സമാധാനത്തോടെ തന്റെ ദൈവത്തെ വിളിച്ചു:

“എൽ–റോയി”– ദൈവം എന്നെ കാണുന്നു.

## തിരുനാൾ ആശംസകൾ...

- Jan. 1 Fr. Sanil Sebastian OCD
- Jan. 1 Fr. Yesudas Xavier OCD
- Jan. 2 Fr. Basil Stephen OCD
- Jan. 7 Fr. Raimond Shaiju OCD
- Jan. 20 Fr. Sebstian Lazar OCD
- Jan. 24 Fr. Francis Sales OCD
- Jan. 31 Fr. Joel Sakar OCD



# സിക്കമൂർ മരത്തണലിൽ

സി.അന്ന സനി DSA

ഇരുൾ നിന്നെ കവരുന്നതുപോലെ തോന്നുന്നു ണ്ടോ? മിഴിതുറന്നു ഭയംതോന്നു ണ്ടോ? അതോ ഇരുളിനെ പ്രണയിച്ചു തുടങ്ങിയോ ? മിഴി ഉയർത്തി യപ്പോൾ അവൻ പറഞ്ഞു. ഒക്കെ നിന്റെ വെറും തോന്നലുകളാണ്.... നിനക്ക് നടക്കേണ്ട വഴികളുണ്ട്... നീ ചെയ്ത് തീർക്കേണ്ട ചില പുണ്യങ്ങളും.... അനേകായിരം ജനങ്ങൾ ക്കിടയിൽ എനിക്കെന്തു റോൾ എന്നൊരുപക്ഷേ നീ ചിന്തിക്കുന്നുണ്ടാവും ഒരുപാട് നക്ഷത്ര ങ്ങളില്ലേ ഈ അനന്തനീലിമയിൽ അവയോരോന്നും പ്രകാശിക്കേണ്ട എന്ന് ചിന്തിച്ചാ ലോ? കാണാൻ കഴിയുമോ മിന്നിത്തിളങ്ങുന്ന ആകാ ശത്തെ? നിനക്കറിയുമോ ഒരു പക്ഷേ അതിമനോഹ രമായ ചന്ദ്രൻ പ്രകാശിക്കുന്നതും നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതുമൊക്കെ നമുക്കു കാണാൻ കഴിയുന്നതു ഇരുട്ടു മൂലമാണ്. പകലും ഈ പറഞ്ഞ സംഭവങ്ങൾ അവിടെതന്നെയുണ്ട്. എന്നാൽ നമുക്കത് കാണാൻ കഴിയുന്നില്ല. അതുപോലെ തന്നെയാണ് ചില നന്മകളും. ഇരുണ്ട സാഹചര്യ ങ്ങളിലൂടെ യാത്രയിലെ അവയുടെ യഥാർത്ഥ തിളക്കം കാണാൻ കഴിയൂ. അതുകൊണ്ട് നീയെന്താ യിരുന്നുവെന്നത് മറക്കുക. എനിക്ക് നിന്നെക്കൊണ്ട് ആവശ്യമുണ്ട്. നസ്രായൻ പറഞ്ഞു നിറുത്തിയപ്പോൾ അവന്റെ മുമ്പിൽ എഴുന്നേറ്റ് നിന്ന് സക്കേവൂസ് പറഞ്ഞു. നിനക്കുവേണ്ടി ദരിദ്രനാകാൻ ഞാൻ ഒരുക്കമാണ്. ഇത് ഒരുൾക്കാഴ്ചയുടെ പ്രതിഫലനമാ ണ്.... രക്ഷനേർന്നുകൊണ്ട് ഈശോ പടിയിറങ്ങിയ പ്പോൾ പുഞ്ചിരിയോടെ നിന്ന സക്കേവൂസ് മൗനത്തിലാഴ്ന്നുകൊണ്ട് തന്റെ ജീവിതത്തെയോ ർത്തു. ഇന്നലെവരെ എന്തായിരുന്നു എന്നുള്ളതൊ ക്കെ മാറി.... സക്കേവൂസ് ചിന്തിച്ചു. ജനക്കൂട്ടത്തിനിട യിലെ നായകൻ, ക്രിസ്തു തന്റെ ഹൃദയത്തിലാഴ് ത്തിയിറക്കിയ നോട്ടം.... തന്റെ വീട്ടിൽ കഴിയണം എന്ന് പറഞ്ഞത് ഒരു സ്വപ്നംപോലെ എന്നു കരുതവേ....തലേദിവസം ഉറക്കത്തിൽകണ്ട സ്വപ്നം സക്കേവൂസിന്റെ ഉള്ളത്തെ മദിച്ചു.

“സന്ധ്യ മയങ്ങിയപ്പോൾ അയാൾ പുഴയുടെ അരികിലെത്തി തോണിയിൽ കയറി തുഴയാൻ തുടങ്ങി. രാവ് മുഴുവനും അയാൾ തുഴഞ്ഞുകൊണ്ടേ യിരുന്നു. പുലരിവെളിച്ചം വീഴാൻ തുടങ്ങിയിട്ടും താനിതുവരെ അക്കരെയെ ത്തിയില്ലല്ലോ എന്നോർ ത്തിട്ടും അയാൾ തുഴഞ്ഞു കൊണ്ടേയിരുന്നു. സൂര്യതേജസ്സോടെയൊരാൾ തന്നെ സമീപിക്കുന്നത് അയാൾ കണ്ടു. ഇത്രയായിട്ടും അക്കരെയെത്താ ത്തതിൽ അമർഷം പൂണ്ട് നിരാശനായി തുഴ വലിച്ചെറിയാൻ ശ്രമിക്കവേ.... തോണിയെ കരയോട് ബന്ധിച്ചിരുന്ന കയർ പതുക്കെ അയാൾ അഴിച്ചുമാറ്റി. തളർന്നവശനായ തന്റെ കരങ്ങളിൽ നിന്ന് തുഴവാ ങ്ങി അയാൾ തുഴഞ്ഞുതുടങ്ങി. തേജോമയനായ അദ്ദേഹത്തിന് ഈശോയുടെ മുഖമായിരു ന്നുവെന്ന് സക്കേവൂസ് ഓർത്തു. ഈശോയോ ടൊപ്പം അല്ലാതെയുള്ള അധ്വാനങ്ങളെല്ലാം അലച്ചിലുക ളാണ്. അവനോടൊട്ടിച്ചേരാത്ത ബന്ധങ്ങളെല്ലാം ബന്ധനങ്ങളും അവശനായ വന്റെ കരംപിടിക്കാൻ ഒപ്പം തുഴഞ്ഞ് ലക്ഷ്യത്തിലെത്തിക്കാൻ അവനോളം മനസ്സുള്ളവരേറെ യാരുമില്ല.

ഈശോ പോയ്ക്കഴിഞ്ഞപ്പോൾ സക്കേവൂസ് ഈശോയോട് പറഞ്ഞതനുസരിച്ച് തന്റെ സ്വത്തെ ല്ലാം ദാനം ചെയ്തു, തികഞ്ഞ സന്തോഷ ത്തോടെ, നശ്വരമായ ഒരു സ്വത്തും താനിപ്പോൾ അനുഭവിക്കു ന്ന സന്തോഷം നൽകിയിരുന്നില്ല എന്ന് സക്കേവൂസ് മനസ്സിലാക്കി. സക്കേവൂസ് പുറത്തേക്കിറങ്ങി ഈശോ നടന്ന വഴികളിലൂടെ യൊക്കെ ഒന്നു

നടന്നുനോക്കി. തന്റെ ഹൃദയത്തെ കീഴടക്കിയ ഈശോയുടെ പാദസ്പർശമേറ്റ മുള്ളുപാതകൾ ആത്മസന്തോഷതികവിൽ സക്കേവൂസ് നടക്കുക യാണ്. അയാൾ ചുറ്റും നോക്കി ഇന്നലെവരെ തന്നെ അവജ്ഞയോടെ നോക്കിയവരെല്ലാം, തന്നെ ഒരു സുഹൃത്തിനെ യെന്നപോലെ നോക്കുന്നതായി അയാൾക്കു തോന്നി. നടന്ന് നടന്ന് അയാൾ സിക്കമൂർ മരത്ത ണലിൽ എത്തിച്ചേർന്നു. സിക്കമൂർ മരത്തോട് ചേർന്നിരുന്ന് അയാൾ ഈശോയെ ധ്യാനിച്ചു. ഈശോയ്ക്കുവേണ്ടി പരമദരിദ്രനും ഭിക്ഷു വുമായി. വഴിയോരങ്ങളിലൊക്കെയും സംസാരം സക്കേവൂസിനെക്കുറിച്ചാണ്. ഇപ്പോഴ യാളെ കണ്ടാൽ ആരും മുഖം തിരിക്കാറില്ല. അയാളെ ക്കുറിച്ച് പതുങ്ങി കുറ്റം പറയാറുമില്ല. അയാളെ നോക്കി വരൂ ഒരു കപ്പ് കാപ്പി കുടിക്കാം എന്നോ അല്ലെങ്കിൽ അയാൾക്ക് ഒരു കഷണം അപ്പം കൊടുക്കാനോ അവർ തയ്യാറാകുന്നുണ്ട്.

സ്വർഗരാജ്യം സ്വന്തമാക്കാനായി എന്ത് ചെയ്യണമെന്ന് ചോദിച്ചുകൊണ്ട് ഈശോയുടെ മുമ്പിൽ മുട്ടുകുത്തിയ ധനികനായ സക്കേവൂ സിനെക്കണ്ടപ്പോൾ അത്ഭുതത്തോടെ ചോദിച്ചു. ഇതെങ്ങനെ സംഭവിച്ചു? സക്കേവൂസ് മറുപടി നൽകി അവന്റെ കണ്ണുകൾ എനിക്ക് കാഴ്ചയേകി അവനോട് ചേരാത്തതെല്ലാം ചാരവും പൊടിയും കണ്ണുകൾ കണ്ടതാണല്ലോ എന്ന് ധനികനായ യുവാവ് ആത്മഗതം ചെയ്തു. അവൻ നിന്നോടെന്താണ് ആവശ്യപ്പെട്ടത്? സ്വത്ത് ദരിദ്രർക്ക് കൊടുക്കാൻ പറഞ്ഞല്ലോ? പുഞ്ചിരിച്ചുകൊണ്ട് സക്കേവൂസ് മറുപടി നൽകി. അവൻ എന്നോടൊന്നും ആവശ്യപ്പെട്ടില്ല. എന്റെ വീട്ടിൽ വസിക്കണം എന്ന് മാത്രം പറഞ്ഞു. അവൻ വന്നുകഴിഞ്ഞതുമുതൽ യഥാർത്ഥ സന്തോഷ മെന്താണെന്ന് ഞാനറിഞ്ഞു. ഭിക്ഷയായി കിട്ടുന്ന അപ്പത്തെക്കാൾ അപരന്റെ പുഞ്ചിരി എന്റെ വിശപ്പകറ്റുന്നു. ആനന്ദമാണവൻ എനിക്കേകിയത്. സമാധാനം നേർന്നുകൊണ്ട് സക്കേവൂസ് നടന്നകന്നു. സക്കേവൂസ് പോയിക്ക ഴിഞ്ഞപ്പോൾ സിക്കമൂർ മരത്തോട് ചേർന്ന് നിന്ന് ആ യുവാവ് ആരോടെന്നില്ലാതെ പറഞ്ഞു. ഞാനവനെ അന്വേഷിച്ചു കണ്ടെത്തി എന്താണ് ചെയ്യേണ്ട തെന്ന് ചോദിച്ചു എല്ലാം പാവങ്ങൾക്കായി വീതിച്ചു നൽകാൻ അവൻ പറഞ്ഞു, അതുൾക്കൊള്ളാൻ എനിക്കായില്ല. അവന്റെ സഹതാപം നിറഞ്ഞനോട്ടം അയാളെ അസ്വസ്ഥ നാക്കിയെങ്കിലും പട്ടുവസ്ത്രത്തിന്റെയും സ്വർണ്ണ ത്തിന്റെയും മഞ്ഞളിപ്പിക്കുന്ന പ്രഭയിൽ അതെല്ലാം മറക്കുവാൻ അയാൾ ശ്രമിച്ചു. ദൂരെ സക്കേവൂസ് നടന്നകലുന്നതുകണ്ട് അയാൾ വീണ്ടും ചോദിച്ചു ഇയാൾക്കിതെങ്ങനെ കഴിയുന്നു? അസ്വസ്ഥതകൾ ആത്മസംഘർഷമുണ്ടാക്കിയെ ങ്കിലും ഒന്നും ഉപേക്ഷിക്കാൻ അയാൾ ഒരുക്കമായി രുന്നില്ല. സിക്കമൂർ മരം ചില്ലകൾ താഴ്ത്തി സങ്കടപൂർവം ഇലകൾ പൊഴിച്ചു.

സക്കേവൂസിന്റെ അനുദിനയാത്രയിൽ സിക്കമൂർ മരം സ്ഥിരം കാഴ്ചക്കാരനായി. സിക്കമൂർ മരത്തണലിൽ ഇരുന്ന് സക്കേവൂസ് ഈശോയെ ധ്യാനിക്കും. പല ദിനങ്ങളായി കേട്ട ഈശോയുടെ തിരുവചനത്തെക്കുറിച്ച് സിക്കമൂർ മരത്തോട് പറയും. ഇലകളനക്കി മരം സന്തോഷം പ്രകടിപ്പി ക്കും. ഇതൊരു സ്ഥിരംപ്രക്രിയയായ്... ഒരു ദിവസം സിക്കമൂർ മരം സക്കേവൂസിനെ കാണാതെ വിഷമിച്ചു. പിറ്റേ ദിവസവും കണ്ടില്ല കാത്തിരുന്നു. ഒടുവിൽ ഒരുദിവസം വന്നെത്തി സക്കേവൂസ് ദുഃഖിതനായിരുന്നു എന്തേ എന്നു ചോദിക്കണം എന്നുണ്ട് എന്നിട്ടും ഒന്നും പറയാതെ സിക്കമൂർ മരം മൗനത്തിലാഴ്ന്നു. നിശബ്ദനായി സക്കേവൂ സിന്റെ ദുഃഖത്തിൽ പങ്കുചേർന്നു. സക്കേവൂസ് പറഞ്ഞു തുടങ്ങി ഒരു നനുത്ത പ്രഭാതത്തിൽ തന്നെ നെഞ്ചോട് ചേർത്തുവെച്ച് ഒരു തണുത്ത രാത്രിയിൽ അവനെ വിട്ടോടിക്കളഞ്ഞു. ഈശോ യുടെ കൂട്ടുകാരും ശിഷ്യന്മാരുമെല്ലാം അവനെ ഉപേക്ഷിച്ചു. കാൽവരിയിലേക്ക് കുരിശു ചുമന്ന് പോകുന്ന ക്രിസ്തുവിനെ ഞാൻ കണ്ടു.... ആ കുരിശിന്റെ വഴിയിൽ അവൻ എന്നെ നോക്കി. ഭയം, ഭയം കാരണം എനിക്ക് അവനോട് ചേർന്ന് നടക്കാനായില്ല. പക്ഷേ അവൻ എന്നെ കുറ്റപ്പെടു ത്തിയില്ല. എന്നെ ആശ്വസിപ്പിക്കുംവിധം നോക്കി അത് അവനെ കാൽവരി വരെ അനുയാത്ര ചെയ്യുവാൻ എനിക്കുറപ്പേകി. യോഹന്നാനും അവന്റെ അമ്മ മേരിയും കുരിശിന് താഴെനിന്ന് കരയുന്നുണ്ടായിരുന്നു. അവരോടൊന്നും പറയുവാൻ എനിക്ക് കഴിഞ്ഞില്ല. എങ്കിലും അവരോടൊപ്പം അകലെ നിന്ന് ഞാനും വേദനി ച്ചു. സങ്കടം സഹിക്കവയ്യാതായപ്പോഴാണ് ഞാനിങ്ങോട്ട് ഓടിപോന്നത്. സിക്കമൂർമരം ചില്ലകൾ താഴ്ത്തി ഇലപൊഴിച്ച് അവനോടൊപ്പം ദുഃഖിച്ചു.

സിക്കമൂർ മരത്തണലിൽ ഇരുന്ന് സക്കേ വൂസ് ആശ്വാസപൂർവം പറഞ്ഞു എനിക്ക് പരമാനന്ദം നൽകിയ എന്റെ ഈശോ... അവന്റെ സ്നേഹത്തി നതിരില്ല. അവന്റെ വചന പ്രഘോഷണങ്ങളിൽ ഉദ്ബോധിപ്പിച്ചതുപോലെ നിത്യമായ രക്ഷനല്കാൻ അവൻ വീണ്ടും വരും. ഉയിർപ്പിന്റെ രഹസ്യം ഈശോ സക്കേവൂസിനോട് പറഞ്ഞിരുന്നു. സിക്കമൂർ മരത്തണലിൽ ഇരുന്ന് സക്കേവൂസ് ക്രൂശിതനെ സ്നേഹിച്ചു, മിഴിപൂട്ടി ധ്യാനിച്ചു.



# വചനവെളിച്ചം

ബ്രദർ. മാർട്ടിൻ കാച്ചപ്പിള്ളി ഒ.സി.ഡി.

### ആണ്ടുവട്ടത്തിലെ രണ്ടാം ഞായർ

(1 സാമു 3; 36-10,19. 1 കൊറി 6: 13.സി.–15 എ, 17–20, യോഹ1: 35-42)

യോഹന്നാന്റെ സുവിശേഷത്തിലെ അടയാളങ്ങളുടെ പുസ്തകം 1:19–12:50 ആണ്. അടയാളങ്ങളെന്നു വിളിക്കപ്പെടുന്ന അത്ഭുതങ്ങൾ ആരംഭിക്കുന്നത് 2; 11 ലാണു അതിനുമുമ്പ് യോഹന്നാൻ യേശുവിന് സാക്ഷ്യം വഹിക്കുന്നതും(1: 29–34) യേശുവിന്റെ ശിഷ്യഗണം രൂപപ്പെടുന്നതുമാണ് വിവരിച്ചിരിക്കുന്നത്(1:35–4). ദൈവത്തിന്റെ കുഞ്ഞാടായി യേശുവിനെ ചൂണ്ടിക്കാട്ടുമ്പോൾ അന്ത്രയോസും കൂട്ടുകാരനും യേശുവിന്റെ പുറകെ പോകുന്നു. അവരോട് യേശു ചോദിക്കുന്നത്, നിങ്ങൾ എന്ത് അന്വേഷിക്കുന്നു എന്നാണ്. സ്നാപകനിൽ നിന്ന് യേശുവിലേക്കുള്ള ദൂരമാണ് അവരുടെ അന്വേഷണത്തിന്റെ വളർച്ച. അതായത് കൂടുതൽ മികവേറിയതിലേക്കായിരുന്നു അവരുടെ അന്വേഷണം. അതുകൊണ്ടാണ് അവർക്ക് ക്രിസ്തു വിലെത്താനായത്. കൂടുതൽ മെച്ചപ്പെട്ടത് അന്വേഷി ക്കുകയും കൂടുതൽ മികവിനായി പരിശ്രമിക്കുകയും ചെയ്യുകയാണ് ക്രിസ്തുവിൽ എത്തിച്ചേരാനുള്ള വഴി. നിന്റെ ജീവിതവും സാഹചര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്താൻ നീ അനുദിനം പരിശ്രമിക്കണം. എങ്കിലേ നിന്റെ ജീവിതം ക്രിസ്തുവിൽ എത്തിച്ചേ രുകയുള്ളു.

യോഹന്നാൻ ശിഷ്യരെ ക്രിസ്തുവിന്റെ അടുത്തേക്ക് പറഞ്ഞയക്കുന്നു. അന്ത്രേയോസ് ശിമയോനെ ക്രിസ്തുവിന്റെ അടുത്തേക്ക് കൂട്ടിക്കൊ ണ്ടുവരുന്നു. നിന്റെ കൂടെയുള്ളയാളെ ക്രിസ്തുവിന്റെ അടുത്തെത്തിക്കുകയാണ് നിന്റെ ജീവിതധർമ്മം. അതിനുള്ള ആദ്യപടി നീ തന്നെ ക്രിസ്തുവിന്റെ അടുത്തെത്തുകയും അവനെ അറിയുകയും ചെയ്യുക എന്നതാണ്. ക്രിസ്തുവിന്റെ അടുത്ത്, അവന്റെ കൂടെ വസിക്കുന്നവന് മാത്രമേ അവനെ അറിയാൻ സാധിക്കുകയുള്ളു. അതിനാൽ അവബോധത്തിൽ ജീവിക്കുമ്പോൾ നീ അവന്റെ കൂടെയാകും. അനുദിനം, അനുനിമിഷം നീ തിരിച്ചറിയേണ്ട തുടർ സാനിധ്യമാണ് നിന്റെ കൂടെയുള്ള ക്രിസ്തു സാനിധ്യം.

### ആണ്ടുവട്ടത്തിലെ മൂന്നാം ഞായർ

(യോന.3:15,10, 1 കൊറി. 7:29–31, മർക്കോ 1: 14–20)

നസ്രത്തിലെ യേശുവിനെ ദൈവം സ്വന്തം പുത്രനും കർത്താവുമായി അയക്കുന്നതാണ് സുവിശേഷത്തിന്റെ ആരംഭത്തിൽ വിവരിക്കു

ന്നത്. അങ്ങനെ ദൈവത്താൽ അയക്കപ്പെടുന്ന യേശു തന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ് പിന്നീട് വിവരിക്കപ്പെടുന്നത്. യേശുവിന്റെ ദൗത്യാരംഭമാണ ്ഇന്നത്തെ സുവിശേഷഭാഗം. യോഹന്നാൻ ബന്ധനസ്ഥനായപ്പോഴാണ് യേശു പ്രവർത്തനം ആരംഭിക്കുന്നത്. മറ്റു പലരും അവസാനിപ്പിച്ചിടത്തു നിന്നുമാണ് പലപ്പോഴും നിനക്ക് ആരംഭിക്കേണ്ടി വരുന്നത്. ദൈവിക പദ്ധതിയിലെ ഒരു കണ്ണി മാത്രമാണ് നീയെന്ന തിരിച്ചറിവ് നിനക്കുണ്ടായിരിക്കണം. അപ്പോഴാണ് പൂർവ്വീകരിൽ നിന്ന് നന്ദിയോടെ സ്വീകരിക്കാനും അനുഗ്രഹാശംസയോടെ പിൻ തലമുറക്ക് കൈമാറാനും നിനക്ക് സാധിക്കുന്നത്. അങ്ങനെയാണ് ദൈവിക പദ്ധതിയുടെ ഭാഗമായി മാറാൻ നിനക്കാകുന്നത്.

മീൻ പിടിച്ചിരുന്നവർക്ക് യേശു കൊടുക്കുന്ന വാഗ്ദാനം അവരെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നാണ്. യേശുവിനെ കൂടെ കൂട്ടിയാൽ സംഭവിക്കുന്ന മാറ്റമിതാണ്. അതിനുമുമ്പ് ഉപജീവനത്തിനായി നീ മീൻ പിടിച്ചുകൊണ്ടിരിക്കുന്നവനായിരിക്കും. എന്നാൽ യേശുവിന്റെ കൂടെയായിക്കഴിഞ്ഞാൽ നിന്റെ 'Priorities' മാറിമറിയും. വെറും ഉപജീവനത്തിനുള്ള മീൻ പിടുത്തമെല്ലാം ഉപേക്ഷിച്ച് മനുഷ്യരെ പിടിക്കുന്ന മഹത്തായ കാര്യങ്ങളിലാകും നിന്റെ ശ്രദ്ധ ഇതാണ് വ്യത്യാസം. ഒറ്റയ്ക്ക് നീ വെറുമൊരു മീൻകാരൻ. യേശുവിന്റെ കൂടെ കൂടിയാലോ മനുഷ്യ ഹൃദയങ്ങളെ സ്വാധീനിക്കുന്ന അവരെ സ്വന്തമാക്കുന്ന ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന മനുഷ്യപിടുത്തക്കാരനായി മാറാൻ പറ്റും.


ശിഷ്യരോട് യേശു പറയുന്നത്, എന്നെ അനുഗമിക്കുക എന്നാണ്. അതായത് യേശുവിന്റെ കൂടെ നടക്കുക എന്ന്. അഥവാ അവന്റെ പിറകെ നടക്കുക. ഇതാണ് ഒരു ക്രിസ്ത്യാനിയുടെ ധർമം- യേശുവിന്റെ കൂടെ നടന്നുപോകുക. അവൻ കൂടെയുണ്ടെന്നുള്ള അവബോധത്തോടെ നടന്നു നീങ്ങുക. ബാക്കിയെല്ലാം താനേ വന്നുസംഭവിച്ചു കൊള്ളും. അതിനാൽ നിന്റെ ഈ അടിസ്ഥാന ധർമ്മം നീ മറക്കാതിരിക്കുക- യേശുവിന്റെ കൂടെ നടന്നു നീങ്ങുക.

## ആണ്ടുവട്ടത്തിലെ നാലാം ഞായർ

(നിയമാ 18:15-20, 1 കോറി 7:32-35, മർക്കോ 1:21-28)

ദൈവം യേശുവിനെ അയക്കുന്നു; അവൻ ദൈവത്തിന്റെ പുത്രനാണ്. അങ്ങനെ ദൈവത്താൽ അയക്കപ്പെട്ട യേശുവിന്റ വാക്കും പ്രവർത്തനവും വഴി ദൈവത്തിന്റെ ഭരണം (ദൈവരാജ്യം) യാഥാർത്ഥ്യമാക്കുവാനായി അദ്ധ്വാനിക്കുന്നതിൽ ഒരർത്ഥമുണ്ട്. പിതാവിന്റെ ഭരണം നടപ്പിൽ വരുത്താനായി പുത്രൻ അദ്ധ്വാനിക്കുന്നു. സിനഗോഗിന്റെ അകത്താണ് അശുദ്ധാത്മാവ് ബാധിച്ചവർ ഇരിക്കുന്നത്. ദുഷ്ടാരൂപി എവിടെയും കയറിപ്പറ്റിയെന്നിരിക്കാം എന്നർത്ഥം. ഏറ്റം പരിശുദ്ധമായ സ്ഥലത്തുപോലും അവന്റെ സ്വാധീനം കടന്നുവരാം; ഏറ്റം പരിശുദ്ധനായ വ്യക്തിയിലും അവൻ ആവേശിച്ചെന്നിരിക്കാം. അതിനാൽ നീ ജാഗ്രത പാലിക്കുക. ദുഷ്ടാരൂപിയുടെ സ്വാധീനത്തിലാകാനുള്ള സാധ്യത ഒരിക്കലും നീ തള്ളിക്കളയരുത്. അങ്ങനെ പ്രതിരോധിക്കാനുള്ള ഏക മാർഗം യേശുവിനോട് ചേർന്ന് നില്ക്കുക എന്നതാണ്. അനുദിനം നീ ഉറപ്പു വരുത്തേണ്ടത് ഇതു മാത്രമാണ്. നീ യേശുവിന്റെ കൂടെയാണ്.

ദുഷ്ടാരൂപി പറയുന്നത് ശ്രദ്ധിക്കണം. നീ ആരാണെന്ന് എനിക്കറിയാം. ദൈവത്തിന്റെ പരിശുദ്ധൻ ഇത് വളരെ ശരിയായ അറിവാണ്. മാമ്മോദീസായുടെ സമയത്ത് ദൈവം തരുന്ന വെളിപാടിന്റെ അടുത്തു നിൽക്കുന്ന അറിവ്. യേശുവിന്റെ ശിഷ്യന്മാർക്കു പോലും ഇതുവരെ ഈ അറിവ് കരഗതമായിട്ടില്ലെന്നോർക്കണം. ദുഷ്ടാരൂപിക്ക് ശരിയായ അറിവുണ്ട്. എന്നിട്ടും അവൻ ദുഷ്ടാരൂപിയായി തന്നെ തുടരുന്നു. ഏറ്റവും ശരിയായ അറിവുപോലും നിന്നെ രക്ഷിക്കണമെന്നില്ല. ശരിയായ അറിവിന് അനുസരിച്ചുള്ള ജീവിതമാണ് ഒരുവനെ രക്ഷയിലേക്ക് നയിക്കുക. അതിനാൽ നിന്റെ ജീവിതത്തെ നിന്റെ അറിവുമായി തട്ടിച്ചു നോക്കുക. നിന്റെ പ്രവൃത്തികളെ നീ ഏറ്റുപറയുന്ന വിശ്വാസവുമായി ഇടക്കിടെ താരതമ്യം ചെയ്യുക. ജീവിതം മെച്ചപ്പെടുത്താനും രക്ഷയുടെ പാതയിലാകാനുമുള്ള മാർഗ്ഗമാണത്.


ആഗോള നിഷ്പാദുക കർമ്മലീത്താ സഭയുടെ (ഒ.സി.ഡി)
ദക്ഷിണകേരളാ പ്രൊവിൻസിലേക്ക് സ്വാഗതം
ജീവിതത്തിൽ സത്യത്തെ അന്വേഷിക്കുകയും
ഹൃദയപരമാർത്ഥതയും തുറന്ന മനസ്സുമുള്ള
ക്രൈസ്തവ വിശ്വാസിയായ യുവാവാണോ നിങ്ങൾ?
എങ്കിൽ ധീരമായ ഒരു ചുവടുകൂടെ മുന്നോട്ട് വച്ചുകൂടെ?
പ്രാർത്ഥനയിൽ ദൈവത്തെ പ്രാപിക്കുക.
സഹോദരർ ഏക മനസ്സായി ഒരുമിച്ചു വസിക്കുന്നത്
എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്
സങ്കീർത്തനം 113–1
ജ്ഞാനത്തിന്റെ മാർഗ്ഗത്തിൽ
ദൈവത്തെ അന്വേഷിക്കുക
അധ്വാനം നൽകുന്ന ആത്മസംതൃപ്തി
അത് പ്രാർത്ഥനയോളംതന്നെ
അനുഗ്രഹപ്രദമാണ്
Vocation Promoter :
Fr. Dennis Praveen OCD
St. Joseph's Provincial House, Kampivilla,
Kottiyam P.O., Kollam, Mob. 8086243588
കായിക വിനോദങ്ങളിൽ
നിങ്ങൾ തൽപ്പരനല്ലേ.

# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം:
# ദണ്ഡവിമോചനത്തിനു 15 മാർഗങ്ങൾ



**വി. യൗസേപ്പിതാവിന്റെ വർഷത്തിൽ (ഡിസംബർ 8, 2020 ഡിസംബർ 8, 2021) ദണ്ഡവിമോചനം നേടുന്നതിനുള്ള 15 മാർഗങ്ങൾ വത്തിക്കാൻ അപ്പസ്തോലിക് പെനിറ്റെൻഷ്യറി അറിയിച്ചു. കൗദാശികമായ കുമ്പസാരം, ദിവ്യകാരുണ്യ സ്വീകരണം, പാപ്പയുടെ നിയോഗങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന, അനുദിന ജോലികളെ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ സംരക്ഷണത്തിനു സമർപ്പിക്കൽ, കുടുംബാംഗങ്ങളോടൊത്തുള്ള ജപമാല എന്നിവയ്ക്കൊപ്പം ഈ പതിനഞ്ചു കാര്യങ്ങളിലേതെങ്കിലും ചെയ്യുന്നവർക്കാണു ദണ്ഡവിമോചനം പ്രഖ്യാപിച്ചിട്ടുള്ളത്.**

1) വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള വിചിന്തനം ഉൾക്കൊള്ളുന്ന ഏകദിന ധ്യാനത്തിൽ സംബന്ധിക്കുക.
2) തൊഴിൽ രഹിതർക്കു അന്തസുള്ളതൊഴിൽ ലഭിക്കുന്നതിനു വി.യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥത്തിനായി പ്രാർത്ഥിക്കുക.
3) മർദ്ദനം നേരിടുന്ന ക്രൈസ്തവർക്കായി വി. യൗസേപ്പിതാവിന്റെ ലുത്തിനിയ ചൊല്ലുക.
4) അനുദിന ജോലി തൊഴിലാളിയായ വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിനു സമർപ്പിക്കുക.
5) വി. യൗസേപ്പിതാവിന്റെ മാതൃക പിന്തുടർന്ന ഒരു ശാരീരിക കാരുണ്യപ്രവൃത്തി ചെയ്യുക. വിശക്കുന്നവർക്ക് ആഹാരം, ദാഹിക്കുന്നവർക്കു കുടിവെള്ളം, നഗ്നർക്കു വസ്ത്രം, ഭവനരഹിതർക്കു അഭയം, തടവു പുള്ളികളെ സന്ദർശിക്കൽ, രോഗീ സന്ദർശനം, മരിച്ചവരെ അടക്കൽ തുടങ്ങിയവയാണ് കാരുണ്യ പ്രവൃത്തികൾ.
6) ഒരു ആത്മീയ കാരുണ്യ പ്രവൃത്തി ചെയ്യുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, സന്ദേഹികൾക്ക് ഉപദേശം നൽകുക, അറിവില്ലാത്തവരെ പഠിപ്പിക്കുക, ക്ഷമിക്കുക, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുക തുടങ്ങിയവയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.
7) കുടുംബാംഗങ്ങൾക്കൊപ്പം ജപമാല ചൊല്ലുക.
8) വിവാഹനിശ്ചയം ചെയ്തവർക്കും ഒരുമിച്ചു ജപമാല ചൊല്ലിയാൽ ദണ്ഡവിമോചനം ലഭിക്കും.
9) 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയെക്കുറിച്ച് ചുരുങ്ങിയത് അരമണിക്കൂർ ധ്യാനിക്കുക.
10) വി. യൗസേപ്പിതാവിന്റെ ഞായറാഴ്ച (ക്രിസ്മസിനു ശേഷമുള്ള ഞായർ) വി. യൗസേപ്പിതാവിനോടുള്ള ഏതെങ്കിലും അംഗീകൃത പ്രാർത്ഥന ചൊല്ലുക.
11) മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുക.
12) ഏതു മാസത്തിലേയും 19-ാം തീയതി വി. യൗസേപ്പിതാവിനോടുള്ള അംഗീകൃത പ്രാർത്ഥന ചൊല്ലുക.
13) ഒരു ബുധനാഴ്ച വി. യൗസേപ്പിതാവിനോടുള്ള ആദരസൂചകമായി ഒരു ഭക്തകൃത്യം അനുഷ്ഠിക്കുകയോ പ്രാർത്ഥന ചൊല്ലുകയോ ചെയ്യുക.
14) തിരുക്കുടുംബ തിരുനാളായ ഡിസംബർ 29 ന് വി. യൗസേപ്പിതാവിനോട് പ്രാർത്ഥിക്കുക.
15) മെയ് 1 ന് തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ ഒരു ഭക്തകൃത്യമോ പ്രാർത്ഥനയോ സഹിതം ആഘോഷിക്കുക.